ഹെർമ്മോൻ ദൂതൻ
അടൂർ ഭദ്രാസന ത്രൈമാസിക
ഒക്ടോബർ - ഡിസംബർ 2011



**ചീഫ് എഡിറ്റർ**
വെരി.റവ. ഡോ. പി.പി. ഏബ്രഹാം

**എഡിറ്റർ**
റവ. ഷോജി വർഗ്ഗീസ്

**മാനേജർ**
റവ. സിബു പള്ളിച്ചിറ

**കൺവീനർ**
ശ്രീ. ജിനു. പി. മാത്യൂ

**കമ്മിറ്റി അംഗങ്ങൾ**
റവ. അലക്സാണ്ടർ തോമസ്
ശ്രീ. ജേക്കബ് ജോർജ്ജ്

**വിലാസം** :
**എഡിറ്റർ,**
**ഹെർമ്മോൻ ദൂതൻ,**
**ഹെർമ്മോൻ, അടൂർ – 691523**
Ph : 04734 228240
hermondoothan@gmail.com
www.adoordiocese.org

വാർഷിക വരിസംഖ്യ - ₹ 60
ദ്വൈവാർഷികം - ₹ 100

# ഉള്ളടക്കം

**ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും**

**ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ**

**എഡിറ്റോറിയൽ**

**പ്രതികരണം**

**നവീകരണവും ചരിത്രവും.......................................................................09**

മലങ്കര നസ്രാണിസഭയിലുണ്ടായ നവീകരണത്തിന്റെ പ്രാദേശികവും വ്യാപകവുമായ ആവിഷ്കാരം നവീകരിക്കപ്പെട്ട സമൂഹത്തിന്റെയും നവീകരണ പ്രസരം ഏറ്റുവാങ്ങിയ കേരളത്തിലെ മറ്റുപുരാതന സഭാരൂപങ്ങളുടെയും പൊതുസമൂഹത്തിന്റെയും പശ്ചാത്തലമുൾകൊണ്ട് പുനപരിശോധിക്കുകയാണ് കലയപുരം മാർത്തോമാ ഇടവക വികാരിയും മികച്ച ചരിത്ര അദ്ധ്യാപകനുമായ റവ. എ. റ്റി. ഫിലിപ്പ്.

**ഐക്യത്തിന്റെ തീച്ചൂളയിൽ .......................................................................13**

സി. എസ്. ഐ - സി. എൻ. ഐ - മാർത്തോമാ സഭകളുടെ ഐക്യവേദിയായ കമ്മ്യൂണ്യൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെ രൂപപ്പെടലും അതിന്റെ ലക്ഷ്യവും വിശകലനം ചെയ്യുകയാണ് ഡിപ്പാർട്ട്മെന്റ് ഓഫ് ഐക്യുമെനിക്കൽ റിലേഷൻസ് ആന്റ് ഇക്കോളജിക്കൽ കൺസേൺസ് ഡയറക്ടറും സി. എസ്. ഐ സഭയിലെ വൈദികനുമായ റവ. വിജി വർഗ്ഗീസ് ഈപ്പൻ.

**ക്രിസ്തീയ വിദ്യാഭ്യാസം : ഒരു വീണ്ടുവിചാരം.............................................16**

കളിപ്പാട്ടങ്ങളിൽ നിന്ന് കലാലയങ്ങളിലേക്കും കലുഷിത ഭൂമിയിലേക്കും സഞ്ചരിക്കുന്ന മനുഷ്യന്റെ സാമൂഹ്യവൽകരണ പ്രക്രിയയിൽ ക്രിസ്തീയ വിദ്യാഭ്യാസം നിർണ്ണായകമാകുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുകയാണ് മാർത്തോമാ സണ്ടേസ്കൂൾ സമാജം ജനറൽ സെക്രട്ടറി റവ. നൈനു ചാണ്ടി.

**യുവതലമുറക്കാരുടെ പ്രശ്നങ്ങളും, പരിഹാരം കാണേണ്ട മാതാപിതാക്കളും അദ്ധ്യാപകരും.................................................................19**

വൈരുദ്ധ്യങ്ങളുടെ കൗമാരകാലം മക്കൾക്കും മാതാപിതാക്കൾക്കും സംഘർഷകാലമാകുമ്പോൾ ഓർത്തുവെക്കേണ്ട ചില കാര്യങ്ങൾ മാതൃത്വത്തിന്റേയും അദ്ധ്യാപനത്തിന്റെയും അനുഭവ പാഠങ്ങളിൽ വിവരിക്കുകയാണ് പത്തനംതിട്ട മാർത്തോമാ ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപികയും യശഃശരീരനായ ദിവ്യശ്രീ. ജോർജ്ജ്. കെ. ഡാനിയേൽ കശ്ശീശായുടെ സഹധർമ്മിണിയുമായ ശ്രീമതി. അനുകുര്യൻ.

**നൈൽ നദിയിലെ ഞാങ്ങണപ്പെട്ടകം.........................................................22**

ജീവിതത്തിന്റെ നല്ലൊരു പങ്കും മക്കൾക്കായി അദ്ധ്വാനിച്ചു തീർക്കുകയും അവശേഷിക്കുന്ന ഭാഗം അവരെയോർത്ത് കുണ്ഠിതപ്പെടുകയും ചെയ്യുന്നവരുടെ ലോകത്ത് മക്കൾ ദൈവം നൽകുന്ന ദാനം എന്ന ആത്മീയ സത്യം ഓർമ്മിപ്പിക്കുയാണ് അടൂർ ഭദ്രാസന എപ്പിസ്കോപ്പയുടെ സെക്രട്ടറിയും ഫാമിലി കൗൺസിലറുമായ റവ.സിബു പള്ളിച്ചിറ.

**ഉപ്പുകുഴി മിഷൻ കേന്ദ്രം...................................................................25**

ദൈവകൃപയിൽ ശരണപ്പെട്ട ചെറിയ തുടക്കങ്ങളെ ദൈവം മാനിച്ച് അത്ഭുതങ്ങളാക്കി വളർത്തുന്നതിന്റെ ഉത്തമ ഉദാഹരണമായ ഉപ്പുകുഴി മിഷൻ കേന്ദ്രത്തെ റവ. സനിൽ അലക്സാണ്ടർ പരിചയപ്പെടുത്തുന്നു.


**Kids' Corner .......................................................................26**

**ക്രിസ്മസ് ചിന്തകൾ.......................................................................29**

**വാർത്തകൾ.......................................................................30**

**അയാമിൻയു.......................................................................32**

# ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും...



"അതു നിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടു കുത്തുന്നു." (എഫെ.3:14)

വിശുദ്ധ പൗലോസ് അപ്പോസ്തലൻ എഫെസോസിലെ സഭക്ക് നൽകുന്ന പ്രബോധനം എത്ര അന്വർത്ഥമാണ്. സൃഷ്ടി മുതൽ ആരംഭിച്ച ഈ കൂട്ടായ്മ സംഘത്തിനാണ് കുടുംബം എന്നു പറയുക. ഉല്പത്തി പുസ്തകത്തിൽ സൃഷ്ടി വിവരണത്തിൽ എടുത്തു പറയുന്ന ഒരു സംഗതി, 'ദൈവം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നതാണ്. (ഉല്പ:1:27) ആദ്യം ആരെ സൃഷ്ടിച്ചു എന്നതിനേക്കാൾ ആദാമിൽ തന്നെ ഹൗവ്വ ഉണ്ടായിരുന്നു എന്നതാണ് മറ്റൊരു ഭാഷ്യം. ഈ കൂട്ടായ്മയിലാണ് കുട്ടികൾ ജനിക്കുന്നത്. അതും ദൈവത്തിന്റെ ദാനം. നാം സൃഷ്ടിതാവിനെ മനസിലാക്കുന്നത് ഈ സമൂഹത്തിലാണ്. നാം അതിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന് കൊലോസ്യ ലേഖനം നമ്മെ പഠിപ്പിക്കുന്നു. ഈ കൂട്ടായ്മാ ബന്ധം അറ്റുപോകുന്നതാണ് ഏറ്റവും ദുഃഖകരമായ സംഗതി. കുടുംബാംഗങ്ങൾ തമ്മിൽ മാത്രമല്ല ദൈവത്തിന്റെ സകല സൃഷ്ടിയോടുമുള്ള ബന്ധത്തിൽ കഴിയുവാനാണ് സൃഷ്ടിതാവ് ആഗ്രഹിക്കുന്നത്. ഒക്ടോബർമാസം നാം കുടുംബവാരവും കുടുംബ ഞായറും ആചരിക്കുന്നു. ഈ കാര്യം സഭാവിശ്വാസികളെതെര്യപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഇത്തരം ആഘോഷങ്ങൾ. കുടുംബജീവിതം ആഘോഷിക്കുന്നതിന് വേണ്ടിയുള്ളതാണ്. കുടുംബം സ്വർഗ്ഗത്തിന്റെ ഒരു പതിപ്പായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഇതിന്റെ തുടർച്ചയാകാം നിത്യതയിലുള്ള നമ്മുടെ സഹവാസം. കുടുംബ ഭദ്രതയെ തകർക്കുന്ന എല്ലാറ്റിനേയും നാം എതിർക്കണം. ദൈവം കേന്ദ്രമായി കുടുംബത്തെ മെനയുന്നതിന് നമുക്ക് ഒരുങ്ങാം. ഉറപ്പുള്ള കുടുംബങ്ങളാണ് സമൂഹത്തിന് ബലം. ദൈവ ഭക്തിയും ദൈവഭയവും ദൈവ സ്നേഹവും നമ്മെ മനുഷ്യ നന്മയിലേക്കും രാഷ്ട്രനിർമ്മിതിയിലേക്കും നയിക്കും.

ദൈവത്തെ കൂടാതെ ബാബേൽ കോട്ട പണിതവരെപ്പോലെ സ്വയം വലുതാകാനും പ്രബലപ്പെടുവാനും പരിശ്രമിച്ചാൽ അതിന്റെ ഫലമായ വീഴ്ചയും ചിതറപ്പെടലും നമുക്കും വന്നു ഭവിക്കാം. നല്ല ഒരു കൊച്ചായുസ്സ് ദൈവം നമുക്ക് ദാനമായി തന്നിരിക്കുന്നു. എല്ലാം ദൈവത്തിന്റെ ദാനം. ജന്മ ഗൃഹവും ജന്മദേശവും, ജനിക്കാൻ ഒരു കാലവും വളരാൻ ഒരു മുഖാന്തിരവും.

തകരുന്ന കുടുംബങ്ങൾ നമുക്ക് ചുറ്റും ധാരാളം. സ്നേഹം കിട്ടാത്ത മക്കൾ അനേകർ. സ്വയം വളരാൻ ആഗ്രഹിക്കുന്ന ഭാര്യാ-ഭർത്താക്കന്മാർ നിരവധി. ഇവരെയെല്ലാം ഏകീ

ഭവിക്കുവാൻ ദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായ നമ്മുടെ കുടുംബ സങ്കല്പങ്ങൾക്ക് സാധ്യമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഒക്ടോബർ മാസത്തിൽ തന്നെയാണ് നാം സന്നദ്ധസുവിശേഷക സംഘവാരവും യുവജനവാരവും കൊണ്ടാടുന്നത്. നമ്മുടെ യുവജനസഖ്യം ശാഖകൾ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. യൗവ്വനക്കാരായ മക്കൾ എല്ലാവരും ചേർന്ന് സഭയെക്കുറിച്ചും വേദത്തെക്കുറിച്ചും പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം. സന്നദ്ധ സുവിശേഷക സംഘത്തിന്റെ ഏഴിന പരിപാടികൾ ഇടവക തലത്തിൽ നടപ്പാക്കുന്നതിന് ഉത്സാഹിക്കണം. നമ്മുടെ ഭദ്രാസനത്തിൽ ഇപ്പോൾ നടന്നു വരുന്ന അത്മായ പരിശീലന പരിപാടിയിൽ ഇടവകയിലെ ആത്മായ നേതാക്കളും സന്നദ്ധ സംഘം ചുമതലക്കാരും ക്രമമായിവന്ന് സംബന്ധിക്കണം. ഔദ്യോഗിക രംഗങ്ങളിൽ നിന്നും വിരമിച്ചവരും ഇത് ഒരു നല്ല അവസരമായിക്കണ്ട് പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

ദൈവകൃപയാൽ നമുക്ക് മൂന്ന് സഭാ മേലധ്യേക്ഷന്മാരെ കൂടി ദൈവം തെരഞ്ഞെടുത്ത് തന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. ആദ്യമായാണ് മാർത്തോമാ സഭക്ക് പതിമൂന്ന് മേലദ്ധ്യക്ഷന്മാർ ഉള്ള ഒരു കാലം ദൈവം നൽകിയിരുന്നത്. ഈ പ്രിയ പിതാക്കന്മാരുടെ ശുശ്രൂഷ അനുഗ്രഹ പ്രദമാകുന്നതിന് നിങ്ങളും പ്രാർത്ഥിക്കണം.

നവംബർ മാസം സണ്ടേസ്കൂൾ കുട്ടികളെ ഓർത്തു പ്രാർത്ഥിക്കുന്ന കാലമാണല്ലോ. നമ്മുടെ കുട്ടികൾ എല്ലാവരും സണ്ടേസ്കൂൾ പഠനം നടത്തിയിരിക്കണം. ഇതിനായി മാതാപിതാക്കളും അദ്ധ്യാപകരും ശ്രദ്ധിക്കണം. കുട്ടികൾ സഭയുടെ സമ്പത്താണ്. അവരിലാണ് സഭയുടെ ഭാവി എന്നതും ഓർക്കണം. എല്ലാ ഇടവകയിലും ബാലസമാജം രൂപീകരിച്ച് പ്രവർത്തിക്കണം. കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിന് ഇത് പ്രയോജനപ്രദമാണ്. ആരാധനകളിലും കുട്ടികളുടെ പ്രാധിനിത്യവും പങ്കാളിത്തവും ഉണ്ടെന്ന് അച്ചന്മാർ ഉറപ്പ് വരുത്തണം.

ലോകത്തിന് ദൈവത്തിന്റെ വലിയ സമ്മാനമാണ് ക്രിസ്മസ്. 'നിങ്ങൾക്കിതാ ഒരു രക്ഷകൻ ' എന്ന സന്ദേശം അന്നും ഇന്നും എന്നും നമ്മെ കോരിത്തരിപ്പിക്കുന്നതാണ്. ഈ സദ്വർത്തമാനം ലോകത്തോടു പറയാൻ സഭയായി നാം കടപ്പെട്ടിരിക്കുന്നു. പാപത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷിക്കുന്ന ഈ രക്ഷകനെത്തേടി സമൂഹം അലയുമ്പോൾ നമുക്ക് ഒരു വലിയ കടമയും കടപ്പാടുമുണ്ട്. ഈ നവീകരണവാർഷിക കാലയളവിൽ വചനം ജഡമായി തീർന്ന രക്ഷകനായ യേശുവിനെ കൂടുതൽ അനുഭവിച്ച് അറിയുന്നതിനും പങ്കുവെക്കുന്നതിനും നമുക്ക് കഴിയണം. അതിലുള്ള അലസതയും അശ്രദ്ധയും നാം അകറ്റികളയണം.

എല്ലാവർക്കും സന്തോഷമുള്ള ഒരു ക്രിസ്മസ് ആശംസിക്കുന്നു. ഭദ്രാസനത്തിൽ അടയ്ക്കാനുള്ള തുകകൾ വർഷാവസാനത്തിനു മുമ്പ് ഭദ്രസന ആഫീസിൽ അടയ്ക്കുന്നതിന് ചുമതലക്കാർ ഉത്സാഹിക്കണം.

കർത്താവ് അനുഗ്രഹിക്കട്ടെ.

അടൂർ
14.09.2011

**മാർ ബർന്നബാസ് എപ്പിസ്കോപ്പാ.**

## ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ

**അനുമോദനങ്ങൾ** : മലങ്കര സഭയിലെ നവീകരണത്തിന്റെ ജൂബിലി വർഷത്തിൽ സ്ഥാനാഭിഷിക്തരായ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ്, ഗ്രിഗോറിയോസ് മാർ സ്തേഫാനോസ്, ഡോ. തോമസ് മാർ തീത്തോസ് എന്നീ എപ്പിസ്കോപ്പാമാർക്ക് അടൂർ ഭദ്രാസനത്തിന്റെ അഭിവാദനങ്ങൾ.

**ഭദ്രാസന അസംബ്ളി** : നമ്മുടെ ഭദ്രാസനത്തിന്റെ 2010-2011-ലെ വാർഷിക പൊതുയോഗം 2011 ജൂലൈ 30-ാംതീയതി അനുഗ്രഹകരമായി നടന്നു. ഭദ്രാസനഭാരവാഹികളുടെയും കൗൺസിലംഗങ്ങളുടെയും തെരഞ്ഞെടുപ്പും ഇതോട് ചേർന്ന് നടന്നു. ഈ യോഗത്തിന്റെ സുഗമമായ നടത്തിപ്പിന് ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**നവഎപ്പിസ്ക്കോപ്പാമാർക്ക് സ്വീകരണം** : നവാഭിഷക്തരായ തിരുമേനിമാർക്ക് 2011 സെപ്റ്റംബർ 17-ാം തീയതി പകൽ 3 മണിക്ക് അടൂർ യൂത്ത് സെന്ററിൽ വച്ച് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഹൃദ്യവും പ്രൗഢഗംഭീരവുമായ സ്വീകരണം നൽകി. അന്നേദിവസം ഉച്ചയ്ക്ക് 2.30ന് അടൂർ ഈശോ മാർ തിമോഥെയോസ് ധ്യാനകേന്ദ്രത്തിൽ നവതിരുമേനിമാരെ ഹാരമണിയിച്ച് വാദ്യഘോഷങ്ങളുടെയും സ്ലീബാ, തുറന്നവേദപുസ്തകം, കത്തിച്ച മെഴുകുതിരി എന്നിവയുടെ അകമ്പടിയോടുകൂടി സഭാജനങ്ങൾ അഭിവന്ദ്യ ഭദ്രാസന എപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ സ്വീകരിച്ച് ഘോഷയാത്രയായി അടൂർ യൂത്ത് സെന്ററിലേക്ക് ആനയിച്ചു. ഭദ്രാസന എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രോപ്പോലീത്താ തിരുമേനി ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ, ശ്രീ. ചിറ്റയം ഗോപകുമാർ MLA, ശ്രീ. ഉമ്മൻ തോമസ് (നഗരസഭാ ചെയർമാൻ), ശ്രീ. വർഗ്ഗീസ് തരകൻ എന്നിവരുടെ ആശംസാപ്രസംഗങ്ങളും നവതിരുമേനിമാരുടെ മറുപടി പ്രസംഗങ്ങളും നടന്നു. വന്ദ്യ ദിവ്യശ്രീ. ഡോ. പി.പി. ഏബ്രഹാം കശ്ശീശ്ശായുടെ നേതൃത്വത്തിൽ വിപുലമായ ഒരു കമ്മിറ്റി ഇതിന്റെ ക്രമീകരണങ്ങൾ ചെയ്തു. അനുഗ്രഹകരമായ നടത്തിപ്പിന്റെ പിന്നിൽ പ്രവർത്തിച്ച ഏവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ.

**ശാന്തിഭവനം** : വവ്വാക്കാവ് ശ്രീ. സദാശിവകാരണവർ സഭയ്ക്ക് ദാനമായി നൽകിയ സ്ഥലവും കെട്ടിടവും മാർത്തോമ്മാ ശാന്തിഭവനം എന്ന പേരിൽ വൃദ്ധസദനമായി ഉപയോഗിക്കുവാൻ തീരുമാനിച്ചു. 2011 ഒക്ടോബർ 2-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി കൂദാശാ കർമ്മം നിർവ്വഹിക്കും. അനുബന്ധിച്ച് നടക്കുന്ന യോഗത്തിൽ സഭാ-സാമൂഹ്യ നേതാക്കൾ പങ്കെടുക്കും. ഏവർക്കും സ്വാഗതം.

**ചുമതലക്കാരുടെ സമ്മേളനം** : ഇടവക ട്രസ്റ്റിമാരുടെ ഒരു യോഗം ഒക്ടോബർ 8-ാം തീയതി പകൽ 4 മണിക്ക് അടൂർ കൺവൻഷൻ നഗറിൽ വച്ച് അഭിവന്ദ്യ ഭദ്രാസന എപ്പിസ്ക്കോപ്പയുടെ അദ്ധ്യക്ഷതയിൽ ചേരുന്നു. ട്രസ്റ്റിമാർ അതത് ഇടവകയിൽ നിന്നു ഭദ്രാസനത്തിലേക്ക് അടയ്ക്കേണ്ട തുകയും കുടിശ്ശികയും നവതിരുമേനിമാരുടെ സ്വീകരണസമ്മേളനത്തിന്റെ വിഹിതവും സ്നേഹകരം പ്രോജക്ടിന്റെ വിഹിതവും അന്നേദിവസം കൊണ്ടുവരേണ്ടതാണ്.

**ഭദ്രാസന ഞായർ** : ഭദ്രാസന സണ്ടേകളക്ഷൻ നവംബർ മാസത്തിന്റെ അവസാന ആഴ്ചകളിൽ ക്രമീകരിച്ചിരിക്കുന്നു. ധനശേഖരണത്തിന് നിയോഗിക്കപ്പെടുന്നവർ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് ധനശേഖരണം നടത്തേണ്ടതാണ്. ബഹു. വികാരി അച്ചന്മാർ ഈ ഭവന സന്ദർശനത്തിന് വേണ്ട മുൻകൂർ ക്രമീകരണങ്ങൾ ചെയ്യുമെന്ന് വിശ്വസിക്കുന്നു.

**ഗുരുകുലം** : ഗുരുകുലം പ്രോജക്ടിനുവേണ്ടി അടൂർ മണക്കാലയിൽ ദിവംഗതനായ സി. ചെറിയാൻ അച്ചന്റെ കുടുംബാംഗങ്ങൾ നൽകിയ സ്ഥലത്ത് കെട്ടിടം പണി ഒക്ടോബർ 25-ാം തീയതി രാവിലെ പ്രാർത്ഥനയോടെ ആരംഭിച്ചു. അഭിവന്ദ്യ ഭദ്രാസന എപ്പിസ്ക്കോപ്പാ ഇതിന് നേതൃത്വം വഹിച്ചു. ബഹു. ഐസക് മാത്യു അച്ചന്റെ ശിക്ഷണത്തിൽ 16 കുട്ടികൾ ഈ സ്ഥാപനത്തിൽ താമസിച്ച് പഠിക്കുന്നു. ഈ ശ്രേഷ്ഠ പദ്ധതിക്ക് ദർശനവും കരുത്തും നൽകുന്ന ഭദ്രാസന എപ്പിസ്ക്കോപ്പായ്ക്കും ഇതിന്റെ വളർച്ചയ്ക്കുവേണ്ടി സമർപ്പണത്തോടെ അദ്ധ്വാനിക്കുന്ന ഐസക് അച്ചനും അഭിവാദനങ്ങൾ

# കുടുംബം

## മൂല്യബോധന കളരി

സഹപാഠികളായിരുന്നു അവർ. കുടുംബിനികളായി. ഇടവേളയ്ക്കുശേഷമുള്ള കൂടിക്കാഴ്ച. ഇരുവരും ഉള്ളുതുറന്ന് കുടുംബജീവിതാനുഭവങ്ങൾ പങ്കുവച്ചു. ഒരാളുടെ ഭർത്താവ് നടനാണ്. ഭർത്താവിന്റെ സ്നേഹത്തെക്കുറിച്ചും കുടുംബജീവിതത്തിന്റെ സന്തോഷത്തെക്കുറിച്ചും കൂട്ടുകാരി ആരാഞ്ഞതിന് അവൾ പറഞ്ഞു. My husband is a comedian in the stage and a tragedian in the home എന്റെ ഭർത്താവ് വേദിയിൽ കോമിക്കുകാരനാണ് വീട്ടിലാണെങ്കിൽ ദുരന്ത നായകനും. "കൂടുമ്പോൾ ഇമ്പം തോന്നുന്ന ഇടമാണ് കുടുംബം"- ആരോ പറഞ്ഞിട്ടുണ്ട്. വലിയ വീടോ സാമ്പത്തിക സൗകര്യങ്ങളോ അല്ല കുടുംബജീവിതം സന്തോഷകരമാക്കുന്നത്, സ്നേഹം, സുരക്ഷിതത്വം, കരുതൽ സമാധാനം തുടങ്ങിയവയാണ് സന്തോഷകരമായ കുടുംബജീവിതത്തിന്റെ ഘടകങ്ങൾ.

ഭാര്യാ ഭർത്തൃബന്ധത്തിൽ തുല്യതയ്ക്ക് അദ്വിതീയ സ്ഥാനമാണുള്ളത്. മേൽക്കോയ്മയോ അടിച്ചമർത്തലോ അല്ല, തുല്യതയാണ് പ്രധാന ഘടകം. പുരുഷന്റെ വാരിയെല്ലിൽ നിന്നാണ് ദൈവം മനുഷ്യനു തക്കതുണയെ കണ്ടെത്തിയത് (ഉല്പ 2:21). തലയിൽ നിന്നും പാദത്തിൽ നിന്നുമല്ല സ്നേഹത്തിന്റെ ഉറവിടമായ ഹൃദയത്തിനടുത്തു-പാർശ്വത്തിൽ നിന്നാണ്. തലയിൽ വച്ച് പൂജിക്കയും വേണ്ട. , ഇട്ടു ചവിട്ടുകയും അരുത്. തുല്യതയും പരസ്പരം ആദരവും ആയിരിക്കട്ടെ മനോഭാവം. പരസ്പരം ആദരിക്കുന്ന കുടുംബബന്ധങ്ങൾ- അതാണ് യഥാർത്ഥ പങ്കാളിത്തത്തിന്റെ പ്രമാണം.

ക്രിസ്തുവായിരിക്കണം കുടുംബത്തിന്റെ നാഥൻ. അംഗങ്ങൾ പരസ്പരം അറിഞ്ഞ് പെരുമാറുകയാണ് വേണ്ടത്. കാൽവരിയിലെ സ്നേഹമാണ് കരുതലിന്റെ മാനദണ്ഡം. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ എന്ന വി. പൗലോസിന്റെ നിർദ്ദേശം പ്രത്യേകം ഓർക്കാം (എഫെ 5 :25) അറ്റുപോകാത്ത സ്നേഹത്തിന്റെ ചിഹ്നമാണ് വിവാഹമോതിരം. ക്രിസ്തുവിന്റെ മാംസവും രക്തവും (തന്നെത്തന്നെ) മോതിരമായി നൽകി എന്നു പൗരസ്ത്യസഭയിലെ വിവാഹ ശ്രുശൂഷയിൽ ഗീതമായി ചൊല്ലുന്നതും നാം ശ്രദ്ധിച്ചിട്ടുണ്ടല്ലോ. ക്രിസ്തുവിന്റെ സ്നേഹത്തിലാണ് വിവാഹബന്ധം ഉറപ്പിക്കപ്പെടുന്നത്. നിസ്സാര കാര്യങ്ങൾ മതി ഇന്ന് വിവാഹ മോചനത്തിന്, സ്നേഹം മാംസ ബദ്ധമല്ല, പരിശുദ്ധാത്മ പൂരിതമാണ്; നൈമിഷികമല്ല, ശാശ്വതമാണ്. ഒരു വാചകം കേട്ടിട്ടുണ്ട് A house is built of walls and beams; A home is built with love and dreams - കല്ലും മരവും കൊണ്ടാണ് വീട് പണിയുന്നത്; സ്നേഹവും ഉന്നത ലക്ഷ്യവും കൊണ്ടാണ് ഭവനം കെട്ടുപണി ചെയ്യുന്നത് (ബി.എസ്സ് വാര്യർ). വീടും, ഭവനവും രണ്ടാണ്.യേശു നായകനായി വസിക്കുമ്പോഴാണ് വീടു ഭവനമായിത്തീരുന്നത്. വിശ്വസ്തതയും പരമാർത്ഥതയുമാണ് സുസ്ഥിരമായ കുടുംബബന്ധങ്ങൾക്കു ആവശ്യം No marriage can be real and no marriage can last without fidelity വിശ്വസ്തത കൂടാതെ യാതൊരു വിവഹബന്ധവും യാഥാർത്ഥ്യവുമല്ല, നിലനില്കയുമില്ല (ജോൺ സ്റ്റോട്ട്) കുടുംബം ഒരു ദൈവീക പദ്ധതിയാണ്. യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ദൈവത്തിന്റെപുകഴ്ചയ്ക്കായി പൈതങ്ങൾ വളർത്തപ്പെടേണ്ടതിനു ദൈവത്തിന്റെ ക്രമീകരണമാണ് കുടുംബം. വിശ്വാസരൂപീകരണത്തിന്റെ പ്രഥമകളരിയാണത്. വിശ്വാസരൂപീകരണത്തിൽ തിമൊഥെയോസിന്റെ അദ്ധ്യാപകർ, അമ്മ യൂനീക്യയും വല്യമ്മ ലോവീസും ആയിരുന്നു; ഭവനം പാഠശാലയും (2തിമൊ 1:4-5). മാതാപിതാക്കന്മാരുടെ വിശ്വാസം കുഞ്ഞുങ്ങൾ കാണണം. പാട്ടും പ്രാർത്ഥനയും സണ്ടേസ്കൂളിൽ അഭ്യസിക്കുന്നതിനു മുമ്പ് കുഞ്ഞുങ്ങൾ അവ ഭവനങ്ങളിൽ നിന്നും പിടിച്ചെടുക്കണം. Religion is caught rather than taught...പഠിപ്പിക്കുന്നതിനെക്കാൾ പിടിച്ചെടുക്കുന്നതാണ് മതം. മുതിർന്നവരേയും എളിയവരേയും ആദരിക്കുന്ന സ്വഭാവം ഭവനങ്ങളിലെ അഭ്യസനത്തിലൂടെയാണ് കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ടത്.

പരീക്ഷകളും പ്രതിസന്ധികളും ജീവിതയാഥാർത്ഥ്യങ്ങളാണ്. ഗിരിപ്രഭാഷണം യേശുഉപസംഹരിക്കുന്ന ഭാഗം ശ്രദ്ധിക്കുക. ഈ വചനം കേട്ടു ചെയ്യുന്നവൻ പാറമേൽ വീടുപണിയുന്ന മനുഷ്യനോടു തുല്യൻ. കേട്ടു ചെയ്യാത്തവൻ മണലിന്മേൽ വീടുപണിത മനുഷ്യനോടു തുല്യനും. മണലിന്മേലുള്ള അടിസ്ഥാനം ഉറപ്പുള്ളതല്ലെന്നു പറയേണ്ടതില്ലല്ലോ. ദൈവവചനവും പ്രാർത്ഥനയും കുടുംബഭദ്രതയ്ക്കു അനിവാര്യം. പ്രസിദ്ധമായ ഒരു ചൊല്ലുണ്ട് 'The family that prays together stays together' ഒരുമിച്ച് പ്രാർത്ഥിക്കുന്ന ഭവനം നിലനിൽക്കുന്ന ഭവനം. കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള ആരാധന അനുഗ്രഹ സ്രോതസ്സ് ആണ്.

49-ാമത്തെ വയസ്സിലാണ് അപ്പൻ മരിച്ചത്. ദൈവകൃപയിൽ ശരണപ്പെട്ടു എട്ടുമക്കളെയും (രണ്ട് ആണും ആറു പെണ്ണും) ആ അമ്മ വളർത്തി. വല്ലപ്പോഴും ഓരോ മുട്ട കൂടെ പ്രഭാതഭക്ഷണത്തിനു നൽകുമായിരുന്നു. അന്നൊരു ദിവസം ഒരു മുട്ടയേ ഉണ്ടായിരുന്നുള്ളൂ. അത് ഭക്ഷണസമത്ത് അത്യാവശ്യമുള്ള ഒരാൾ എടുത്തുകൊള്ളു എന്ന് പറഞ്ഞ് മക്കളുടെ മുമ്പിൽ വച്ചു. പരസ്പരം നോക്കിയതല്ലാതെ ആരും എടുത്തില്ല. അതെടുത്ത് എട്ടു കഷ ണമാക്കി ഓരോ പാത്രത്തിലും നൽകി. കരുതലിന്റെ ആദ്യ പാഠം. മൂത്ത മകൻ ബി.എ.എൽ.റ്റി പാസ്സായി അദ്ധ്യാപ കനായി. വൈദിക ശുശ്രൂഷയ്ക്കു ലഭിച്ചനിയോഗമനുസരിച്ച് മാർത്തോമാ സഭയിലെ പട്ടക്കാരനായി തുടർന്നു. മേല്പട്ടക്കാരനുമായി. 23 വർഷം സഭയുടെ അമരക്കാരനായി സാരഥ്യം വഹിച്ച അലക്സാണ്ടർ മാർത്തോമാ മെത്രാ പ്പോലിത്താ കരുതലിന്റെയും കൂട്ടായ്മയുടെയും ആദ്യപാഠം പഠിച്ചത് ഭവനത്തിൽ നിന്നായിരുന്നു. അദ്ദേഹം ഒരി ക്കൽ പറഞ്ഞു 'The rich may live Simply that the poor may simply live' ദരിദ്രർ കഷ്ടിച്ച് ജീവിക്കേണ്ട തിന് ധനികർ ലളിതമായി ജീവിതം നയിച്ചിരുന്നെങ്കിൽ!! ഇല്ലാത്തവരെ കരുതുന്ന വ്യവസ്ഥിതി, ഭവനങ്ങളിൽ നിന്ന് തലമുറകളിലേക്കു കൈമാറുവാൻ ഇടയാകട്ടെ. ഭവനം ദൈവിക പദ്ധതിയും ദൈവത്തിന്റെ ദാനവും ദൈവ ത്തിനു സ്തോത്രം.

**ചീഫ് എഡിറ്റർ.**

# Survivor Tree

അമേരിക്കയിലെ ഒക്‌ളഹോമാ നഗരത്തിന്റെ ചിഹ്നം 'ഒക്‌ളഹോമാ' വൃക്ഷമാണ്. ധാരാളം ശാഖകളും ഇലകളുമുള്ള തണൽ വൃക്ഷം. വിനോദസഞ്ചാരികൾ മൈലുകൾ യാത്രചെയ്ത് അതിന്റെ തണൽ ആസ്വദിക്കും, ഫോട്ടോ എടുക്കും, സ്മാരകമായി ആൽബത്തിൽ സൂക്ഷിക്കും. ശ്രദ്ധാപൂർവ്വം പരിരക്ഷിക്കപ്പെടുന്ന വൃക്ഷം. അതിനെക്കാൾ ഉയരത്തിലും പന്തലിപ്പിലും വളരുന്ന വൃക്ഷങ്ങളുണ്ട്. എന്നാൽ ഒക്‌ളഹോമോ വൃക്ഷമാണ് നഗര ചിഹ്നം, ലെറ്റർപാടുകളിലും ഔദ്യോഗിക രേഖകളിലും അതിനാണു സ്ഥാനം.

വർഷങ്ങൾക്കു മുമ്പ് ബോംബ് വീണു നഗരത്തിൽ സാരമായ നാശ നഷ്ടങ്ങൾ ഉണ്ടായി. 168 പേർ മരിച്ചു; 850ൽപരം ആളുകൾക്ക് ഗുരുതരമായി പരിക്കേറ്റു. അവിടെ ഉണ്ടായിരുന്ന ഒക്‌ളഹോമാ വൃക്ഷം കൽക്കൂ നയുടെ അടിയിലായി. എല്ലാം നശിച്ചപ്പോൾ ഒരു വൃക്ഷം മണ്ണടിഞ്ഞതാണോ കാര്യം? ആരും തുടർന്ന് അതെ ക്കുറിച്ച് അന്വേഷിച്ചില്ല, ചിന്തിച്ചതുമില്ല.

ചില നാളുകൾക്കുശേഷം കൽക്കൂനക്കിടയിൽ പുതിയ മുളയും നാമ്പും പൊങ്ങിവന്നു. ബോംബ് വീണ് നശിച്ച് മണ്ണടിഞ്ഞ വൃക്ഷത്തിന്റെ മുള ജനം ശ്രദ്ധിച്ചു. മുമ്പ് അവിടെയുണ്ടായിരുന്ന വൃക്ഷം പോലെ ഇല കളും ശിഖിരങ്ങളും, അതാ ഒക്‌ളാഹോമാ വൃക്ഷം പഴയതിനെക്കാൾ ശക്തിയാർജ്ജിച്ച് പന്തലിച്ചു. ജനം ആ വൃക്ഷത്തിന് Survivor Tree എന്ന നാമകരണം ചെയ്തു. ബോബു വർഷത്തെ അതിജീവിച്ച വൃക്ഷം.

**'Survive the Evil**
**Rise above the Ruins'**

അതായിരിക്കട്ടെ നമ്മുടെയും മുദ്രാവാക്യം

**കടപ്പാട്**: ('Facing Your Giants' എന്ന ഗ്രന്ഥത്തിൽ നിന്ന്)

# വാട്ട് ആൻ ഐഡിയാ സേഠ്ജി!

**ഒരു ജനത സ്വയം നശിക്കാൻ തീരുമാനിച്ചാൽ എന്തു ചെയ്യും**

**റവ. ഷോജി വർഗ്ഗീസ്**, അടൂർ



മാർത്തോമാ സഭയിലെ വൈദികരുടെ സർവ്വീസ് വ്യവസ്ഥകളിൽ ഇവ കൂടി ചേർക്കേണ്ടി വന്നേക്കാം : 'കേരളാ വിമൻസ്കോഡ് ബില്ലിൻ പ്രകാരം തടവ് അനുഭവിക്കുന്നതിനു അവധി മൂന്നുമാസം വരെ'. 'വിമൻസ്കോഡ് ബില്ലിൻ പ്രകാരം പിഴയടക്കാൻ ക്ലർജി & ഫാമിലി വെൽഫയർ ഫണ്ടിൽ നിന്നും അനുവദി ക്കാവുന്ന പരമാവധി തുക പതിനായിരം രൂപാ'.

പരിഷ്കൃത ലോകത്തെ അമ്പരപ്പിക്കുന്ന ഈ ബിൽ ഭാവനയല്ല. 2011 സെപ്തമ്പർ 24 നു കേരളാ മുഖ്യമന്ത്രിക്കു സമർപ്പിക്കപ്പെട്ടിരിക്കുന്ന ബില്ലാണിത്. പേര് വിമൻസ് കോഡ് ബിൽ 2011. 2010 ആഗസ്ത് 07 നു വനിതകളുടേയും കുട്ടികളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനു ജസ്റ്റിസ് വി ആർ കൃഷ്ണയ്യർ അദ്ധ്യക്ഷനായ പന്ത്രണ്ടംഗ സമിതിയാണ ഈ ശുപാർശ സമർപ്പിച്ചിരിക്കുന്നത്.മേലാൽ മൂന്നാമത്തെ കുഞ്ഞിനു ജന്മം നൽകിയാൽ പിതാവിനു മൂന്നുമാസം വരെ തടവും പതിനായിരം രൂപ വരെ പിഴയും ശിക്ഷയുണ്ടാകണം. മാത്രമല്ല അത്തരക്കാരെ 'നിയമപരമായി അയോഗ്യരായി' (legally disqualified person) പ്രഖ്യാപിക്കുകയും സർക്കാരിൽ നിന്നും യാതൊരു വിധ ആനുകൂല്യങ്ങൾ ക്കും അർഹരല്ലാതെ ആകുകയും ചെയ്യും. കൂടാതെ ആവശ്യാനുസരണം ഗർഭ നിരോധന പരിപാടികൾ സർക്കാർ സ്പോൺസർ ചെയ്യും. സുരക്ഷിതമായ അബോർഷനു വേണ്ടി പ്രത്യേക സൗകര്യങ്ങളുമൊ രുക്കും. ഏതൊരുവിധ ജാതി-മത-വർഗ്ഗ-വിശ്വാസ സമൂഹത്തിനും ഇതിൽ അഭിപ്രായസ്വാതന്ത്ര്യം അനുവദിക്കാനുമാകില്ല. ബില്ലിലെ വ്യവസ്ഥകൾ പാലിക്കുന്ന 'നല്ല കുട്ടികൾക്ക്' പ്രത്യേക ഓഫറുക ളുമുണ്ട്. വ്യവസ്ഥപ്രകാരം ഒരു ഭാര്യാ ഭർതൃ ബന്ധത്തിൽ രണ്ടു മക്കളേ പാടുള്ളൂ. ഒന്നിൽ അധികം നിയമാനുസൃത വിവാഹങ്ങളിലൂടെ ഒരാൾക്ക് അധികം മക്കൾ ജനിക്കുന്നതിനു വിലക്കില്ല. അത് ഓരോന്നും പ്രത്യേക കുടുംബങ്ങളായി പരിഗണിക്കും. ഈ വ്യവസ്ഥകൾ ക്കെതിരായ ഏതൊരു ബോധവൽക്കരണം പോലും ശിക്ഷാർഹമാണ്.

ലോകത്താകമാനം സ്വത്വസമരങ്ങൾ നടക്കുകയും സ്വന്തം സംസ്കാരവും പൈതൃകവും തലമുറകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയും ചെയ്യുമ്പോഴാണ് കേരള ജനത സ്വയം നാശത്തിനുള്ള വഴിമരുന്നിടുന്നത്. ഭ്രൂണഹത്യക്കെതിരെ സർക്കാർ തലത്തിലുൾപ്പെടെ നടത്തിയിരുന്ന ബോധ വൽക്കരണങ്ങളെല്ലാം കാററിൽ പറക്കും. കേരള വനിതകളുടെ ഗർഭാശയങ്ങൾ കൊലക്കളങ്ങളാകും. പെൺഭ്രൂണഹത്യ മൂടുപടമിട്ട് ഔദ്യോഗികമാകും. മക്കൾ ദൈവത്തിന്റെ ദാനവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും എന്ന വേദ പഠനം പുനർ വ്യാഖ്യാനിക്കപ്പെ ടേണ്ടി വരും. ലോകത്തിലെ ഏററവും വലിയ ജനാധിപത്യ രാഷ്ട്രത്തിലെ, വിദ്യാഭ്യാസ-വിജ്ഞാനതല

ങ്ങളിൽ ഏററവും മുമ്പിൽ നിൽക്കുന്ന സംസ്ഥാനത്താണ് ലോക ചരിത്രം എന്നും പരിഹാസത്തോടെ ഓർക്കനിടയുള്ള ഈ അവകാശ ധ്വംസനത്തിനു കളമൊരുങ്ങുന്നത്. ഈ സംസ്ഥാനത്തിന്റെ തലപ്പത്താകട്ടെ മുഖ്യാസനങ്ങളിലെല്ലാം ക്രൈസ്തവരും. ഇത് കൃത്യമായും മനുഷ്യാവകാശ ലംഘനമാണ്. വിശ്വാസത്തിന്റേയും വിചാരങ്ങളുടെയും വികാരങ്ങളുടെയും ജീവിക്കാനുള്ള അവകാശത്തിന്റേയും മേലുള്ള കടന്നുകയററം തന്നെയാണ്.

അവിവാഹിതരും, മക്കളില്ലാത്ത കുടുംബസ്ഥരും വർദ്ധിച്ചുവരികയും കേരള ജനതയുടെ ജനസംഖ്യാ വളർച്ചാ നിരക്ക് നെഗററീവാകുകയും ചെയ്തിരിക്കുന്ന കാലത്താണ് ഈ തലതിരിഞ്ഞ പഠനം നടക്കുന്നത്. കുടുംബാസൂത്രണത്തോടും ജനസംഖ്യാ നിയന്ത്രണത്തോടും വീണ്ടുവിചാരമില്ലാതെ അഭിനിവേശം കാട്ടി അതിന്റെ കയ്പ്നീരു കുടിക്കുന്ന ന്യൂന പക്ഷ ക്രൈസ്തവസമൂഹം ഇതിനും വഴിപ്പെടാനാകുമോ? ചില കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ ചുവടുപിടിച്ച് കേരള ഭരണാധികാരികൾ സ്വയം കോമാളികളാകുകയാണ്.. സർക്കാർ ഇതിനു വലിയ വില കൊടുക്കേണ്ടിവരും. മനുഷ്യനിലെ നന്മയെ കെടുത്തിക്കളയാനുള്ള പൈശാചിക ശ്രമമാണിത്. ഇതിനെയാണ് ശുംഭത്വം എന്ന് വിളിക്കേണ്ടത്. അത് ജസ്റ്റിസ് കൃഷ്ണയ്യരിലൂടെയായാലും എതിർക്കപ്പെട്ടേ മതിയാകൂ. എതിർക്കുകയും ചെയ്യും.

ഈയിടെ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ട ഐഡിയ ത്രീ ജി പരസ്യം ഇതിനോട് ചേർത്താണു കാണേണ്ടത്. എങ്ങനെയാണ് ഭാരതത്തിൽ ഇത്ര ജനസംഖ്യ വർദ്ധിക്കുന്നത്? ഉത്തരം ബോസ് നൽകും : കഷ്ടം! ദരിദ്ര വാസികൾ! വൈദ്യുതിയില്ല, ടെലിവിഷനില്ല, യാതൊരുവിധ വിനോദ ഉപാധികളുമില്ല. ആകെ അറിയാവുന്നത് ലൈംഗികത. അങ്ങനെ ജനസംഖ്യ വർദ്ധിച്ചു. പക്ഷേ ത്രീജി വന്നതോടെ സ്ഥിതി മാറി. ഫോണിൽ കണ്ടും കാണാതെയും സംസാരിച്ചിരുന്നവർ ഭർത്താവിനെ ദൂരെ നിർത്തി.അങ്ങനെ ജനസംഖ്യ വരുതിയിലായി. വാട്ട് ആൻ ഐഡിയാ സേറ്ജി!

ഇന്ത്യൻ ജനതയുടെ ആത്മാഭിമാനത്തിനു മുകളിൽ മൾടിനാഷണൽ കമ്പനികൾക്ക് തേരോട്ടം നടത്താനുള്ള അവകാശം ആരാണു നൽകിയത്. ജനം വെറും കഴുതകൾ മാത്രമെന്ന് സർക്കാരും മുതലാളിമാരും കരുതി വരാനിരിക്കുന്ന തലമുറയെപ്പോലും അറവു മാടിനു തുല്യം എണ്ണിയാൽ ആർക്കീ ജനതയെ രക്ഷിച്ചെടുക്കാനാകും?

## അനുമോദനങ്ങൾ

മലങ്കര മാർത്തോമ്മാ സുറിയാനി സഭ, അടൂർ ഭദ്രാസന സെക്രട്ടറിയായി റവ. അലക്സാണ്ടർ തോമസ്സും (അടൂർ 04734 - 228858, 9744956277) ട്രഷററായി ശ്രീ. ജോക്കബ്ബ് ജോർജ്ജും (കണ്ണങ്കോട് 9447104337) തെരഞ്ഞെടുക്കപ്പെട്ടു. അനുമോദനങ്ങൾ

**ഭദ്രാസന കൗൺസിൽ അംഗങ്ങൾ**

1. റവ. ജോൺസൺ സാമുവൽ : ഏനാത്ത്
2. റവ. വി.ജെ. മാത്യു. : പന്തളം
3. റവ. മാത്യൂസ്, മാത്തുണ്ണി : കണ്ണങ്കോട്
4. ശ്രീമതി അന്നമ്മ കുഞ്ഞുമോൻ : പുനലൂർ
5. ശ്രീമതി ജിജി മാത്യു : കായംകുളം
6. ശ്രീമതി ഗേളി ജോസ് : പത്തനാപുരം
7. ശ്രീമതി ലീലാമ്മ കോശി : കണ്ണങ്കോട്
8. ശ്രീ. അജി ജോൺ മാത്യു : പന്തളം
9. ശ്രീ. അലക്സാണ്ടർ എം. ഏബ്രഹാം : കായംകുളം
10. ശ്രീ. എസ്. ബിനോജ് : തേവലക്കര
11. ശ്രീ. പി.വി. ചെറിയാൻ : പന്തളം
12. ശ്രീ. പി. ഗീവർഗ്ഗീസ് : തേവലക്കര
13. ശ്രീ. ജോർജ്ജ് എം. ജോർജ്ജ് : കണ്ണങ്കോട്
14. ശ്രീ. ജിനു പി. മാത്യു : കായംകുളം
15. ശ്രീ. കുര്യൻതമ്പി : കായംകുളം
16. ശ്രീ. ലിനോ ഏ. തരകൻ : പുനലൂർ
17. ശ്രീ. മനോജ് മാത്യു : കായംകുളം
18. ശ്രീ. മനോജ് മാത്യു : ഏനാത്ത്
19. ഡോ. നൈനാൻ സാമുവൽ : തലവൂർ
20. ശ്രീ. ഉമ്മൻ വർഗ്ഗീസ് : കണ്ണങ്കോട്
21. ശ്രീ. കെ.കെ. രാജൻ : പുനലൂർ
22 ശ്രീ. സെനു തോമസ് : പത്തനാപുരം
23. ശ്രീ. ഷാജി തങ്കച്ചൻ : കണ്ണങ്കോട്
24. ശ്രീ. വർഗ്ഗീസ് തോമസ് : കായംകുളം

**ഭദ്രാസനത്തിൽ നിന്നുള്ള സഭാ കൗൺസിൽ അംഗങ്ങൾ**

**റവ. റെജി. കെ. ഫിലിപ്പ്**, പുനലൂർ,
**അഡ്വ:പ്രകാശ്. പി. തോമസ്**, ഐരാണിക്കുടി,
**ശ്രീ. ജോയി ജോൺ**, തുരുത്തിക്കര,
**ശ്രീ. വർഗ്ഗീസ് തരകൻ**, തേവലക്കര,
**ശ്രീമതി. ആനി തങ്കച്ചൻ**, കായംകുളം.

# നവീകരണവും ചരിത്രവും

*മലങ്കര നസ്രാണിസഭയിലുണ്ടായ നവീകരണത്തിന്റെ പ്രാദേശി കവും വ്യാപകവുമായ ആവിഷ്കാരം നവീകരിക്കപ്പെട്ട സമുഹത്തി ന്റെയും നവീകരണ പ്രസരം ഏറ്റുവാങ്ങിയ കേരളത്തിലെ മറ്റുപൂ രാതന സഭാരൂപങ്ങളുടെയും പൊതുസമൂഹത്തിന്റെയും പശ്ചാത്തല മുൽകൊണ്ട് പുനപരിശോധിക്കുകയാണ് കലയപുരം മാർത്തോമാ ഇടവക വികാരിയും മികച്ച ചരിത്ര അദ്ധ്യാപകനുമായ* **റവ : എ. റ്റി. ഫിലിപ്പ്.**



സാർവത്രികമാനവും കാലിക പ്രസക്തിയുള്ള വിഷയമാണിതെങ്കിലും 19 ാം നൂറ്റാണ്ടിൽ മലങ്കര നസ്രാണിസഭയിലുണ്ടായ നവീക രണത്തിന്റെ പ്രാദേശി കവും വ്യാപകവുമായ ആവിഷ്കാരം നവീകരിക്കപ്പെട്ട സമുഹത്തി ന്റെയും നവീകരണ പ്രസരം ഏറ്റുവാങ്ങിയ കേരളത്തിലെ മറ്റുപൂരാതന സഭാരൂപങ്ങളുടെയും പൊതു സമൂഹത്തിന്റെയും പശ്ചാത്തലമുൽകൊണ്ട് പുനപരിശോധിക്കുക എന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

A.D ആറാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്ന് നിയമിതനായ മെത്രാൻ കൊല്ലം കേന്ദ്രീകരിച്ച് സഭാനടപടികൾക്ക് നേതൃത്വം നൽകിയിരുന്നതായി കോസ്മസ് ഇൻഡിക്കപ്ലസ് രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും അതിനുമുമ്പുള്ള ക്രൈസ്തവ സഭയുടെ ആദ്യനൂറ്റാണ്ടുകളിലും ഈ സഭയുടെ പേർഷ്യൻ ബന്ധം ശക്തമായിരുന്നു എന്ന് തെളിയുന്നു. പേർഷ്യ വഴിഭാരത പ്രവേശം ചെയ്ത ഇൻഡ്യയുടെ അപ്പോസ്തലനായ തോമസ് തന്നെയാണ് പേർഷ്യയു ടെയും അപ്പോസ്തലൻ എന്ന സത്യം മറക്കാൻ പാടില്ല. അപ്പോസ്തലന്റെ ഭൗതീകശേഷിപ്പ് ഇൻഡ്യയിൽ നിന്ന പേർഷ്യയിൽ കൊണ്ടുപോയ നടപടിയിൽ കൂടെ ഈ വസ്തുത സ്ഥിരീകരിക്കപ്പെടുന്നു. മദ്ധ്യകാലഘട്ടത്തിലെ കേരളസമൂഹത്തിന്റെയും ക്രൈസ്തവസഭയുടെയും ചരിത്ര രേഖകളുടെ ഖനിയാണ് കൊരക്കേണി കൊല്ലം. പുരാതന യൂദ- നസ്രാണി കുടിപാർപ്പു മേഖലയായിരുന്ന ഈ പ്രദേശം കടൽക്ഷോഭം മൂലം സമുദ്രത്തിനടിയിൽ പോകുന്നതിനുമുൻപുള്ള കാലയളവിലാണ് ഇവിടെയുണ്ടായിരുന്ന അപ്പോസ്തലിക സഭയുമായി സമ്പർക്ക മുണ്ടായി രുന്ന പേർഷ്യൻ ക്രൈസ്തവ കുടിയേറ്റ സംഘം മാർവാൻ സബറീശോയുടെ നേതൃത്വത്തിൽ മാർസാപ്പോർ, മാർപ്രോദ് എന്നീ മെത്രാൻമാരും പല ക്രൈസ്തവ പുരോഹിതൻമാരും ഉൾപ്പടെ നാനൂറോളം സ്ത്രീപുരുഷൻമാരടങ്ങിയ ഒരുസംഘം ഇവിടെയെത്തിയത്. തുടർന്ന് മലങ്കരസഭയിൽ നേതൃത്വനിരയും അണികളുടെ ഘടനയും പുനനിർണ്ണയം ചെയ്യപ്പെട്ടതായും ആകമാന മലങ്കരസഭക്ക് പൊതുവിൽ രണ്ടുമെത്രാൻമാരെയും ആറുഗുരുപ്പട്ടക്കാരെയും പൊതുമുതൽ സൂക്ഷിപ്പുകാരായ ഇരുപത്തരകൻമാരെയും നിയമിച്ച് ഭരണക്രമം പുതുതായി രൂപീകരിക്കപ്പെട്ടതായും മലങ്കര സുറിയാനി സഭാപാരമ്പര്യങ്ങളിൽ കാണുന്നു. 17ാം നൂറ്റാണ്ടിൽ മലങ്കരയിൽ അന്ത്യോഖ്യായിലെ യാക്കോബായ സഭയുടെ പ്രതിനിധികൾ വന്നതിനുശേഷവും 19-ാം നൂറ്റാണ്ടി ന്റെ ആരംഭത്തിൽ പോലും ഇവിടെ നിലനിന്നിരുന്ന പട്ടത്വ ക്രമങ്ങളും വിവാഹമുൾപ്പെടെയുണ്ടായിരുന്ന മറ്റ് കൗദാശികക്രമങ്ങളും ഈ നിലയിൽ തുടർന്നുവന്നിരുന്നതാണ്. കൊരക്കേണികൊല്ലത്ത് ഈശോയെന്നയാൾ (ഇദ്ദേഹം മാർബാൻ സബറീശോ തന്നെ ആയിരുന്നതായി അനുമാനിക്കാം) സ്ഥാപിച്ച തരിശ്ശാപ്പള്ളി പിൽക്കാലത്ത് മലങ്കര ക്രൈസ്തവസഭയുടെ ആസ്ഥാന ദേവലയമായിതീർന്നു. അങ്കമാലി പള്ളിയേക്കാൾപ്രശസ്തിയും പദവികളും ഉണ്ടായിരുന്നതായി ഗ്രഹിക്കുന്നതിൽ തെറ്റില്ല. കൂടെ കൂടെ പരദേശ ക്രൈസ്തവ (പാശ്ചാത്യ-പൗരസ്ത്യ) സമ്പർക്കമനുസരിച്ച് തകർന്ന വടക്കൻ മേഖലയിലുണ്ടായിരുന്ന നസ്രാണികളുടേതിനേക്കാൾകെട്ടുറപ്പുള്ള സാമൂഹ്യഘടനകളും വ്യവസ്ഥിതികളും കൊരക്കേണി കൊല്ലം നസ്രാണികൾക്കുണ്ടാകാൻ കാരണം നസറായാനായ യേശുക്രിസ്തുവിന്റെ അപ്പോസ്തലനായ തോമസിന്റെ പൈതൃകവും പിന്തുടർച്ചയും ഉണ്ടായിരുന്ന പുരാതന കൊരക്കേണി കൊല്ലം നസ്രാണികളുടെ തദ്ദേ

ശസമൂഹവും A.D ഒമ്പതാംനൂറ്റാണ്ടിൽ ആദ്യപാദത്തിൽ ഇവിടെ എത്തിച്ചേർന്ന മേൽവിവരിച്ച പേർഷ്യൻ സഭയുടെ കുടിയേറ്റ സംഘവും ചേർന്ന് നാടുവാഴികളിൽ നിന്ന് ലഭിച്ച പട്ടയങ്ങളുടെയും പദവികളുടെയും അടിസ്ഥാനത്തിൽ ഉണ്ടാക്കിയെടുത്ത വിവാഹാദി നിയമങ്ങളും സാമൂഹ്യജീവിതക്രമങ്ങളും വൈദേശിക വ്യാപാരബന്ധങ്ങളുമാണ്. ഈ സമൂഹത്തിന് ലഭ്യമായ തരിശാപ്പള്ളി ശാസനങ്ങൾ, മറ്റ് യൂദ ക്രൈസ്തവ അവകാശരേഖകൾ മുതലായവ കേരള ചരിത്രത്തിന്റെയും മലയാള കൊല്ലവർഷത്തിന്റെയും ഭാഷയുടെയും ആവിർഭാവത്തിന്റെ നാഴികകല്ലുകളാണ്. കടൽക്ഷോഭത്തിന്റെയും അതിനോടനുബന്ധിച്ചുണ്ടായ നാശനഷ്ടങ്ങളുടെയും പട്ടിക ചില നൂറ്റാണ്ടുകൾകൊണ്ട് പൂർത്തിയായപ്പോഴേക്കും തരീശാപ്പള്ളികടലിൽമുങ്ങിതാണിരുന്നു എന്നതും കൊരക്കോണികൊല്ലം നസ്രാണികൾ ഇപ്പോൾ ലഭ്യമായിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ കൊല്ലം, കല്ലട, ചാത്തന്നൂർ, കൊട്ടാരക്കര, കടമ്പനാട്, അടൂർ, ചെങ്ങന്നൂർ, അയിരൂർ, തേവലക്കര, കരുനാഗപ്പള്ളി, കായംകുളം, കാർത്തികപള്ളി മുതലായ സ്ഥലങ്ങളിലേക്ക് രാജകല്പനകളുടെ അടിസ്ഥാനത്തിലും അല്ലാതെയും ശുദ്ധവൃത്തി, സൈനീകനേതൃത്വം മുതലായ ആചാരങ്ങൾക്കും ചുമതലകൾക്കും വ്യാപാരം, കാർഷികവൃത്തി എന്നിത്യാദികൾക്കുമായി സംക്രമിക്കാൻ ഇടയായി എന്നത് ചരിത്ര യാഥാർത്ഥ്യങ്ങളാണ്. ഏതുകാലത്തും ഘടനയിലും പുതിയ അറിവുകളും അനുഭവങ്ങളുമായി വ്യക്തികളും സംഘങ്ങളും രംഗപ്രവേശം ചെയ്യുമ്പോൾ നവീകരണം സംഭവിക്കുന്നു. അതാണിവിടെയും സംഭവിച്ചത്. കായംകുളം ഫിലിപ്പോസ് റമ്പാന്റെയും കാർത്തികപള്ളിയിലച്ചന്റെയും സംഭാവനകൾ ഇവിടെ ചേർത്ത് വായിക്കണം.

വടക്ക് കൊടുങ്ങല്ലൂർ മുതലായ സ്ഥലങ്ങളിൽ അധിവാസമുറപ്പിച്ചിരുന്ന പുരാതന നസ്രാണികൾ ആലങ്ങാട്, മൂവാറ്റുപുഴ, കോതമംഗലം, കടുത്തുരുത്തി, കുറവിലങ്ങാട്, കോട്ടയം മുതലായ സ്ഥലങ്ങളിലേക്കും മറ്റ് കുടിയേറ്റ മേഖലകളിലേക്കും വ്യാപിക്കയും തങ്ങളുടെ സ്വാധീനം ഉറപ്പാക്കുകയും ചെയ്തിരുന്നു. റോമൻ കത്തോലിക്കാസഭയും പോർച്ചുഗീസ് അധിനിവേശ ശക്തികളും ചേർന്ന് കേരളത്തിലെ പുരാതന സഭയെ നവീകരിക്കാൻ ഒരുമ്പെടുകയാണെന്ന് വരുത്തി വിധേയപ്പെടുത്താൻ ഉദയംപേരൂർ സൂനഹദോസിലൂടെ ശ്രമിക്കയും അതിലെ പൊള്ളത്തരങ്ങളും അപകടങ്ങളും



മണത്തറിഞ്ഞ പലകുടുംബങ്ങളും കൂനൻകുരിശു സത്യമെന്ന തിരുത്തൽ നടപടിക്കുശേഷം വടക്കൻതിരുവതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും മധ്യതിരുവതാംകൂറിൽ എത്തിച്ചേരുകയും ചെയ്തു.ഉദയം പേരൂർ സൂനഹദോസിന്റെ നടപടികൾമൂലം മലങ്കരസഭയ്ക്കാകമാനം ചിലനേട്ടങ്ങളും ഭരണപരവും ദൈവശാ സ്ത്രപരവുമായ പുരോഗതിയും ഉണ്ടായിട്ടുണ്ട് എന്നത് വിസ്മരിക്കാനാവില്ല എന്നിരിക്കിലും പാരതന്ത്ര്യവും അന്യവൽക്കരണവും ഉണ്ടായി എന്നത് നിഷേധിക്കാൻ സാദ്ധ്യമല്ല.

തെക്ക് നിന്നും വടക്കുനിന്നും പമ്പാ തീരത്തും സമീപസ്ഥലങ്ങളിലും അധിവാസമുറപ്പിച്ചവരും നിരണം, നിലയ്ക്കൽ പ്രദേശങ്ങളുടെ ക്രൈസ്തവസ്വാധീനം ഉൾക്കൊണ്ടവരും പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ നവീകരണ സ്വഭാവങ്ങൾക്ക് പിന്തുണ നൽകുകയും സാക്ഷ്യം വഹിക്കുകയും ആക്കംകൂട്ടുകയും ചെയ്തു. അതുകൊണ്ട് പ്രാദേശിക താല്പര്യങ്ങൾക്കും വിഘടനപ്രവർത്തനങ്ങൾക്കും അതീതമായി സഭയ്ക്ക് ഉയർന്നുവരാൻ കഴിഞ്ഞു ഇതിന്റെ പ്രയോജനം നവീകരണവിഭാഗത്തിന് മാത്രമല്ല യാഥാസ്ഥിതിക വിഭാഗത്തിനും ലഭിച്ചു. സമ്പത്തും മാമൂലും സഭാഭരണവും ഒരുപോലെ മുറുകെപ്പിടിക്കാൻ ശ്രമിച്ച എതിർ വിഭാഗവും നവീകരിക്കപ്പെട്ടതുതന്നെയാണ്. റോമാസഭയും പോർച്ചുഗീസ് നേതൃത്വവും ചേർന്ന് ഈ സഭയെ വെളിയിൽ നിന്നുകൊണ്ട് നവീകരിക്കാനോ ബലാൽക്കാരം മൂലം വിധേയപ്പെടുത്താനോ പദ്ധതിയിട്ടതിൽ നിന്ന് വ്യത്യസ്തമായി 19-ാം നൂറ്റാണ്ടിൽ ബ്രട്ടീഷ്ഭരണ നേതൃത്വവും ചർച്ച് മിഷനറി സൊസൈറ്റിയും അനുവാദം വാങ്ങിക്കൊണ്ട് ഈ സഭയുടെ ഘടനയ്ക്കുള്ളിൽ 1816-1836 കാലയളവിൽ പ്രവർത്തിച്ച് തിരുവചനാധിഷ്ഠിതവും തക്സാപരവും സാമൂഹ്യവുമായ നവീകരണ നടപടികൾക്ക് സാക്ഷ്യം

വഹിച്ചു. ഈ രംഗത്ത് പാലക്കുന്നത്ത് അബ്രഹാം മൽപ്പാനും കൈതയിൽ ഗീവർഗീസ് മൽപ്പാനും തെളിഞ്ഞു ശോഭിക്കുന്നു എന്ന് നിസ്തർക്കം പ്രഘോഷിക്കുമ്പോൾ തന്നെ മുമ്പും പിമ്പും ഉളവായ പല സംഭവഗതികളിലൂടെയും മാറ്റങ്ങളിലൂടെയും ഇത് സാദ്ധ്യമാക്കിയ സർവ്വശക്തനായ ദൈവത്തിന്റെ കരസ്പർശം ദീർഘനൂറ്റാണ്ടുകളായി ഈ സഭയുടെ മേൽ ഉണ്ടായിരുന്നു, ഉണ്ട്, എന്നതും വിസ്മരിക്കാവുന്നതല്ല.

നസ്രാണിസഭകൾ പാലസ്തീനിലും അയൽമേഖലകളിലും ഭാരതത്തിലും ഉണ്ടായിരുന്നെങ്കിലും യൂദ - വിജാതീയ യുദ്ധീകരണ നിയമങ്ങൾക്കും തദ്ദേശീയ

**തദ്ദേശ മെത്രാന്മാരുടെയും പരദേശമെത്രാന്മാരുടെയും കബറിടങ്ങളും ഗീവർഗ്ഗീസ് പുണ്യവാളന്റെയും കന്യസ്ത്രീയമ്മയുടെയും ഔസേപ്പ് പിതാവിന്റെയും പ്രതിമകളും ഉയർത്തിക്കാട്ടി പൊതുസമൂഹത്തിന്റെ നിഷ്കളങ്കത ചൂഷണം ചെയ്യുന്ന തീർത്ഥാടന കേന്ദ്രങ്ങളും കുരിശടികളും ഉണ്ടാക്കി പുകമറസൃഷ്ടിക്കുന്ന പ്രാകൃത രീതികൾ നവീകരണ സഭയുടെ പ്രേക്ഷിത മേഖലയിൽ വെല്ലുവിളി ഉയർത്തുന്നു.**

ധാർമ്മികതകൾക്കും രാഷ്ട്രീയ ഘടനകൾക്കും ഭരണ നേതൃത്വങ്ങൾക്കും മൃഗീയമായിവിധേയപ്പെട്ട് ക്രിസ്തുവിജ്ഞാനീയത്തിന്റെ ചലനാത്മകത നഷ്ടപ്പെടുത്തും വിധം തരംതാണവയായിരുന്നു. അപ്പോസ്തലനായ പത്രോസും ഈ ചിന്താഗതിക്കാരനായിരുന്നു. യേശുവിന്റെ തൽപരനായ അനുയായി പ്രവർത്തന നിരതനായിരിക്കുമ്പോൾ പോലും വിജാതീയ വിശ്വാസികളിൽ നിന്നും വേർപെട്ടവനായികഴിയാൻ ശ്രമിച്ചിരുന്നു. തന്റെ സ്നേഹിതരായ ഇടുങ്ങിയ ചിന്താഗതിക്കാരായ യൂദന്മാരെ പ്രസാദിപ്പിക്കുക എന്നത് പത്രോസിനു നിർബന്ധമായിരുന്നു. പത്രോസിനെപ്പോലെയോ അതിലധികമോ യൂദ - മതബോധനത്തിൽ മികച്ചവനായിരുന്നെങ്കിലും ക്രിസ്തുദർശനം മൂലം വിശ്വാസജീവിതത്തിൽ മികച്ചവനായിത്തീർന്ന് പൗലോസ്, പത്രോസിനെ ശാസിക്കുന്നതായി നമ്മൾ കാണുന്നു. പാശ്ചാത്യ സഭകളുമായി പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ തുടങ്ങി വിവിധ സമയങ്ങളിലായി നിലവിൽ വന്ന വേഴ്ചകളിലൂടെയും എക്യുമെനിക്കൽ ബന്ധങ്ങളിലൂടെയും നമ്മുടെ സഭാഘടനകളിൽ വലിയമാറ്റങ്ങൾ ഉണ്ടാവുകയും അത് പൊതുവിൽ ദൈവീക അനുഗ്രഹത്തിന് ഇടയാക്കുകയും ചെയ്തിട്ടുണ്ട്. അന്തോഖ്യയിൽ വച്ച് ഒന്നാം നൂറ്റാണ്ടിൽ ക്രൈസ്തവർക്ക് ക്രിസ്ത്യാനികൾ എന്ന് പേരുണ്ടായത് യഹൂദന്മാരുടെയും മറ്റ് ഉന്നത ശ്രേണിയിലുണ്ടായിരുന്ന വിഭാഗക്കാരുടെയും ഇടയിൽ അപമാനിതരാകാനാണ് ഇടയാക്കിയതെങ്കിലും ഈ അപമാനം എക്കാലത്തും പരിശുദ്ധാത്മശക്തിയിലൂടെ ക്രിസ്തുസഭയുടെ വളർച്ചയ്ക്ക് നിദാനമായിത്തീർന്നു എന്നത് എത്രയോ വാസ്തവമാണ്. പാശ്ചാത്യ നവോത്ഥാനത്തിന്റെയും 16 - ാം നൂറ്റാണ്ടിൽ യൂറോപ്പിലുണ്ടായ സഭാനവീകരണത്തിന്റെയും പരിണിതഫലമായി ആഗോളതലത്തിൽ മനുഷ്യജീവിത സാദ്ധ്യതകളുടെ വർദ്ധനവിന് വഴിമരുന്നിട്ടു എന്നത് നിസ്തർക്കമായ സംഗതിയാണ്. ഭാരതം പൊതുവായും ഇവിടുത്തെ സഭകൾ പ്രത്യേകിച്ചും ഇതിന്റെ ഗുണഭോക്താക്കളായിത്തീർന്നു എന്നത് സത്യമാണ്. നവീകരണസഭ തദ്ദേശരൂപഭാവങ്ങളും സാർവ്വത്രിക സഭയുടെ ക്രിസ്തു ദർശനങ്ങളും വിശ്വാസപൈതൃകവും ഉൾക്കൊണ്ട് പൗരസ്ത്യസഭയെന്നോ പാശ്ചാത്യസഭയെന്നോ വിശേഷിപ്പിക്കപ്പെടാവുന്ന ലേബലുകളെല്ലാം ഉപേക്ഷിച്ച് ആഗോള ക്രൈസ്തവകൂട്ടായ്മകളിൽ നിഷ്പക്ഷനിലപാടെടുത്ത് കർത്തൃനാമമഹത്വത്തിനായി നിലകൊള്ളാൻ ഇടയാകട്ടെ. മാർത്തോമാസഭ പേരുകൊണ്ടും തനിമകൊണ്ടും ഈ രാജ്യത്താവിർഭവിച്ച അപ്പൊസ്തോലികസഭയുടെ കേന്ദ്രസ്ഥാനത്ത് നിൽക്കുന്നതും അറിഞ്ഞോ അറിയാതെയോ മറ്റ് ഭാരതക്രൈസ്തവ സഭകൾ അകപ്പെട്ടുപോയ വൈദേശിക മേധാവിത്തങ്ങൾക്ക് വിധേയപ്പെടാതെ നിൽക്കുന്നു എന്നതും അഭിമാനിക്കത്തക്കതാണ്. ഐക്യുമെനിസത്തിലൂടെ ഈ സഭയ്ക്ക് തനതായ അവകാശവാദമുണ്ട്. (Ecumenism is assertion) നവീകരണത്തിന്റെ ദൈവശാസ്ത്രാടിസ്ഥാനം ഇപ്രകാരം നിക്ഷേപിക്കാം.

1. മനുഷ്യൻ തന്റെ സ്വന്തയോഗ്യതയിലല്ല ദൈവത്തിന്റെ കൃപയാലത്രേ രക്ഷിക്കപ്പെടുന്നത്.

2. ദൈവം തന്റെ കൃപ യേശുക്രിസ്തുവിൽ വെളിപ്പെടുത്തി.
3. ദൈവകൃപയോടുള്ള മനുഷ്യന്റെ പ്രതികരണമാണ് വിശ്വാസം, ദൈവത്തിലും ദൈവം യേശുക്രിസ്തുവിലൂടെ നിർവ്വഹിച്ച രക്ഷണ്യപ്രവർത്തിയിലുമുള്ള വ്യക്തിപരമായ ആശ്രയം.
4. ഈ പ്രതികരണത്തിന്റെ ഫലമായി മനുഷ്യൻ ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു, വിശുദ്ധ ജീവിതം നയിക്കാൻ സാധിക്കുന്നു.
5. ന്യായപ്രമാണവും സുവിശേഷവും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ട്.
6. ബാഹ്യവും ദൃശ്യവുമായ സഭയും അത്യന്തികമായി ശ്രേഷ്ഠവും ആത്മീയവുമായ സഭയും തമ്മിൽ വാസ്തവമായി (അടിസ്ഥാനപരമായി) അന്തരമുണ്ട്.

18-ാം നൂറ്റാണ്ടിൽ ബൊസ്രയിൽ നിന്ന് വന്ന ഒരു പേർഷ്യൻ മെത്രാൻ കേരളത്തിലെ പള്ളികൾ സന്ദർശിച്ച് അവയിൽ സ്ഥാപിച്ചിരുന്നതായ പ്രതിമകൾ തച്ചുടച്ചതായി ചരിത്രരേഖകളിൽ കാണുന്നു. മുളന്തുരുത്തിപ്പള്ളിയിലുണ്ടായിരുന്ന കന്യാമറിയത്തിന്റെ പ്രതിമ അങ്ങനെ തകർക്കപ്പെട്ടു. 1836-ൽ കോഴഞ്ചേരിപ്പള്ളിയിലെ ത്രോണോസിൽ ഉണ്ടായിരുന്ന ബിംബങ്ങൾ ആരോ വെളിയിലിട്ട് വെട്ടി നശിപ്പിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. അതേ വർഷത്തിലാണ് മാരാമൺ പള്ളിയിലുണ്ടായിരുന്ന മുത്തപ്പന്റെ പ്രതിമ പലക്കുന്നത്ത് മല്പാനച്ചൻ കിണറ്റിലെറിഞ്ഞ് നശിപ്പിച്ചത്. കുന്നുംകുളത്തും മറ്റും പ്രതിമകൾ കത്തിച്ചിരുന്നതായി അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന സി.എം.എസ് മിഷനറി റിപ്പോർട്ടുകളിൽ കാണുന്നു. ബിംബങ്ങൾ നഗരത്തിൽ നിറഞ്ഞിരിക്കുന്നത് കണ്ട് മനസ്സിനു ചൂടുപിടിച്ച പൗലോസിന്റെ (അ.പ്ര.17.16) തീഷ്ണത ഉൾക്കൊണ്ടു പ്രവർത്തിച്ചവർ ഇവിടെ ഉണ്ടായിരുന്നെങ്കിലും നവീകരണ സഭയുടെ നിലനിൽപ്പിന്റെ മേഖലകളിൽ ഈ പ്രശ്നം നിൽക്കുന്നു. തദ്ദേശ മെത്രാന്മാരുടെയും പരദേശമെത്രാന്മാരുടെയും കബറിടങ്ങളും ഗീവർഗ്ഗീസ് പുണ്യവാളന്റെയും കന്യസ്ത്രീയമ്മയുടെയും ഔസേപ്പ് പിതാവിന്റെയും പ്രതിമകളും ഉയർത്തിക്കാട്ടി പൊതുസമൂഹത്തിന്റെ നിഷ്കളങ്കത ചൂഷണംചെയ്യുന്ന തീർത്ഥാടന കേന്ദ്രങ്ങളും കുരിശടികളും ഉണ്ടാക്കി പുകമറസൃഷ്ടിക്കുന്ന പ്രാകൃത രീതികൾ നവീകരണ സഭയുടെ പ്രേക്ഷിത മേഖലയിൽ വെല്ലുവിളി ഉയർത്തുന്നു.

തേവലക്കര - കരുനാഗപ്പള്ളി പ്രദേശങ്ങൾ വിദ്വാൻ കുട്ടിയച്ചന്റെ (Rev. Justus Joseph of the Anglican Church) നേതൃത്വത്തിലുണ്ടായ ഉണർവ്വിന് വേദിയായി. യുയോമയം എന്നൊരു ആവാന്തര വിഭാഗം മദ്ധ്യതിരുവിതാംകൂറിൽ ഉടലെടുക്കാൻ ഇതു കാരണമായി. അപകടം മണത്തറിഞ്ഞ മാർത്തോമാ മെത്രാപ്പോലീത്ത ആംഗ്ലിക്കൻ സഭയുടെ മദ്രാസ് ബിഷപ്പിലൂടെ വിദ്വാൻകുട്ടിയച്ചനെ സഭാഭ്രഷ്ടനാക്കുന്നതിന് മുൻകൈയ്യെടുത്തു. സഭാവിജ്ഞാനീയത്തിലധിഷ്ഠിതമായ അച്ചടക്കം നവീകരണകാലത്ത് പലരും ലംഘിച്ചിരുന്നു. പിൽക്കാലത്ത് പൊയ്കയിൽ യോഹന്നാൻ എന്ന മർത്തോമ്മാ സഭാസുവിശേഷകന്റെ നേതൃത്വത്തിൽ പ്രത്യക്ഷരക്ഷാദൈവസഭ എന്നൊരുസംഘടന മദ്ധ്യതിരുവിതാംകൂറിൽ ഉടലെടുത്ത് പിന്നോക്ക വിഭാഗക്കാരെ സഭയ്ക്കഭിമുഖമായി നിർത്തുകയും സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ ശ്രദ്ധയാർജ്ജിക്കുകയും ചെയ്തു. ഈ രണ്ടു സംഘടനകളും ക്രിസ്തീയ മണ്ഡലത്തിൽ തുടങ്ങി ഹൈന്ദവ ആചാരങ്ങളിലേക്ക് വഴുതിപ്പോകുന്ന വ്യത്യസ്ത മത വിഭാഗങ്ങളായിത്തീർന്നു. വിദ്വാൻകുട്ടിയുടെ സംഘടന മുന്നോക്കവിഭാഗത്തെയാണ് ആകർഷിച്ചത്. സഭാനേതൃത്വവും ഉണർവ്വും സംഘടനകളുടെ നേതാക്കളും തമ്മിൽ തർക്കങ്ങൾ ഉണ്ടായി. ശിക്ഷണനടപടികൾക്ക് വിധേയരായ സാധു കൊച്ചുകുഞ്ഞ് ഉപദേശിയും മഹാകവി കെ.വി.സൈമണും മാർത്തോമാക്കാരായിരുന്നു. സാധു കൊച്ചുകുഞ്ഞ് അനുതപിച്ച് മാപ്പപേക്ഷിക്കയും സഭാ ജീവിതത്തിൽ ഊർജ്ജസ്വലനായി മരണപര്യന്തം തുടരുകയും ചെയ്തു. സൈമൺ സഭാഭ്രഷ്ടനാകുകയും പിന്നീട് വേർപാടുസഭയിൽ ചേർന്ന് പ്രവർത്തിക്കുകയും ചെയ്തു. വിദ്വാൻകുട്ടിയുടെയും സാധുകൊച്ചുകുഞ്ഞിന്റെയും കെ.വി.സൈമൺന്റെയും ഭക്തിഗാനങ്ങൾ മാർത്തോമാക്കാരുൾപ്പെടെ പല ക്രൈസ്തവ സഭക്കാരും താല്പര്യപൂർവ്വം ഇന്നും ആലപിക്കുന്നുണ്ട്. നവീകരണസഭയായ മാർത്തോമാ സഭയ്ക്ക് പ്രാദേശികമേഖലയിൽ നിന്ന് ഭാരതത്തിലും പുറത്തും ആരാധനാ സമൂഹങ്ങളും സാക്ഷ്യമേഖലകളും രൂപപ്പെട്ടതോടുകൂടെ എക്യുമെനിക്കൽ രംഗത്തും ജീവകാരുണ്യ പ്രവർത്തനരംഗത്തും അംഗീകാരവും സുവിശേഷ പ്രഘോഷണരംഗത്ത് വ്യക്തിമുദ്രയും ലഭിച്ചു എന്നത് അഭിമാനകരമാണ്. നേതൃത്വവും അണികളും തമ്മിലുള്ള ബന്ധം ഊഷ്മളമായി നിലനിർത്താനും അച്ചടക്കലംഘനങ്ങൾ നേരിടാനും സഭയ്ക്ക് കഴിയണം. അതിന് വരും നാളുകളിലും സാധ്യമാകട്ടെ.

# ഐക്യത്തിന്റെ തീച്ചൂളയിൽ

## കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യ

സി. എസ്. ഐ - സി. എൻ. ഐ - മാർത്തോമാ സഭകളുടെ ഐക്യവേദിയായ കമ്മ്യൂണ്യൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെ രൂപപ്പെടലും അതിന്റെ ലക്ഷ്യവും വിശകലനം ചെയ്യുകയാണ് ഡിപ്പാർട്ട്മെന്റ് ഓഫ് എക്യൂമെനിക്കൽ റിലേഷൻസ് ആന്റ് ഇക്കോളജിക്കൽ കൺസേൺസ് ഡയറക്ടറും സി. എസ്. ഐ സഭയിലെ വൈദികനുമായ **റവ. വിജി വർഗ്ഗീസ് ഈപ്പൻ**

2011 നവംബർ 13ന് ഭാരതത്തിൽ സഭാസംഗമോത്സവം ആഘോഷിക്കുമ്പോൾ തത്പരിണാമ പ്രക്രിയയെക്കുറിച്ചുള്ള വിചിന്തനം തികച്ചും അനുയോജ്യം ആയിരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. മൂന്ന് വ്യത്യസ്ത സഭകളുടെ അഗാധമായ അഭിലാഷത്തിന്റെ പരിണിത ഫലമാണ് പ്രസ്തുത സഭൈക്യം. അതായത് 1947ൽ പ്രസ്ബിറ്റേരിയൻ, മെഥഡിസ്റ്റ്, കോൺഗ്രിഗേഷണൽ, ആഗ്ലിക്കൻ സഭകളുടെ സംയോജനഹേതുവാൽ ദക്ഷിണേന്ത്യയിൽ രൂപീകൃതമായ ദക്ഷിണേന്ത്യൻ സഭ, അഥവാ സി.എസ്.ഐ, 1970ൽ മേൽപ്പറഞ്ഞ സഭകളുടെ സംഘത്തിൽ ബാപ്റ്റിസ്റ്റ് പാരമ്പര്യവും കൂടിചേർന്ന് ഉത്തരേന്ത്യയിൽ ഉടലെടുത്ത ഉത്തരേന്ത്യൻ സഭ, അഥവാ സി.എൻ.ഐ. സിറിയൻ ക്രൈസ്തവ സമുദായത്തിലെ നവോത്ഥാനമുൾക്കൊണ്ട കിഴക്കൻ സഭാ പാരമ്പര്യസമ്പന്നമായ മലങ്കര മാർത്തോമ്മാ സിറിയൻ സഭ എന്നിവ തമ്മിലുള്ള ഐക്യമാണ് കമ്മ്യൂണ്യൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെ അസ്ഥിത്വം.

ക്രിസ്തുവിൽ ദൈവദത്തമായി നൽകപ്പെട്ട ഐക്യത വെളിപ്പെടുത്തുവാനും സമ്പൂർണ്ണ സംയുക്ത ബന്ധത്തേക്കാൾ സഭൈക്യം നിലനിർത്തുവാനും തുടരുവാനുമാണ് ഈ സമിതി സ്ഥാപിക്കപ്പെട്ടത്. സി.എസ്.ഐ., സി.എൻ.ഐ. മാർത്തോമ്മാ ഐക്യസമിതി( C.SI-C.N.I.-Marthoma Joint Council) എന്നായിരുന്നു. ഈ ഐക്യസമൂഹത്തിന്റെ നാമധേയം. ഈ ജോയിന്റ് കൗൺസിലിന്റെ രൂപീകരണത്തിനുള്ള പാത തുറക്കപ്പെട്ടത് 1947 ലാണ്. മൂന്നു സഭകളുടെയും സംയുക്ത ദൈവശാസ്ത്രസമാജം (Theolgical Commision) പുറത്തിക്കിയ പഞ്ചപ്രഖ്യാപനം സഭൈക്യത്തിന്റെ അനിവാര്യത വ്യക്തമാക്കി. തുടർന്ന നടന്ന പല ചർച്ചകളുടെയും പരിണിത ഫലമായി അഞ്ച് ബിഷപ്പൻമാരും 10 വൈദികരും സ്ത്രീകൾ ഉൾപ്പെടെയുള്ള 15 പ്രഥമാംഗങ്ങളും ചേർന്നുള്ള 30 പ്രതിനിധികളുമടങ്ങുന്ന സമിതി രൂപീകരിക്കപ്പെടുകയും, 1978ൽ നാഗ്പൂരിൽവച്ച് ഭാരതത്തിൽ ക്രിസ്തുസഭകൾ ഒന്നാണെന്ന സന്ദേശം പ്രതിഫലിക്കുന്ന സംയ്ക്ത സമിതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.



ക്രിസ്തുവിന്റെ സന്ദേശം രാജ്യത്തിൽ ഉയരുന്നതിലുള്ള താൽപര്യം പ്രകടമാക്കുക, നിലനിൽക്കുന്ന സഭാ സഹോദര്യം സുദൃഢമാക്കുക, സഭൈക്യം പിൻതുടരുക, വിശാലമായ തലങ്ങളിലേക്ക് ഈ ഐക്യത പ്രത്യക്ഷീകരിക്കാനുള്ള ധാരണകൾ മെനയുക, സഭാദൗത്യം ഭാരതത്തിൽ പൂർണ്ണമാക്കപ്പെടുന്നതിനുള്ള സാധ്യതകൾ ഉദ്ഘനനം ചെയ്യുക, വിശ്വാസാരാധനക്രമങ്ങൾ തുടങ്ങിയ

വിഷയങ്ങളെക്കുറിച്ചുള്ള പാരസ്പരികതയും നവപദ്ധതികളുടെ പ്രവർത്തനവും ഫലവത്താക്കുക, പ്രശ്നാധികളോടെ പ്രതികരിക്കുക എന്നിവയായിരുന്ന ജോയിൻ കൗൺസിലിന്റെ ധർമ്മങ്ങളിൽ ചിലത്. ഇതിന്റെ വെളിച്ചത്തിൽ കൗൺസിൽ കൈക്കൊണ്ട നടപടികൾ താഴെ പറയുന്നവയാണ്.

1. നവംബർ മാസത്തിന്റെ രണ്ടാം ഞായറാഴ്ചയിൽ വിശുദ്ധ സംസർഗ്ഗം ആചരിക്കാൻ ഈ ഐക്യസമൂഹത്തിൽ ഉൾപ്പെടുന്ന സഭകളുടെ ഏതെങ്കിലും പ്രാദേശിക സഭയിൽ വച്ച് സംയുക്ത ആരാധനയും ആഘോഷവും ക്രമീകരിക്കുക.

2. മൂന്നു സഭകളുടെയും യൂക്കറിസ്റ്റ് ക്രമങ്ങൾ ജനങ്ങൾ നന്നായി പരിചയിക്കുവാനും തങ്ങൾക്കുള്ള ആചാര ക്രമം കൂടാതെ മൂന്നു സഭകളുടെയും ആരാധനാ ക്രമങ്ങൾ ഒരുമിച്ച് ഉപയുക്തമാക്കുവാൻ തക്കവണ്ണം ഏക വാല്യമായി പ്രസിദ്ധീകരിക്കുക.

3.സംയുക്തസമിതിയിലെ സാധാരണജനങ്ങൾക്ക് പരിചയപ്പെടുത്തുകയും വ്യക്തമാക്കുകയും ചെയ്യുന്നതിനായി പ്രാഥമിക വിവരങ്ങൾ അടങ്ങിയ ലഘുലേഖ പ്രസിദ്ധീകരിക്കുക.

4. പ്രാദേശികതലത്തിൽ ഐക്യം പ്രത്യക്ഷീകരിക്കാനായി സമിതികൾ രൂപീകരിക്കുക

5. അംഗങ്ങളിൽ ഐക്യത്തിന്റെ ധാരണ വളർത്തുവാനും സംയുക്ത നേതൃത്വനിര രൂപപ്പെടുത്തുവാനും പൊതുവിചിന്തനത്തിന് അവസരം ഒരുക്കുവാനും മൂന്നു സഭകളിലേയും യുവജനങ്ങൾ, വൈദികർ, വനിതകൾ എന്നിവരുടെ സംയുക്ത സമ്മേളനങ്ങൾ ക്രമീകരിക്കുക.

6.സംയുക്തസുവിശേഷ ദൗത്യം ഭാരതത്തിന്റെ വടക്കുകിഴക്കൻ സംസ്ഥാനമായ സിക്കിമിൽ നടത്തപ്പെടുന്നതിനുള്ള പ്രാഥമിക നടപടികൾ അംഗീകരിക്കുക.

7. മൂന്നു സഭകളുടെയും കൃത്യനിർവ്വഹണസമിതികളിൽ പരസ്പര ധാരണയോടെ ഭാഗധേയത്വം വഹിക്കുവാനുള്ള നടപടികൾ ആരംഭിക്കുക.

8. ലൂഥറൻ മെഥഡിസ്റ്റ് സഭകളെപ്പോലെയുള്ള മറ്റ് സഭകൾ സംയുക്തസമിതിയിൽ ചേരുവാനുള്ള സാധ്യതകൾ ആരായുക.

9. പ്രശ്നാധിഷ്ഠിതമായി രാജ്യത്തിന്റെയോ സമുദായങ്ങളുടെയോ സാമൂഹിക രാഷ്ട്രീയസാഹചര്യങ്ങളോട് പ്രതികരിക്കുക.

ഇവിടെ സൂചിപ്പിക്കപ്പെട്ട നടപടികളുമായി അനേകദൂരം മുമ്പോട്ട് യാത്രചെയ്യുവാൻ ജോയിന്റ് കൗൺസിലിന് സാധിച്ചു എന്നത് അഭിനന്ദനാർഹമാണ്. അതിൽ ഉപരിയായി 1999ൽ സഭൈക്യത്തിന്റെ നവീന സാധ്യതകൾക്കായി ഭാരത ക്രൈസ്തവസഭകളുടെ സംസർഗ്ഗം (Communion of Church in India - CCI) എന്ന പേരിൽ ഈ കൗൺസിൽ പുനഃനാമകരണം ചെയ്യപ്പെട്ടത് തികച്ചും സ്തുത്യർഹമായപടിയായിരുന്നു. കൗൺസിലിൽ നിന്ന് കമ്മ്യൂണിയനിലേക്കുള്ള യാത്ര രണ്ട് തലങ്ങളിലേക്കുള്ള വിശ്വാസപ്രയാണമായിരുന്നു.

സംയുക്ത സമിതിയിൽ നിന്നുകൊണ്ട് ആരാധനാക്രമങ്ങളുടെയും പാരമ്പര്യങ്ങളുടെയും അതിർവരമ്പുകളെയും ഭേദിച്ചുകൊണ്ട് സഭാസംസർഗ്ഗത്തിലേക്കുള്ള പ്രയാണം.

ഉപദേശക ഭരണസമിതികളിലേക്കു ഒരു കൂട്ടം വ്യക്തികളെ തെരഞ്ഞെടുക്കുക എന്ന നിലയിൽ നിന്ന് ഒരു പൊതുവിശ്വാസത്തിന്റെ വ്യക്തമായ പങ്കിടീലിലേക്കുള്ള പ്രയാണം.

***ഐക്യത്തിന്റെ നാല് ദശകങ്ങൾ പൂർത്തീകരിപ്പാൻ നാല് വർഷങ്ങൾ മാത്രം ബാക്കി നിൽക്കുമ്പോൾ വിശ്വാസ പ്രമാണത്തിന്റെ ഒരു നാൽക്കവലയിൽ നാം നാലുപേരും നിൽക്കുകയാണ്. മൂന്ന് അംഗ സഭകളും ദൈവവും. വിശ്വാസ ശോധനയുടെ തീച്ചൂളയിൽ നാം മൂന്നുപേർ മാത്രം. നമ്മോടൊപ്പം ത്രിയേക ദൈവം ഉണ്ട്. ആ ദൈവം നമ്മെ വഴി നടത്തും.***

ഈ വിശ്വാസപ്രയാണത്തിന്റെ പല നാഴികകല്ലുകളും പിന്നിടുവാൻ നമുക്ക് സാധിച്ചു. ഭാരതത്തിൽ ക്രിസ്തുസഭയുടെ പൊതുപ്രവർത്തനത്തിനായുള്ള .അംഗീകൃത സമിതിയായി നിലനിൽക്കുവാൻ, അംഗസഭകൾ സ്വതന്ത്രമായി പരസ്പര ബഹുമാനത്തോടുകൂടി ഈ ഏകത അനുധാവനം ചെയ്യുവാൻ ഇന്നും ശ്രമിക്കുന്നു എന്നത് ശ്രദ്ധേയമാണ്. BEM-ബാപ്റ്റിസം- യൂക്കറിസ്റ്റ് - മിനിസ്ട്രി- ന്റെ അടിസ്ഥാനത്തിൽ ഒരു പൊതു വേദ

വായനക്രമം രൂപീകരിപ്പാൻ നമുക്ക് സാധിച്ചു. അതിലുപരിയായി വിശുദ്ധ സംസർഗ്ഗം/കുർബ്ബാന ആചരിക്കുന്നതിനായി ഒരു പൊതു ആരാധനാക്രമം (Common Liturgy of the Eucharist for CCI) ഒരുമിച്ച് രൂപപ്പെടുത്തുവാനും നമുക്ക് സാധിച്ചു. എല്ലാ വർഷവും അംഗസഭകളിലെ പല പള്ളികളിലും പുൾപിറ്റ് ചെയ്ഞ്ച് നടന്നുവരുന്നതും പ്രശംസനീയമാണ്.

പല ഇടങ്ങളിൽ കൺവൻഷനുകൾക്കും ഓണവാര വേലകൾക്കും നേതൃത്വം നൽകുവാൻ ഈ അംഗസഭകളിലെ അംഗങ്ങൾ കൂടി വരുന്നതും എടുത്തു പറയേണ്ട കാര്യമാണ്.

എന്നിരുന്നാലും കഴിഞ്ഞ 36 വർഷങ്ങളിലെ വിശ്വാസ പ്രമാണത്തിൽ നാം എത്തേണ്ടിയിരുന്ന ദൂരം യഥാർത്ഥത്തിൽ പിന്നിടുവാൻ നമുക്ക് എത്രത്തോളം സാധിച്ചു എന്നുള്ളത് ആത്മശോധനയ്ക്കും വിധേയമാക്കേണ്ടതാണ്. ഭരണതലങ്ങളിൽ ഒതുങ്ങി നിൽക്കുന്ന ഐക്യത്തിൽ നിന്നും വേരുകളിലേക്കു ഈ ഐക്യത്തിന്റെ സന്ദേശം എത്തിപ്പാൻ നമുക്ക് സാധിച്ചുവോ? ഐക്യഞായർ ആരാധനയുടെയും ആഘോഷത്തിന്റെയും അപ്പുറത്തേക്കു സഞ്ചരിപ്പാനും ഈ ഐക്യം അംഗസഭകളിലെ ഓരോ വ്യക്തിയുടെയും ജീവിതത്തിന്റെ ഭാഗമാക്കുവാനും നമുക്ക് ഇടയായിട്ടുണ്ടോ? ഐക്യത്തിന്നായി 70-കളിലും 80-കളിലും അംഗസഭകൾക്ക് ഉണ്ടായിരുന്ന ദാഹം ഇന്നും അതെ തീക്ഷ്ണതയിൽ നിലനിർത്തുവാൻ നാം ശ്രമിക്കുന്നുണ്ടോ? തോളോടു തോൾ ചേർന്ന് ഭാരത സുവിശേഷീകരണത്തിനായും പ്രേക്ഷിതദൗത്യത്തിനായും നമുക്ക് എത്രത്തോളം സാധിച്ചു? അംഗസഭകളിലെ അംഗങ്ങളായ നാം ഈ ഐക്യത്തെ സ്നേഹത്തിന്റെയും ഒരുമയുടെയും അടയാളമായി കാണുന്നതിന് പകരം ഭയത്തിന്റെയും സംശയത്തിന്റെയും നിഴലായിട്ടാണോ കാണുന്നത്? നമ്മുടെ വളർന്നു വരുന്ന തലമുറകളിലേക്കു ഈ ഐക്യത്തിന്റെ വിത്തുകൾ പാകുവാൻ നമുക്ക് സാധ്യമായിത്തീരുന്നുണ്ടോ? ഈ സമിതിയിലെ അംഗങ്ങളായ സഭകൾക്കും ഇതര അംഗസഭകളെ കുറിച്ചുള്ള അറിവ് ഇന്നും അന്യമല്ലേ?. ഞായറാഴ്ച ദിവസങ്ങളിലെ ആരാധനാ മദ്ധ്യേയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ ഒതുങ്ങുന്ന പരാമർശങ്ങൾ ക്കുമപ്പുറം നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകളിലും കുടുംബപ്രാർത്ഥനകളിലും അന്യോന്യം ഓർക്കുവാനും പ്രാർത്ഥിപ്പാനും നാം ശ്രമിക്കാറുണ്ടോ? ഈ ഐക്യത്തിലേക്കു ലുഥറൻ മെഥഡിസ്റ്റ് സഭാംഗങ്ങൾ കൂടിച്ചേരണമെന്നുള്ള ആഗ്രഹം എത്രത്തോളം ഫലപ്രാപ്തിയിൽ എത്തിപ്പാൻ നാം ശ്രമിച്ചു?. ഈ ചോദ്യങ്ങൾക്ക് ക്രിയാത്മകമായ ഉത്തരങ്ങൾ കണ്ടെത്തുവാൻ എന്ന് നമുക്ക് സാധിക്കുന്നുവോ അന്ന് മാത്രമേ ഈ ഐക്യം ദൈവരാജ്യത്തിന്റെ തനിപ്പകർപ്പും പതിപ്പും ആണെന്ന് അവകാശപ്പെടുവാൻ നമുക്ക് സാധിക്കുകയുള്ളൂ.

പക്ഷെ പല കോണുകളിൽ നിന്നും ഈ ഐക്യത്തെ വിമർശിച്ചുകൊണ്ട് ഇത് ഒരു പരാജയമാണെന്ന് വരുത്തിത്തീർക്കാനുള്ള അഭിപ്രായങ്ങളോടു യോജിക്കുന്നില്ല. ദൈവത്തിന്റെ ദാനമായ വ്യത്യസ്തതകളും വൈവിദ്ധ്യങ്ങളും അന്യോന്യം ഉൾക്കൊണ്ടുകൊണ്ട് ഒരുമയുടെ വക്താക്കളായി പ്രവർത്തിപ്പാൻ ശ്രമിക്കുന്നതിൽ ഒരുപക്ഷേ സ്വാഭാവികമായി ഭവിക്കുന്ന പരിമിതികളായോ വീഴ്ചകളായോ മാത്രമേ ഇതിനെ കാണേണ്ടതുള്ളൂ. ഐക്യത്തിന്റെ നാല് ദശകങ്ങൾ പൂർത്തീകരിപ്പാൻ നാല് വർഷങ്ങൾ മാത്രം ബാക്കി നിൽക്കുമ്പോൾ വിശ്വാസ പ്രമാണത്തിന്റെ ഒരു നാൽക്കവലയിൽ നാം നാലുപേരും നിൽക്കുകയാണ്. മൂന്ന് അംഗ സഭകളും ദൈവവും. വിശ്വാസ ശോധനയുടെ തീച്ചൂളയിൽ നാം മൂന്നുപേർ മാത്രം. നമ്മോടൊപ്പം ത്രിയേക ദൈവം ഉണ്ട്. ആ ദൈവം നമ്മെ വഴി നടത്തും. വീഴ്ചകളും വെല്ലുവിളികളും അതിജീവിച്ചു കൊണ്ട് ദൈവം നമുക്കായി വിഭാവന ചെയ്തവയുടെ ഫലപ്രാപ്തിയിൽ എത്തിപ്പാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

## മാർത്തോമ്മാ യുവജനസഖ്യം
### ഏനാത്ത് സെന്റർ
### പഠന കൂട്ടായ്മ 2011

മാർത്തോമ്മാ യുവജനസഖ്യം, ഏനാത്ത് സെന്ററിന്റെ പഠന കൂട്ടായ്മ ഒക്ടോബർ 21, 22, 23 (വെള്ളി, ശനി, ഞായർ) തീയതികളിൽ മാർത്തോമ്മാ യൂത്ത് സെന്റർ, അടൂരിൽ വെച്ച് നടത്തപ്പെടും. സഖ്യം പ്രസിഡന്റ് നി.വ.ദി. ശ്രീ. ജോസഫ് മാർ ബർന്നബാസ് തിരുമേനി ക്യാമ്പ് ഉദ്ഘാടനം നിർവ്വഹിക്കും. "Roots and wings of liturgy" എന്നതാണ് പഠനവിഷയം.

**റിറ്റൊറെജി**, സെക്രട്ടറി

# ക്രിസ്തീയ വിദ്യാഭ്യാസം ഒരു വീണ്ടുവിചാരം

റവ. നൈനു ചാണ്ടി
ജനറൽ സെക്രട്ടറി, മാർത്തോമാ സണ്ടേസ്കൂൾ സമാജം

'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക;
അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ലല്ലോ"
(സദൃശവാക്യങ്ങൾ 22:6)

മനുഷ്യന്റെ ചരിത്രത്തോളം തന്നെ പഴക്കമുള്ളതാണ് വിദ്യാഭ്യാസ ചരിത്രവും. അമ്മയുടെ ഉദരത്തിൽവെച്ചു തന്നെ ഒരു കുഞ്ഞിന്റെ വിദ്യാഭ്യാസ പ്രക്രിയ ആരംഭിക്കുന്നു എന്ന് ഇന്ന് ശാസ്ത്രം അംഗീകരിക്കുന്നുണ്ട്. ഇതിന്റെ അർത്ഥം അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതു മുതൽ കുട്ടി പഠനം തുടങ്ങിക്കഴിഞ്ഞു എന്നാണ്. കുട്ടികളുടെ വിദ്യാഭ്യാസം ഇന്ന് എല്ലാ തലങ്ങ



ളിലും സവിശേഷതയാർന്ന ശ്രദ്ധയോടുകൂടി ഏല്ലാവരും ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ്.

## പൊതുവിദ്യാഭ്യാസം ഒരു സാമൂഹ്യവത്കരണ പ്രക്രിയ

പൊതുവിദ്യാഭ്യാസം ഒരു സാമൂഹ്യവത്ക്കരണ പ്രക്രിയയാണ്. വീട്ടിലെ 'സ്വന്തംകുട്ടി, വീടാണ് ലോകമെന്ന് വിചാരിക്കുന്ന കുട്ടി ഒരു സാമൂഹ്യജീവിയായി രൂപപ്പെടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. ഒരു കുട്ടി കളിച്ചുതുടങ്ങുന്നത് വീട്ടിൽ തനിക്കു ലഭിക്കുന്ന കളിപ്പാട്ടങ്ങളുമായി ഇടപെട്ടാണ്. 'മോന്റെ കളിപ്പാട്ടം, 'മോളുടെ കളിപ്പാട്ടം, എന്നു പറഞ്ഞാണ് ആൺകുട്ടിയും പെൺകുട്ടിയും അവയെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നതുപോലും ആ കളിപ്പാട്ടങ്ങളെ വേറൊരാൾ തൊടുന്നതോ എടുക്കുന്നതോ അവർ ഇഷ്ടപ്പെടുന്നില്ല. തങ്ങളുടേതായി മാത്രം അവരതു സൂക്ഷിക്കും. എന്നാൽ വളർച്ചയുടെ അടുത്ത ഘട്ടത്തിലാണ് കളിപ്പാട്ടങ്ങളെ മറ്റു കൂട്ടുകാരുമായി പങ്കുവെയ്ക്കാൻ കുട്ടികൾ തയ്യാറാകുന്നത്. നേഴ്സറി ക്ലാസിൽ എത്തുമ്പോഴേക്കും സഹകരണത്തിന്റെയും പങ്കുവെയ്ക്കലിന്റെയും മനോഭാവം കൂടുതൽ വെളിപ്പെട്ടുവരും. തുടർന്ന് കളിപ്പാട്ടങ്ങളോടു ഇടപെടുന്നതിനേക്കാളും സമപ്രായക്കാരായ കൂട്ടുകാരോടു ഇടപെടുന്നതിലും അവരോടൊപ്പം കളിക്കുന്നതിലും സന്തോഷവും സംതൃപ്തിയും കണ്ടെത്തും. സമൂഹവുമായി ഇടപെടുവാൻ കൂടുതൽ അവസരങ്ങൾ ഉണ്ടാകും. കുട്ടികളുടെ ലോകം അങ്ങനെ വിപുലീകരിക്കപ്പെട്ടുകൊണ്ടിരിക്കും. സമൂഹത്തിൽ ജീവിക്കുമ്പോൾ പാലിച്ചിരിക്കേണ്ട ചിട്ടകൾ, പ്രമാണങ്ങൾ (മൂല്യങ്ങൾ), പെരുമാറ്റരീതികൾ, പൗരധർമ്മം എന്നിവയിൽ കൂടുതൽ ഉറച്ച ധാരണകൾ വിദ്യാഭ്യാസത്തിലൂടെ നേടും. ഇങ്ങനെ ഓരോ കുട്ടിയും സൂഹത്തോടുള്ള ഉത്തരവാദിത്തങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരായി, നല്ല പൗരന്മാരായി വളരും. ഇത് വിദ്യാഭ്യാസത്തിലൂടെ സാധ്യമാകുന്ന സാമൂഹ്യവത്കരണ പ്രക്രിയയാണ്.

**ബിരുദ് പരീക്ഷയിൽ കൂടുതൽ നല്ല ഫലം ഉത്പാദിപ്പിക്കുന്ന ഫാക്ടറികളായി മാത്രം സണ്ടേസ്കൂളുകൾ തീർന്നുപോകരുത്. കുട്ടികൾക്കു തന്നെ സത്യം കണ്ടെത്തുവാനും ലോകത്തിന്റെ രക്ഷകനെ കണ്ടെത്തുവാനുമുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുകയാണ് നാം സണ്ടേസ്കൂളുകളിലൂടെ ചെയ്യേണ്ടത്.**

## ക്രിസ്തീയ വിദ്യാഭ്യാസം ഒരു രൂപാന്തര പ്രക്രിയ

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെയും സാമൂഹ്യവത്കരണ പ്രക്രിയ നടക്കും. എന്നാൽ മുഖ്യമായും ക്രിസ്തീയ വിദ്യാഭ്യാസം ലക്ഷ്യമിടുന്നത് ഒരു രൂപാന്തര പ്രക്രിയയാണ്. രൂപാന്തരം തനിയെ സംഭവിക്കുകയില്ല. .യേശുക്രിസ്തുവാണ് നമ്മെ രൂപാന്തതയിലേക്കു നയിക്കുന്നത്. ഒരുവൻ ക്രിസ്തുവിലാകുമ്പോൾ അവൻ രൂപാന്തരപ്പെട്ട ഒരു പുതിയ സൃഷ്ടിയായിത്തീരുകയാണ്. യേശുവിങ്കലേക്കു വരിക, കുഞ്ഞുങ്ങളെ യേശുവിങ്കലേക്കു കൊണ്ടുവരിക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ക്രിസ്തുവിനോടുള്ള ബന്ധത്തിൽ രൂപാന്തരപ്പെട്ട അനുഭവത്തിൽ കുഞ്ഞുങ്ങളെ കർത്താവുമായുള്ള ബന്ധത്തിൽ രൂപാന്തരപ്പെടുവാനായി യേശുവിങ്കലേക്കു നയിക്കുക എന്നാണ് അർത്ഥം.

## രൂപാന്തരം വിവിധ തലങ്ങളിൽ

ഒരു കുട്ടിയുടെ രൂപാന്തരം നാലു തലങ്ങളിൽ നടക്കേണ്ടതായിട്ടുണ്ട്. 1. വ്യക്തിതല രൂപാന്തരം 2. സാമൂഹികമായ രൂപാന്തരം. 3. സാംസ്കാരികമായ രൂപാന്തരം. 4. ജീവിക്കുന്ന ഇടങ്ങളുടെ രൂപാന്തരം. ഒരു കുട്ടിക്ക് തന്നെക്കുറിച്ച് തന്നെ ഒരു പുതിയ കാഴ്ചപ്പാടും, ഒരു പുതിയ വ്യക്തിത്വ ദർശനവും രൂപപ്പെടുന്നതാണ് വ്യക്തിതല രൂപാന്തരം. പ്രാർത്ഥനയിലും വേദപുസ്തക വായനയിലും ആരാധനയിലും വേണ്ടത്ര താൽപര്യമില്ലാതിരുന്ന സ്ഥാനത്ത് പ്രാർത്ഥിക്കുന്നതിലും ആരാധനയിൽ പങ്കെടുക്കുന്നതിലും സണ്ടേസ്കൂളിൽ പോകുന്നതിലും ഒരു പുതിയ ഉത്സാഹവും സന്തോഷവും സംതൃപ്തിയും കൈവരുന്നത് വ്യക്തിതലത്തിലുള്ള ഒരു രൂപാന്തരത്തിന്റെ പ്രകാശനങ്ങളാണ്. നിശ്ചയമായും ഈ രൂപാന്തരം ഭവനാന്തരീക്ഷത്തിലും പുതിയൊരു ചലനാത്മകത സൃഷ്ടിക്കും. തുടർന്ന് ഈ രൂപാന്തരം സാമൂഹിക തലത്തിലും പ്രതിഫലിക്കും. സമൂഹത്തെ ഗൗരവത്തിലെടുക്കാനും സാമൂഹ്യ ബന്ധങ്ങളെ ശക്തിപ്പെടുത്താനും പഠിക്കും, മറ്റുള്ളവരോടു ഇടപെടുന്നതിലും അവർക്ക് സ്നേഹം കൊടുക്കുന്നതിലും സന്തോഷം കണ്ടെത്താൻ തുടങ്ങുമ്പോൾ സാമൂഹിക തലത്തിലുള്ള രൂപാന്തരത്തിന്റെ പ്രത്യക്ഷ അടയാളങ്ങൾ ദൃശ്യമാകും. സണ്ടേസ്കൂൾ അദ്ധ്യാപകർക്ക് ഇക്കാര്യത്തിൽ വലിയ പങ്ക് നിർവ്വഹിക്കുവാനുണ്ട്. സമൂഹത്തിൽ ജനങ്ങളുടെ ഇടയിൽ നല്ല അംഗീകാരം കിട്ടിയിട്ടുള്ള ആദർശധീരരും ദൈവഭക്തരുമായ അദ്ധ്യാപകർക്ക് അവർ ഉൾപ്പെടുന്ന സമൂഹത്തെ തന്നെ നേരായ പാതയിലേക്ക് നയിക്കുന്നതിനും ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുന്നതിനും ഗണ്യമായ പങ്ക് വഹിക്കുവാൻ കഴിയും. ഒരു കുട്ടിയിൽ ഊറിക്കൂടുന്ന നന്മകളുടെ ശേഷിപ്പാണ് ആ കുട്ടിയുടെ സംസ്കാരം. അത് വ്യക്തിത്വത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നതാണ്. അതേ സമയം വ്യക്തികളുടെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും ആ സംസ്കാരത്തിന്റെ പരിമളം പുറത്തേക്ക് വന്നുകൊണ്ടിരിക്കുകയും ചെയ്യും. പാട്ട്, കഥ, പ്രസംഗം, അഭിനയഗാനം, ലഘുചിത്രീകരണം എന്നിങ്ങനെയുള്ള കലകളുടെ വിവിധ രൂപങ്ങളിലുള്ള സണ്ടേസ്കൂൾ പ്രക്രിയയിലൂടെ തന്നെ സാംസ്കാരിക തലത്തിൽ ഒരു രൂപാന്തരം സംഭവിക്കും. മേൽപ്പറഞ്ഞ മൂന്ന് തലങ്ങളിലേയും രൂപാന്തരം ആ വ്യക്തിയിൽ മാത്രമല്ല ആ വ്യക്തി ഉൾപ്പെടുന്ന സമൂഹത്തെ തന്നെ രൂപാന്തരപ്പെടുത്തും. ഇംഗ്ലണ്ടിലെ റോബർട്ട് റെയ്ക്സ് എന്ന മനുഷ്യസ്നേഹി തെരു

വുകുട്ടികളുടെ ഇടയിൽ തുടങ്ങിവെച്ച ചെറിയ സംരംഭമാണ്. സണ്ടേസ്കൂൾ എന്ന ആത്മീയ പരിശീലനകളരിയായി രൂപാന്തരപ്പെട്ടിരിക്കുന്നത്. തെരുവുകളിൽ തമ്മിലടിച്ചും മറ്റുള്ളവരെ കളിയാക്കിയും നടന്നിരുന്ന കുട്ടികളെ കൂട്ടിവരുത്തി അവരോട് സ്നേഹത്തിന്റെ ഭാഷയിൽ കഥകൾ പറഞ്ഞും പാട്ടുകൾ പഠിപ്പിച്ചുമാണ് റോബർട്ട് റെയ്ക്സ് ആ കുട്ടികളിൽ രൂപാന്തരം വരുത്തിയത്. ഈ കുട്ടികളുടെ രൂപാന്തരം സമൂഹത്തിൽ എല്ലാവരുടെയും ശ്രദ്ധപിടിച്ചുപറ്റുകയയുണ്ടായി. തിന്മയുടെ കളകളെ കുട്ടികളുടെ ഉള്ളിൽ നിന്നും പറിച്ചുകളഞ്ഞതിനൊടൊപ്പം തന്നെ അവരിൽ നന്മയുടെ വിത്തുകൾ വിതയ്ക്കുവാനും അദ്ദേഹം തയ്യാറായി. യേശു തന്റെ പരീക്ഷകളെ അഭിമുഖീകരിച്ചത് വചനത്തിന്റെ ശക്തിയാലാണ്. സണ്ടേസ്കൂളിൽ നാം ക്രിസ്തുവിനുള്ളവരും ക്രിസ്തുവുള്ളവരുമായിത്തീരും. ഇങ്ങനെയാണ് വ്യക്തിയിലും സമൂഹത്തിലും രൂപാന്തരം വരുത്തുവാൻ സഭയ്ക്കു കഴിയുന്നത്. രൂപാന്തരത്തിന്റെ ഒരു വലിയ ശുശ്രൂഷയ്ക്കായി നമ്മെ വിളിച്ചിരിക്കുന്നു എന്ന ബോദ്ധ്യത്തിൽ സണ്ടേസ്കൂൾ അദ്ധ്യാപനം നിർവ്വഹിക്കുവാൻ അദ്ധ്യാപകർക്ക് കഴിയണം.

## സണ്ടേസ്കൂൾ പ്രവർത്തനം യാന്ത്രികമാകരുത്

സണ്ടേസ്കൂൾ പ്രവർത്തനം യാന്ത്രികമായ ഒരു പ്രക്രിയയല്ല. ഇന്ന് ഫാക്ടറികൾ ഉൽപന്നങ്ങളെ രൂപപ്പെടുത്തുന്നതുപോലെയല്ല സണ്ടേസ്കൂൾ പ്രവർത്തിക്കേണ്ടത്. യന്ത്രത്തിലൂടെ ഒരു ഉൽപ്പന്നം രൂപപ്പെടുന്നതുപോലെയല്ല ഒരു കുട്ടി രൂപാന്തരപ്പെട്ട് ദൈവരാജ്യത്തിന്റെ പൗരനായിത്തീരുന്നത്. യന്ത്രത്തിന് വികാരവിചാരങ്ങളില്ല. യാന്ത്രികമായി അത് അതിന്റെ പ്രവൃത്തി ചെയ്യും. എന്നാൽ സണ്ടേസ്കൂൾ അദ്ധ്യാപകർ ഇടപെടുന്നത് ചില വസ്തുതകളോടല്ല ജീവനുള്ള വ്യക്തികളോടാണ്. ബിരുദ പരീക്ഷയിൽ കൂടുതൽ നല്ല ഫലം ഉത്പാദിപ്പിക്കുന്ന ഫാക്ടറികളായി മാത്രം സണ്ടേസ്കൂളുകൾ തീർന്നുപോകരുത്. കുട്ടികൾക്കു തന്നെ സത്യം കണ്ടെത്തുവാനും ലോകത്തിന്റെ രക്ഷകനെ കണ്ടെത്തുവാനുമുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുകയാണ് നാം സണ്ടേസ്കൂളുകളിലൂടെ ചെയ്യേണ്ടത്. പൗലോഫ്രെയറും മറ്റും ചൂണ്ടിക്കാട്ടിയതുപോലെ വിദ്യാഭ്യാസപ്രക്രിയ ബാങ്കിംഗ് എഡ്യൂക്കേഷൻ ആകാൻ പാടില്ല. കുറെ അറിവ് കിട്ടിയാൽ നിക്ഷേപിക്കുക, പിന്നെ ക്വിസിലൂടെയും പരീക്ഷയിലൂടെയും പുറത്തെടുക്കുക എന്ന രീതി ശരിയല്ല. അദ്ധ്യാപകൻ കുട്ടികൾക്ക് പോകേണ്ട റൂട്ട് കാണിച്ചുകൊടുക്കുന്ന ഒരു ചൂണ്ടു പലകയായി മാത്രം നിൽക്കുവാനും പാടില്ല. ക്രിസ്തുവിനോടൊപ്പമുള്ള ഒരു ജീവിത യാത്രയിൽ അദ്ധ്യാപകനും വിദ്യാർത്ഥിയും ഒരുമിച്ചു പങ്കുചേരുന്നതാണ് സണ്ടേസ്കൂൾ വിദ്യാഭ്യാസപ്രക്രിയ. തന്റെ സ്വന്തം കിരീടത്തിൽ മായം കലർന്നിട്ടുണ്ടോ എന്ന രാജാവിന്റെ സംശയമാണ് ആർക്കമിഡിസിനെ ആർക്കമിഡിസ് തത്വം എന്ന പുതിയ തത്വം കണ്ടുപിടിക്കുവാൻ പ്രേരിപ്പിച്ചത്. ഈ കുഴഞ്ഞ പ്രശ്നം പരിഹരിക്കുവാൻ പ്രേരിപ്പിച്ചത്. ഈ കുഴഞ്ഞ പ്രശ്നം പരിഹരിക്കുവാൻ തലപുകഞ്ഞാലോചിച്ച് ദിവസങ്ങൾ തള്ളിനീക്കിയ ശാസ്ത്രജ്ഞൻ കുളിത്തൊട്ടിയിൽ കിടക്കുമ്പോൾ അതിനു പരിഹാരം കണ്ടെത്തുന്നു. ആവേശാതിരേകത്തിൽ 'യുറേക്കാ ' (ഞാൻ കണ്ടെത്തി) എന്ന് വിളിച്ചു കൂവി സൈറക്യുസ് തെരുവിലൂടെ ഓടി എന്നാണ് പറയപ്പെടുന്നത്. ആർക്കമിഡിസ് കണ്ടെത്തിയ സത്യം നാം ഇനിയും പ്രത്യേകിച്ച് കണ്ടെത്തേണ്ട കാര്യമില്ല. എന്നാൽ ആത്മീയ സത്യങ്ങൾ നാം സ്വയം കണ്ടെത്തേണ്ടതാണ്. യേശുവിന്റെ കൂടെ വസിച്ച് യേശു ആരെന്നു കണ്ടെത്തിയ അന്ത്രെയാസ് ''ഞങ്ങൾ മ്ശിഹായെ എന്നുവെച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു" എന്നു പറഞ്ഞത് ഒരു 'യുറേക്കാ' പ്രഖ്യാപനം തന്നെയാണ്. ഈ വിവരം തന്റെ സഹോദരനായ ശീമോനോട് അറിയിക്കുന്നു. ശിമോൻ യേശുവിനെ കണ്ടെത്തി. " നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്നു പ്രഘോഷിക്കുമ്പോൾ അത് ഒരു 'യുറേക്കാ' പ്രഖ്യാപനമായി തീരുകയാണ്. നമ്മുടെ സണ്ടേ സ്കൂളുകൾ ഓരോ കുട്ടിക്കും ഒരു 'യുറേക്കാ' പ്രഖ്യാപനം വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ജീവിതം കൊണ്ടും പ്രഘോഷിക്കുന്ന ഇടങ്ങളായിത്തീരണം എന്നു മാത്രമല്ല, ക്രിസ്തുവിനെ കണ്ടെത്തുമ്പോൾ സംഭവിക്കുന്ന രൂപാന്തരം നിശ്ചയമായും ആത്മാവിന്റെ ഫലമായി പുറത്തുവരികയും വേണം. ''ഇനി,ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് എന്നു പറയുന്ന വിശുദ്ധ പൗലോസിന്റെ സാക്ഷ്യമാകണം യഥാർത്ഥ രൂപാന്തരത്തിന്റെ സാക്ഷ്യം.

# യുവതലമുറക്കാരുടെ പ്രശ്നങ്ങളും, പരിഹാരം കാണേണ്ട മാതാപിതാക്കളും അദ്ധ്യാപകരും

വൈരുദ്ധ്യങ്ങളുടെ കൗമാരകാലം മക്കൾക്കും മാതാപിതാക്കൾക്കും സംഘർഷകാലമാകുമ്പോൾ ഓർത്തുവെക്കേണ്ട ചില കാര്യങ്ങൾ മാതൃത്വത്തിന്റേയും അദ്ധ്യാപനത്തിന്റെയും അനുഭവ പാഠങ്ങളിൽ വിവരിക്കുകയാണ് പത്തനംതിട്ട മാർത്തോമാ ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപികയും യശഃശരീരനായ ദിവ്യശ്രീ. ജോർജ്ജ്. കെ. ഡാനിയേൽ കശ്ശീശായുടെ സഹധർമ്മിണിയുമായ **ശ്രീമതി. അനുകുര്യൻ.**

സങ്കീർണ്ണതകൾ ഏറെയുള്ള കാലമാണ് യുവത്വം. സംഘർഷങ്ങളും സംഘട്ടനങ്ങളും അധികമായ സമയം. പിരിമുറുക്കത്തിന്റെയും കൊടുങ്കാറ്റിന്റെയും സമയം-ഇതാണ് യൗവ്വനം. ഏറെ സവിശേഷതകൾ നിറഞ്ഞ കാലഘട്ടമാണിത് അധികാരത്തിനും പാരമ്പര്യത്തിനുമെതിരെ ശബ്ദമുയർത്തുന്ന പ്രായം. കുതിരയോടാണ് യുവത്വത്തെ സാമ്യപ്പെടുത്തുന്നത് .


ഊർജ്ജ്വസ്വലരാണ്, ബലവാൻമാരാണ്. പക്ഷേ ലക്ഷ്യം തെറ്റി സഞ്ചരിക്കാതിരിക്കാൻ പലമുൻകരുതലുമാവശ്യമാണ്. കടിഞ്ഞാൺ വേണ്ടിടത്ത് യജമാനൻ കടിഞ്ഞാൺ വലിക്കണം എന്നാലെ നിൽക്കുകയുള്ളു. കടിഞ്ഞാൺ പിടിച്ചില്ല എങ്കിൽ കുതറി ഓടികളയും. ആ ഓട്ടം ചെന്നവസാനിക്കുന്നത് പടുകുഴിയിലേക്കാകും.

കൗമാരപ്രായം മാതാപിതാക്കളെയും അദ്ധ്യാപകരെയും സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുള്ള കാലഘട്ടമാണ്. അതുവരെ സന്തുഷ്ടരായിരുന്നവർ അച്ചടക്കമില്ലാത്തവരായി മാറുന്നത് ഇവരെ സംബന്ധിച്ച് സഹിക്കാൻ കഴിയുന്നതല്ല. പല ശീലങ്ങളും ഇഷ്ടപ്പെടാത്തതായി കൗമാരക്കാരിൽ ഉണ്ടാകുന്നു. എല്ലാം സ്വഭാവികമാണുതാനും. കൗമാരപ്രായത്തിൽ കുട്ടികൾ വൈരുദ്ധ്യങ്ങളുടെ കലവറയായിമാറുന്നു. ശരിയേത് തെറ്റേത് എന്നുള്ള വ്യത്യാസം പോലും മനസ്സിലാകാതെ കണ്ടുകൊണ്ടിരിക്കുന്ന സീരിയലുകളും സിനിമവിനോദക്കമ്പങ്ങളും കുട്ടികളെയും യൗവ്വനക്കാരെയും അപ്പാടെ തകർക്കുന്നു. മക്കളുടെ യൗവ്വനം മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം ഭീതിജനകം മാത്രമല്ല സംഘർഷത്തിന്റെയും പിരിമുറുക്കത്തിന്റെയും കാലമാണ്. രക്ഷകർത്താക്കൾ എന്ന നിലയിൽ അവരുടെ ആവശ്യങ്ങളെന്ന് കരുതുന്നതൊന്നും തന്നെ അവരുടെ ആവശ്യങ്ങളല്ല. യുവത്വം ആവശ്യപ്പെടുന്നത് മാതാപിതാക്കൾക്ക് അനാവശ്യമായി തോന്നാം. ഉപദേശിക്കാൻ ചെന്നാലോ അത് യജമാനത്തമായി മുദ്രയടിക്കപ്പെടുന്നു.

യൗവ്വനക്കാരുടെ ഭാഷ പരുക്കനായിരിക്കും. ഒന്നുപറഞ്ഞു രണ്ടാമത്തേതിന് അവർ ചൂടാകും, അതും മാതാപിതാക്കളോടും, അധ്യാപകരോടും. വിദ്യാലയങ്ങളിൽ നിൽക്കുന്നിടത്തോളം ചിലർ നല്ലപിള്ള ചമഞ്ഞേക്കാം. എന്നാൽ അവിടെ നിന്ന് പുറത്തേക്കിറങ്ങുമ്പോൾ അവരിൽ ഒളിഞ്ഞുകിടന്നതെല്ലാം മറനീക്കി പുറത്തുവരുന്നതായി കാണാം. ഇവയെല്ലാം പ്രായത്തിന്റെ പ്രത്യേകതകളാണ്. ഇവിടെ നീർപ്രവാഹത്തിൽ ഒരിലയെ മറ്റൊരില തൊട്ട് അതിന്റെ ദിശ തിരിച്ചുവിടുന്നത് പോലെയാണ് മുതിർന്നവർ ചെയ്യേണ്ടത്.

യുവത്വം നിഷേധത്തിന്റെ നാളുകളായി മാറുന്നു എന്ന് ചിലർ പറയുമ്പോൾ ഓർക്കണം അതിനുകാരണം അവർ തങ്ങളുടെ സ്വത്വത്തെ ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. അവർ അനുസരണയില്ലാത്തവനായി മാറുന്നത് തന്റെ മാതാപിതാക്കളെ ധിക്കരിക്കാനല്ല മറിച്ച് തന്റെ സ്വത്വവും സ്വാധികാരവും അനുഭവിക്കാനാണ്. യൗവ്വനാരംഭം അനിശ്ചിതത്വവും അവ്യക്തവുമാണ്. യുവത്വത്തിലെത്തിയിട്ടില്ല എന്നാൽ ശിശുക്കളല്ലതാനും. ഇത് സ്വത്വപ്രതിസന്ധിയി (Identity Crisis)ലേക്ക് നയിക്കുന്നു അപ്പോൾ അവനിലെ വൈരുദ്ധ്യങ്ങൾ അതിര് കടന്നതായിരിക്കും.

യൗവ്വനക്കാരിൽ വന്നുചേരുന്ന ചുമതലകൾ



വളരെ വലുതാണ് . എന്നാൽ അവ നിർവ്വഹിക്കാനുള്ള സമയമാകട്ടെ വളരെ പരിമിതവും. അവരിൽ പെട്ടെന്ന് ഒരുപാട് കാര്യങ്ങൾ നടക്കുന്നു. ശാരീരികമായി വിസ്ഫോടനാത്മകമായ മാറ്റങ്ങൾ മാനസികമായ ഉദ്വേഗങ്ങൾ, സാമൂഹികമായ വിലക്ഷണത, വേദനിപ്പിക്കുന്ന സ്വാത്മബോധം തുടങ്ങിയവ ഏതാനും ചിലത് മാത്രം. താനുപയോഗിക്കുന്ന മുറി യുവാവിന് വലുതായി തോന്നില്ല. അവൻ ആതിഥേയരുടെ നേരെ വെറുതെ തട്ടികയറും. ചായതട്ടികളയും പക്ഷേ മനപൂർവ്വമാകില്ല. അതുപോലെ തന്നെയാണ്. അവന്റെ കാലുകൾ വെറുതെ വഴുതിപ്പോകുന്നതും കൈകൾ വെറുതെ വിനകൾ വിതക്കുന്നതും. വാർത്താമാധ്യമങ്ങൾ കുമാരന്മാരുടെ ഈ വിഷമസ്ഥിതിയെ നാടകവത്ക്കരിക്കുന്നു. അവന്റെ മുഖക്കുരു വലുതാക്കുന്നു. വിയർപ്പുനാറ്റം ശ്രദ്ധേയമാക്കുന്നു. ഉത്തമ സുഹൃത്തുക്കൾ പോലും പറഞ്ഞു കൊടുക്കാത്ത കാര്യങ്ങളാണ് ഈ മാധ്യമങ്ങൾ അവന് പറഞ്ഞു കൊടുക്കുന്നത്.

യൗവനക്കാർക്ക് സ്വന്തം പ്രശ്നങ്ങളെ തരണം ചെയ്യാൻ രക്ഷാകർത്താക്കളുടെയും അധ്യാപകരുടെയും സഹായം വേണം. പ്രകടമായി സഹായിക്കാൻ ചെന്നാൽ അത് നിഷേധിക്കപ്പെടും .ഒരുകാര്യത്തിലും അത്ര വലിയ സ്ഥിരത പ്രകടിപ്പിക്കാത്തവരാണ് യുവജനങ്ങൾ .വികാരവിചാരങ്ങൾ ഇത്തരുണത്തിൽ നിയന്ത്രിക്കാൻ പോലും കഴിയാത്ത സ്ഥിതിയിലെത്തും. അവർ ആദർശത്തെ സ്നേഹിക്കുന്നു. സത്യം, നീതി, സ്വാതന്ത്ര്യം എല്ലാമവർക്കിഷ്ടമാണ്. അവർ ഇത് വളരെയധികം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

സദാ പഠിക്കാൻ നിർബന്ധിക്കുന്ന രക്ഷിതാക്കളോടും ഇഷ്ടമില്ലാത്ത വിഷയം പഠിപ്പിക്കുന്ന അധ്യാപകരോടും തൊട്ടടുത്ത് മത്സരിക്കുന്ന സഹപാഠികളോടും അങ്ങനെ അനേകരോട് ഇന്നത്തെ കൗമാരക്കാർക്ക് വിരോധമുണ്ട്. എതിർപ്പും വൈരാഗ്യവും അവരിൽ കൂടുതലാണ്. വിപ്ലവാത്മകത, പരസ്പരാകർഷണം,പ്രേമം, ലൈംഗീകത, ഫാഷൻ ഭ്രമം, മാധ്യമസ്വാധീനം, അക്രമം, ഇങ്ങനെ പലതാണ് യുവജനങ്ങളുടെ പ്രശ്നങ്ങൾ. ഇവ കൂടാതെ ചിലതിനോടുള്ള അമിത ആഗ്രഹം- ഉദാഹരണം മൊബൈൽ, കംപ്യൂട്ടർ, ഇന്റർനെറ്റ് എല്ലാം നാശത്തിന് കാരണമാകുന്നു. വിഷാദവും നിരാശയും അതുപോലെ ആത്മഹത്യാ പ്രവണതയും ഇന്നത്തെ യുവതലമുറയിൽ ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതുപോലെ യുവത്വത്തിലെ മാനസികസംഘർഷങ്ങൾ ചിലപ്പോൾ കുടുംബപ്രശ്നങ്ങൾ ആയിരിക്കാം. മാതാപിതാക്കളോടൊപ്പം അവർക്ക് സമയം ചിലവഴിക്കാൻ പറ്റാതെ വരുമ്പോൾ പിരിമുറുക്കങ്ങളും വർദ്ധിക്കും. മദ്യപരുടെ കുടുംബത്തിൽ ഇവ രൂക്ഷവുമാകും. ഇവയൊക്കെ പലപ്പോഴും ജീവിതം തന്നെ വേണ്ട എന്ന തീരുമാനത്തിലേക്ക് അവരെ കൊണ്ടെത്തിക്കുന്നു. യുവത്വത്തിൽ കാണുന്ന ഒട്ടനവധി പ്രശ്നങ്ങൾ രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും കഠിന പരിശ്രമത്തിലൂടെ മാറ്റുവാൻ കഴിയും. ചിലപ്പോൾ ഫലം കാണാത്ത പരിശ്രമങ്ങൾ കൂടുതൽ പ്രശ്നങ്ങളിലേക്കും നയിച്ചേക്കാം.

**മാതാപിതാക്കളും അധ്യാപകരും കൗമാരക്കാരുടെ നല്ല കൂട്ടുകാരായി മാറുക . കൂട്ടുകാരോടെന്നപോലെ എന്തും തുറന്നുപറയാൻ അവർ ഉണ്ടെന്ന് കൗമാരത്തിന് തോന്നണം, തോന്നൽ ഉണ്ടാക്കണം.**

### മാതാപിതാക്കൾക്ക് യൗവ്വനക്കാരെ എങ്ങനെ സമീപിക്കാം.

മാതാപിതാക്കളെന്ന നിലയിൽ ഒരാളുടെ വ്യക്തിത്വ വികസനത്തിൽ ഓരോരുത്തർക്കും സ്വാധീനം ചെലുത്താൻ കഴിയും. ഈ സ്വാധീനത എങ്ങനെയിരിക്കുന്നു എന്നതിനെ അനുസരിച്ചിരിക്കും അവരുടെ ഭാവി. ഒരുകുട്ടി അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾ ലഭിച്ച സുരക്ഷിതത്വവും ജനനശേഷം നൽകിയ കരു

തലും കൗമാരക്കാർക്കും ആവശ്യമാണ്. ആ ആവശ്യം മനസ്സിലാക്കണം. ഇന്നത്തെ തലമുറക്കാർ പറയുന്ന പ്രധാനപ്രശ്നമാണ് മാതാപിതാക്കൾ തങ്ങളെ സ്നേഹിക്കുന്നില്ല ഒറ്റപ്പെടുത്തുന്നു എന്നൊക്കെ. ഈ തോന്നൽ കൗമാരക്കാരുടെ മനസ്സിൽ നിന്നും വേരൊടെ പറിച്ചെറിയാൻ രക്ഷിതാക്കളുടെ സാന്ത്വനമായ ഇടപെടലുകൾ കൊണ്ട് കഴിയും. അമിതമായ ശ്രദ്ധയുവത്വത്തിന് നൽകുന്നത് അവരെ അപകടത്തിലേക്ക് നയിക്കും. ഈ അമിതമായ ശ്രദ്ധ ഒരുതരം കുറ്റബോധം പരിഹരിക്കലാണ്. അത് ചെയ്യരുത് പകരം നിരീക്ഷിക്കുക അവരെ ഒരിക്കലും അറിയിക്കാതെ.

യുവത്വം ആഗ്രഹിക്കുന്ന ഒരു പ്രധാനകാര്യമാണ് സ്വാതന്ത്ര്യം. നിയന്ത്രണങ്ങളില്ലാത്ത ലോകം അവർ കൊതിക്കുന്നു. സ്വാതന്ത്ര്യം അവർക്ക് വേണ്ടുവോളം നൽകുക. അമിത സ്വാതന്ത്ര്യം ആകുകയുമരുത്. നല്ലതെന്ന് തോന്നുന്നതിന് അവരെ അവരുടെ വഴിക്ക് വിടുക കടിഞ്ഞാൺ നഷ്ടപ്പെടുകയുമരുത്. എന്തെങ്കിലും കാര്യത്തിന് ശിക്ഷിക്കേണ്ടിവന്നാൽ ആ പ്രായത്തിനു ചേർന്നതാണോ എന്ന് ചിന്തിച്ചുമാത്രം നൽകുക. യൗവ്വനക്കാരുടെ അസംതൃപ്തിയെയും അസ്വസ്ഥതയെയും അംഗീകരിക്കുക. അവരെ അങ്ങേയറ്റം മനസ്സി ലാക്കുന്നു എന്ന ബോധ്യം അവരിൽ ഉണ്ടാക്കരുത്. യൗവ്വനക്കാരുടെ ഭാഷയെയും പെരുമാറ്റത്തെയും രക്ഷിതാക്കൾ കടത്തിവെട്ടാതിരിക്കുക.

അംഗീകാരം, സഹിഷ്ണുത, കരുതൽ ഇവ മാതാപിതാക്കൾ മനസ്സിലാക്കണം. കുറവുകളും കുറ്റങ്ങളും മറ്റുള്ളവരുടെ മുൻപിൽ വച്ച് പറയുകയോ കളിയാക്കുകയോ ചെയ്യുന്നതിനു പകരം സ്വകാര്യമായി സ്നേഹത്തോടെ മനസ്സിലാക്കുക. അവരുടെ സ്വകാര്യതയ്ക്ക് ഭംഗം വരുത്താതെ മാതാപിതാക്കൾ ശ്രദ്ധിക്കണം. അവർക്കുവരുന്ന കത്തുകൾ പൊട്ടിച്ച് വായിക്കുക, അവർ ഫോൺ ചെയ്യുമ്പോൾ, അടുത്ത് ചെന്ന് അത് ശ്രദ്ധിക്കുക ഇതൊക്കെ നിഷേധാത്മകത വളരെ കൂട്ടും. അവരുടെ സ്വാതന്ത്ര്യം നഷ്ടമാകുന്നു എന്ന ഒരു തോന്നലുണ്ടാകാതെ സ്വകാര്യത മനസ്സിലാക്കുക. യുവത്വത്തോടുള്ള ഉപദേശവും ആവർത്തനവും കഴിവതും കുറയ്ക്കുക. നീട്ടി നീട്ടി പ്രസംഗിക്കാതിരിക്കുക. പരസ്പരവിരുദ്ധങ്ങളായ സന്ദേശങ്ങൾ കൊടുക്കാതിരിക്കുക. ഭാവിയെപറ്റി പ്രവചനം നടത്താതെ അവരുടെ ഇന്നുകളെ നന്നാക്കാൻ ശ്രമിക്കുക. ഇതെല്ലാമാണ് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്. എല്ലാത്തിനുമുപരിയായി അവരുടെ പ്രശ്നങ്ങളെയും ആവശ്യങ്ങളെയും അവരുടെ ഭാഗത്ത് നിന്നുകൊണ്ട് മനസ്സിലാക്കുക

## നല്ലഭാവിക്ക് അദ്ധ്യാപകരുടെ പങ്ക്.

ശൈശവപ്രായത്തിനവസാനം മുതൽ കൗമാരപ്രായത്തിന്റെ അവസാനം വരെ ഒരാൾ ഉണർന്നിരിക്കുന്ന സമയത്ത് ഏറ്റവും കൂടുതൽ നേരം വിദ്യാലയങ്ങളിലായിരിക്കും ചെലവഴിക്കുക. അത് കൊണ്ട് തന്നെ സ്വഭാവ രൂപീകരണത്തിന് അധ്യാപകൻ അവരെ വളരെ സ്വാധീനിക്കുന്നു. മാത്രമല്ല ചില കാര്യമായ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം അധ്യാപകരിൽ നിന്നും അവർക്ക് ലഭിച്ചേക്കാം. കുട്ടികളെ വളരെ സ്വാധീനിക്കുന്ന ഒരുവിഭാഗം ആളുകളാണ് അധ്യാപകർ. അധ്യാപകരെ മാതൃകയാക്കാൻ ഒരുപങ്ക് വിദ്യാർത്ഥികൾ ശ്രമിക്കും അത് കൊണ്ട് അധ്യാപകർ വഴി അവരുടെ പ്രശ്നപരിഹാരം സാധ്യമാണ്. മാതാപിതാക്കളെ പോലെ തന്നെ പെരുമാറാൻ സ്നേഹിക്കാൻ അധ്യാപകന് കഴിയണം. ഓരോ കുട്ടിയും തന്റെ സ്വന്തമെന്നതു പോലെ കണ്ട് അവരെ കരുതാൻ ശ്രമിക്കണം. സ്നേഹവും പരിലാളനയും നൽകണം.

തങ്ങൾക്ക് അധ്യാപകർ ഉണ്ടെന്നും ഏതുപ്രശ്നത്തിലും ഒരുപരിഹാരം അധ്യാപകൻ കാട്ടിതരുമെന്നും താൻ ഒറ്റയ്ക്കല്ലെന്നുമുള്ള തോന്നൽ അവരിൽ ഉണ്ടാക്കിയെടുക്കാൻ അധ്യാപകർ ശ്രമിക്കണം. പ്രശ്നങ്ങളെ ചോദിച്ച് മനസ്സിലാക്കി യുക്തിപൂർവ്വമായി ചിന്തിച്ച് അവർക്ക് അംഗീകരിക്കാവുന്ന രീതിയിലുള്ള പരിഹാരം നൽകണം. പഠന വൈകല്യങ്ങൾ മനസ്സിലാക്കി പരിഹരിക്കണം.

മാതാപിതാക്കളും അധ്യാപകരും കൗമാരക്കാരുടെ നല്ല കൂട്ടുകാരായി മാറുക . കൂട്ടുകാരോടെന്നപോലെ എന്തും തുറന്നുപറയാൻ അവർ ഉണ്ടെന്ന് കൗമാരത്തിന് തോന്നണം, തോന്നൽ ഉണ്ടാക്കണം.

യുവത്വത്തിൽ പ്രശ്നങ്ങൾ സ്വഭാവികമാണ്. ആരും ഒന്നും പഠിപ്പിക്കുന്നതും ഉണ്ടാകുന്നതുമല്ല . താനേ രൂപീകരിക്കുന്നു. ഈസമയത്ത് ആ പ്രശ്നങ്ങൾ ഒരു കൂട്ടുകാരൻ എന്ന പോലെ അവരുടെ കണ്ണിലൂടെ നോക്കി കണ്ട് മനസ്സിലാക്കി സഹായിക്കാനാണ് രക്ഷിതാക്കളും അധ്യാപകരും ശ്രമിക്കേണ്ടത്. പ്രകടമായി സഹായിക്കാൻ ചെന്നാൽ നിഷേധിക്കപ്പെ ടാൻ സാധ്യതയുള്ളതിനാൽ ശാന്തരായി ബുദ്ധിപൂർവ്വമായി സമീപിക്കുക.

# നൈൽ നദിയിലെ ഞാങ്ങണപ്പെട്ടകം

**ജീവിതത്തിന്റെ നല്ലൊരു പങ്കും മക്കൾക്കായി അദ്ധ്വാനിച്ചു തീർക്കുകയും അവശേഷിക്കുന്ന ഭാഗം അവരെയോർത്ത് കുണ്ഠിതപ്പെടുകയും ചെയ്യുന്നവരുടെ ലോകത്ത് മക്കൾ ദൈവം നൽകുന്ന ദാനം എന്ന ആത്മീയ സത്യം ഓർമ്മിപ്പിക്കുകയാണ് അടൂർ ഭദ്രാസന എപ്പിസ്കോപ്പയുടെ സെക്രട്ടറിയും ഫാമിലി കൗൺസിലറുമായ റവ.സിബു പള്ളിച്ചിറ.**



അവനെ പിന്നെ ഒളിപ്പിച്ചുവപ്പാൻ കഴിയാതെ ആയപ്പോൾ അവൾ ഒരു ഞാങ്ങണപ്പെട്ടകം വാങ്ങി, അതിന് പശയും കീലും തേച്ചു, പൈലിനെ അതിൽ കിടത്തി, നദിയുടെ അരികിൽ ഞാങ്ങണയുടെ ഇടയിൽ വച്ചു. (പുറ.2:3)

ഒരു അദ്ധ്യയന വർഷത്തിന്റെ മദ്ധ്യത്തിലേക്ക് നാം പ്രവേശിക്കയാണ്. പഠനം തുടങ്ങുന്നവരും തുടരുന്നവരുമെല്ലാം വളരെ ഉത്സുകരായി കോരിച്ചൊരിയുന്ന മഴയിലും കുടയും ചൂടി സ്കൂളിലേക്ക് പോകുന്ന കാഴ്ച ബാല്യകാല സ്മൃതികളെ വിളിച്ചുണർത്തുന്നു. വീടിന്റെ രാജകുമാരിമാരായിരുന്നവർ ക്ലാസുമുറികളിലേക്ക് ഒതുങ്ങുമ്പോൾ ഈറനണിയുന്ന മിഴികളും കശപിശകളുമെല്ലാം സാധാരണം. ഇവയെല്ലാം കുളിർമ്മയേകുന്ന നല്ല ഓർമ്മകൾ. എന്നാൽ ഇന്ന്, കുഞ്ഞുങ്ങൾ വളരുന്നതനുസരിച്ച് മാതാപിതാക്കളുടെ സമ്മർദ്ദങ്ങളും വളരുന്നു- അവരുടെ വിദ്യാഭ്യാസത്തെപ്പറ്റി, ആരോഗ്യത്തെപ്പറ്റി ഇങ്ങനെ പലവിധം. കാരണം പേരന്റിംഗ് എന്നത് വളരെ ഗൗരവമേറിയതും ഉത്കണ്ഠാജനകവുമായ ഒരു സമസ്യയായി മാറിക്കഴിഞ്ഞു.

അഭ്യസനരീതിയും അദ്ധ്യാപകരുമെല്ലാം വളരെ പരിഷ്കരിക്കപ്പെട്ടിരിക്കുന്ന ഒരു ലോകത്തിൽ എന്തേ നമ്മുടെ കുഞ്ഞുങ്ങൾ പലരും വഴുതിപ്പോകുന്നു? സാധ്യതകൾ എല്ലാമുണ്ടായിട്ടും എന്തേ ഇവരെക്കുറിച്ചുള്ള നമ്മുടെ സ്വപ്നങ്ങൾ പലതും വിഫലമാകുന്നു? ഇതിനെക്കുറിച്ച് ഒരു ധ്യാനം ഈ കാലത്തിന്റെ ഒരു അനിവാര്യതയാണ്.

മോശയുടെ പുസ്തകമാകുന്ന പുറപ്പാട് പുസ്തകം രണ്ടാം അധ്യായം വിവക്ഷിക്കുന്ന ഒരു ദൃഷ്ടാന്തം ഇതേപ്പറ്റി നമ്മെ പലതും പഠിപ്പിക്കുന്നു. അതിന്റെ പശ്ചാത്തലം മോശയുടെ ബാല്യകാലമാണ്. അവന്റെ ജനനവും, വളർച്ചയും, ജീവിതവുമെല്ലാം വളരെ പ്രത്യേകതകൾ ഉള്ളവയായിരുന്നു. അതുതന്നെയാണ് നമുക്ക് പഠന വിഷയമാക്കേണ്ടതും.

**1). പ്രതിസന്ധിയുടെ ജനനപശ്ചാത്തലം**

മോശ എന്ന പൈതൽ ജനിച്ചു വിഴുന്നത് തന്നെ അവന് വളരുവാൻ യാതൊരു സാധ്യതയുമില്ലാത്ത ഒരു ചുറ്റുപാടിലേക്കാണ്. നാടുവാഴുന്ന ഫറവോന്റെ കൽപ്പന തന്നെ കാരണം. ഒരു തരത്തിൽ പറഞ്ഞാൽ കർത്താവിന്റെ ജനനനത്തിനു സമാനമായ ഒരു പരിസ്ഥിതി. എബ്രായ ഗണത്തിലെവിടെയും ഒരു ആൺപൈതൽ ജനിച്ചാൽ അവനെ കൊന്നുകളയണമെന്നാണ് രാജവിളംബരം. ഇതിന്റെ മദ്ധ്യേ കൈക്കുഞ്ഞുമായി നെടുവീർപ്പിടുന്ന ഒരു അമ്മയുടെ വേദന ഇന്നിന്റെയും പരിച്ഛേദമാണ്. ഇന്നത്തെ ലോകം എത്ര പരിഷ്കൃതമെന്ന് നാം അവകാശപ്പെട്ടാലും ഒരു കുഞ്ഞിന്റെ ആരോഗ്യകരമായ വളർച്ചയെ ഹനിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ്

നമുക്ക് ചുറ്റും. രാവിലെ ആരോഗ്യത്തോടെ സ്കൂളിലേക്ക് പോകുന്ന നമ്മുടെ കുഞ്ഞ് അതുപോലെ തിരിച്ചുവരുമെന്ന് ആർക്കാണ് ഉറപ്പുള്ളത്? എന്തിന്, വിശ്വസിച്ച് ഒരു ഗ്ലാസ് വെള്ളം പോലും വീടിനു പുറത്തു നിന്നും കുടിക്കുവാൻ കഴിയാത്ത അവസ്ഥയിലേക്ക് നാം മാറിയില്ലേ. ഇത് മനസിലാക്കിയാവണം മോശക്കുഞ്ഞിന്റെ അമ്മയായ ആ ലേവ്യസ്ത്രീയുടെ നെടുവീർപ്പിനെ നാം ധ്യാനിക്കേണ്ടത്. അവൾക്ക് എത്രനാൾ കുഞ്ഞിനെ വീട്ടിൽ ഒളിപ്പിക്കുവാൻ കഴിയും? വലിയൊരുസത്യം ഇതിൽ നിന്നും നാം വിസ്മരിച്ചുകൂടാ. ആർക്കും തന്റെ കുഞ്ഞിനെ ആയുഷ്കാലമത്രയും വീട്ടിൽ സൂക്ഷിച്ചുകൂടാ. ഇന്ന് അല്ലെങ്കിൽ നാളെ അവനെ/അവളെ വീട്ടിന് പുറത്തേക്ക് പറഞ്ഞയക്കുവാൻ നാം നിർബന്ധിതരായിത്തീരും - അത് പഠനത്തിനു വേണ്ടിയാകാം. ഉദ്യോഗാർത്ഥമാകാം, ലോകത്തിന്റെ വിശാലതയിലേക്ക് ഏതുവിധത്തിലുമാകാം.



**2). പ്രശ്നത്തോടുള്ള പ്രതികരണം**

വേദനിപ്പിക്കുകയും വെല്ലുവിളികൾ ഉയർത്തുകയും ചെയ്യുന്ന ജീവിത ചുറ്റുപാടുകളിൽ ഒരു മാതാവിന്റെ പ്രതികരണം ഏതുവിധം ഫലകരമായി എന്ന് തിരുവചനം നമുക്ക് കാണിച്ചുതരുന്നു. "അവൾ ഒരു ഞാങ്ങണപ്പെട്ടകം വാങ്ങി, അതിനു പശയും കീലും തേച്ചു പൈതലിനെ അതിൽ കിടത്തി" (പുറ:2:3). വാസ്തവത്തിൽ പേരന്റിംഗ് എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് ഇതാണ്. കുഞ്ഞിന്റെ ജീവനെടുക്കുവാൻ സാധ്യതയുള്ള ഒരു ലോകത്തിൽ അതിനെ പ്രതിരോധിക്കുവാൻ ഓരോ മാതാവും പിതാവും ചെയ്യേണ്ടുന്ന ചെയ്തികളാണ് പേരന്റിംഗ്. ഇന്നത്തെ ലോകത്തിൽ ഇല്ലാതെ പോകുന്നതുംഈ നല്ല ചെയ്തികൾ തന്നെ. വിദഗ്ദ്ധ പഠനരീതികളും പരിശീലനങ്ങളുമെല്ലാം ഉള്ളപ്പോഴും പല കുരുന്നുകളും നമ്മുടെ കൈവിട്ട് ആഴങ്ങളിലേക്ക് മുങ്ങിപ്പോകുന്നത് ഈ സുരക്ഷാ കവചത്തിന്റെ അസാന്നിദ്ധ്യമാണ്. ഇന്നലെകളിൽ അസാദ്ധ്യമായിരുന്നത് പലതും ഇന്ന് സാദ്ധ്യമെന്ന് നാം അഭിമാനിക്കുമ്പോൾ അന്ന് സാധ്യമായിരുന്നത് പലതും ഇന്ന് അസാദ്ധ്യമായി മാറുന്നു എന്നതും വിസ്മരിച്ചുകൂടാ. അപ്രാപ്യമായതിനെ എന്തു വിലകൊടുത്തും നേടുവാൻ ശ്രമിക്കുന്ന നാം സാദ്ധ്യമായതിന് ഒരു വിലയും കൽപിക്കാതെയായിപ്പോയതിന്റെ ഒരു ഫലം കൂടിയാണിത്. അത് കുടുംബപ്രാർത്ഥനയാകാം, പള്ളി ആരാധനകളാകാം, ഗായകസംഘ - യുവജനസഖ്യപ്രവർത്തനങ്ങളാകാം. മാതാപിതാക്കളുടെ സ്നേഹവും കരുതലും മാതൃകാപരമായ പെരുമാറ്റ ശൈലികളുമൊക്കെയാകാം. ഇതൊക്കെ നഷ്ടപ്പെടുന്ന ഒരു തലമുറയിൽ ഒരു കുരുന്നു ജീവൻ എങ്ങനെ ആരോഗ്യത്തോടെ വളരും? പ്രത്യേകിച്ച് ബാഹ്യശക്തികൾ വളരെ വശ്യവും അതിശക്തവും ആകുമ്പോൾ. മുൻപ് ഓർമ്മിപ്പിച്ചതുപോലെ, ഒരിക്കലെങ്കിലും നമ്മുടെ വീടിനുള്ളിൽ വളരുന്ന പൈതങ്ങൾ വീടുവിട്ട് ഇറങ്ങുവാൻ നിർബന്ധിതമാകും. അപ്പോൾ അവന്/അവൾക്ക് തുണയാകേണ്ടത് പ്രാർത്ഥനയാകുന്ന ഈ പെട്ടകവും ക്രിസ്തീയ മൂല്യങ്ങളാകുന്ന പശയും കീലുകളുമൊക്കെയാണ്. വിശ്വാസത്തോടെ ഈ പെട്ടകത്തിൽ കുഞ്ഞിനെ അവന്റെ ജീവനെടുക്കാമാകുന്ന നദിയിൽ ഇറക്കി വെക്കുന്നതാണ് പേരന്റിംഗ്. ഫറവോന്റെ കൽപന കുഞ്ഞിനെ നൈൽ നദിയിൽ എറിഞ്ഞുകളയണമെന്നാണെങ്കിൽ ഒരു പെട്ടകത്തിൽ അവനെ അതേ നദിയിൽ ഇറക്കി വെക്കുന്നു എന്നതാണ് ഈ അമ്മയിൽകാണുന്ന ഏറ്റവും ശ്രേഷ്ടവും ശ്രദ്ധേയവുമായ വസ്തുത.

**3). പ്രതികരണം ഒരു തുടർപ്രക്രിയ**

നദിയിൽ കുഞ്ഞിനെ വച്ചതു മാത്രമല്ല, തുടർന്നുള്ള ഇവളുടെ ചെയ്തികളും ഏറ്റം വിശിഷ്ടമാണ്. അതാണ് നമ്മുടെ മൂന്നാമത്തെ പഠന വിഷയം- പേരന്റൽ മോണിറ്ററിംഗ്. മാതാവും സഹോദരിയും കുഞ്ഞിനെ ദൂരത്ത് നിന്ന് നോക്കിക്കൊണ്ടേയിരുന്നു. കുഞ്ഞിന്റെ ഭൗതിക സാന്നിദ്ധ്യം (Immediate Presence) അവൾക്ക് അപ്രാപ്യമാണെങ്കിലും അവൾ വളരെ ശ്രദ്ധയോടെ അതിനെ നിരീക്ഷിച്ചുകൊണ്ടിരുന്നു. ഈ നിരീക്ഷണമാണ് ശമ്പളത്തോടെ മുലപ്പാൽ നൽകുവാനുള്ള പദവിയിലേക്ക് അവളെ നയിക്കുന്നത്. ഇന്ന് നഷ്ട

മാകുന്നതും മാതാപിതാക്കളുടെ ഈ ശ്രദ്ധയേറിയ നിരീക്ഷണം തന്നെ. നമ്മുടെ കുഞ്ഞുങ്ങൾ എവിടെയാണെന്ന് നാം അറിയണം അവൻ ദൂരത്തായിരിക്കുമ്പോഴും, പഠിക്കുമ്പോഴും, കൂട്ടുകാരുമായി ഇടപഴകുമ്പോഴും Internet Surf ചെയ്യുമ്പോഴും, കളിക്കുമ്പോഴുമെല്ലാം മോശക്കുഞ്ഞിന്റെ അമ്മയുടെ ജാഗ്രത നമുക്ക് ഒരു പാഠമാകണം. ശാരീരികമായി അവർ ദൂരത്താണെങ്കിലും അവരുടെ മേലുള്ള ശ്രദ്ധയ്ക്കും നിരീക്ഷണത്തിനും ഒട്ടും കുറവ് വരുത്തിക്കൂടാ. അപ്പോൾ പ്രതിഫലത്തോടെ കുഞ്ഞിന്റെ സാന്നിദ്ധ്യം അനുഭവിക്കുവാൻ സാധിക്കും. ഇതിലേറെ പുണ്യം ഒരു മാതാവിനും പിതാവിനും എന്താണ് ലഭിക്കേണ്ടത്?

**4). പ്രതിഫലം ദൈവത്തിന്റെ ദാനം**

അവസാനമായി ഒരു സത്യം കൂടി ഈ സംഭവ കഥ നമ്മെ പഠിപ്പിക്കുന്നുണ്ട്. ഒരു കുഞ്ഞും നമ്മുടേതല്ല എന്ന സത്യം; നാം ദൈവത്തിനുവേണ്ടി വേതനം പറ്റി വേലചെയ്യുന്നു എന്നു മാത്രം. ഫറവോന്റെ മകൾക്കുവേണ്ടി തന്റെ കുഞ്ഞിനെ വളർത്തുന്ന ഒരു അമ്മ. പലപ്പോഴും നാം അറിയാതെ വളരെ സ്വാർത്ഥരാകുന്നതും കുഞ്ഞുങ്ങൾക്ക് വേണ്ടിയാണ്. നമ്മുടേത് എന്ന് അഹന്തയോടെ പ്രഖ്യാപിക്കുകയല്ല പകരം നീ ദൈവത്തിന്റേതാണെന്ന് പറഞ്ഞ് പഠിപ്പിക്കുകയാണാവശ്യം. എങ്കിൽ മാത്രമേ നമ്മുടെ അസാന്നിദ്ധ്യത്തിലും അവർക്ക് നന്നായിവളരുവാനും ഫലം കായ്പ്പാനും കഴിയൂ. മക്കളെ ശരിയായി വളർത്തുക എന്നത് എത്രവലിയ ഒരു സുവിശേഷ വേലയാണ്. ദൈവത്തോടൊപ്പം യത്നിക്കുന്നവരാണ് ഉത്തമമാതാപിതാക്കൾ. അങ്ങനെയുള്ളവരുടെ മക്കളെക്കുറിച്ചാണ് 'ഒലിവു തൈകൾ' എന്നും 'വീരന്റെ കൈയ്യിലെ അസ്ത്ര'മെന്നൊക്കെ വിശേഷിപ്പിക്കുന്നത്.

മക്കളെക്കുറിച്ചോർത്ത് ഏറെപ്പേർ ഉത്കണ്ഠപ്പെടുകയും കുണ്ഠിതപ്പെടുകയും ചെയ്യുന്ന ഈ കാലത്ത്, മോശക്കുഞ്ഞിന്റെ അമ്മ വലിയ ഒരു ദൃഷ്ടാന്തമാണ് കാണിച്ചു തരുന്നത്. മക്കൾ ദൈവദാനമെന്ന ബോധ്യത്തോടെ അവരെ ദൈവസ്നേഹത്തിലും പരിരക്ഷണത്തിലും നിരീക്ഷണത്തിലും ജാഗ്രതയോടെ വളർത്തുവാൻ ദൈവം നമ്മെ തുണയ്ക്കട്ടെ.

## പ്രശ്നോത്തരി ?!

**കഴിഞ്ഞ ലക്കത്തിലെ വിജയി**

**അന്നമ്മ വർഗ്ഗീസ്**

കൊച്ചരീക്ക പൊയ്കയിൽ, കൊടുമൺ

## പ്രശ്നോത്തരി ?!

**കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ ?**

1. 1889 ജൂലൈ.12
2. ജൂൺ 16 മുതൽ
3. തിന്മ ശക്തികളുടെ മേൽ വിജയം കൊണ്ടാടിയ ദിവസമായതുകൊണ്ടാണ് എല്ലാ ദിവസങ്ങളിലും വലുത് ഞായർ ദിനം ആയത്.
4. ആർച്ച് ബിഷപ്പ് മെനെസിസ്
5. 1653
6. ഗ്രിഗറി നസ്സിയാൻസ്
7. ഗുരുവിന്റെ കാഴ്ചപ്പാടുകൾ മാത്രം, പങ്കുവെക്കുന്ന ചിന്തകൾക്കും, ആശയങ്ങൾക്കും വേണ്ടി മാത്രം നിലകൊള്ളുകയാണ് യഥാർത്ഥ ശിഷ്യൻ.
8. പാലക്കുന്നത്ത് അബ്രഹാം മല്പാൻ
9. കോശിക്കത്തനാർ
10. 1836

**ഈ ലക്കത്തിലെ ചോദ്യങ്ങൾ**

1. എന്താണ് സി. സി. ഐയുടെ പൂർണ്ണ രൂപം ?
2. വിശ്വാസ രൂപീകരണത്തിൽ തിമൊഥെയോസിന്റെ അദ്ധ്യാപകർ ആരായിരുന്നു?
3. മണിപ്പൂർ ജനതയുടെ അവകാശ സംരക്ഷണത്തിനായി പോരാട്ടം തുടരുന്ന വനിത ?
4. സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ആരംഭം കുറിച്ച മഹാൾ ?
5. സി. എസ്. ഐ സഭ രൂപീകൃതമായ വർഷം ?
6. സി. എൻ. ഐ. സഭ അംഗീകൃതമായ വർഷം ?
7. ആറാം നൂറ്റാണ്ടിലെ ഭാരത ക്രൈസ്തവ സഭയെക്കുറിച്ച് വിവരിക്കുന്നത് ആരുടെ രേഖകളിൽ ?
8. തരിശ്ശാപ്പള്ളി നില നിന്ന സ്ഥലം ?
9. മാരാമണ്ണിലെ മൂത്തപ്പന്റെ പ്രതിമ കിണറ്റിലെറിഞ്ഞ് നശിപ്പിക്കപ്പെട്ട വർഷം ?
10. യുയോമയ പ്രസ്ഥാനത്തിൽ നേതൃത്വം നൽകി സഭാ ഭ്രഷ്ടനാക്കപ്പെട്ടയാൾ ?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരം ലഭിക്കേണ്ട അവസാന തീയതി 2011 നവംബർ 30**

# ഉപ്പുകുഴി മിഷൻ കേന്ദ്രം

**ദൈവകൃപയിൽ ശരണപ്പെട്ട ചെറിയ തുടക്കങ്ങളെ ദൈവം മാനിച്ച് അത്ഭുതങ്ങളാക്കി വളർത്തുന്നതിന്റെ ഉത്തമ ഉദാഹരണമായ ഉപ്പുകുഴി മിഷൻ കേന്ദ്രത്തെ റവ. സനിൽ അലക്സാണ്ടർ പരിചയപ്പെടുത്തുന്നു.**

പുനലൂരിൽ നിന്നും 11 കിലോമീറ്റർ അകലെയായി വനാതിർത്തിയിൽ സ്ഥിതിചെയ്യുന്ന അവികസിത ഗ്രാമമാണ് ഉപ്പുകുഴി. ഇത് കിഴക്കൻ മലയോര പഞ്ചായത്തായി തെന്മല ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നു.

കലയനാട് മാർത്തോമാ ദയറായുടെ നേതൃത്വത്തിലാണ് ഇവിടെ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്. പ്രധാനമായും ഭവനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുവന്നു. 2002ൽ ആരംഭിച്ച പ്രവർത്തനങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ തുടർന്നുവന്നു. ദൈവത്തിന്റെ തീഷ്ണതയുള്ള ആത്മാവിന്റെ ശക്തീകരണത്താൽ അത് ക്രമമായ അച്ചടക്കത്തോടുകൂടിയുള്ള സണ്ടേസ്കൂളായും പ്രാർഥനകളായും വളർന്നു വന്നു. ഇപ്പോൾ 60-ൽ അധികം കുട്ടികൾ പഠിക്കുന്നു. ഭവനസന്ദർശനങ്ങളും പ്രാർത്ഥനകളും കുട്ടികളുടെ ട്യൂഷനും കൗൺസലിംഗുകളും മറ്റ് പ്രവർത്തനങ്ങളും ക്രമമായി നടന്നുവരുന്നു.

ക്രമമായി ഈ പ്രവർത്തനങ്ങൾ നടത്താൻ ഒരു സ്ഥലം ഇല്ലായിരുന്നു എന്നതാണ് ഇതുവരെ അനുഭവിച്ച ബുദ്ധിമുട്ട്. പല ഭവനങ്ങളിലും തുറന്ന സ്ഥലങ്ങളിലുമായി പ്രാർത്ഥനകളും കൂടിവരവുകളും ക്രമീകരിച്ച് നടത്തിയിരുന്നു. എന്നാൽ വിളക്കുവെട്ടം മാർത്തോമാ ഇടവകയുടെ സഹായത്താൽ ചെറിയ ഷീറ്റ് മേഞ്ഞ കെട്ടിടം നിർമ്മിക്കുകയും അതിന്റെ കൂദാശ കർമ്മം 9.07.2011ൽ ബഹുമാനപ്പെട്ട അടൂർ ഭദ്രസന സെക്രട്ടറി റവ. അലക്സാണ്ടർ തോമസ് നിർവ്വഹിക്കുകയും ചെയ്തു. പുനലൂർ സെന്ററിലെ അച്ചന്മാരുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. തെന്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ശശിധരൻ, വാർഡ് മെമ്പർ മറ്റ് രാഷ്ട്രീയ നേതാക്കളും പങ്കെടുക്കയുണ്ടായി.

കെട്ടിടത്തിന്റെ ലഭ്യത നമ്മുടെ ഇവിടത്തെ പ്രവർത്തനങ്ങൾക്ക് ശക്തി കൂട്ടും. ഇവിടെ ഒരു ട്യൂഷൻ സെന്റർ തുടങ്ങുകയുണ്ടായി. 40-ൽ അധികം കുഞ്ഞുങ്ങൾ പഠിക്കുന്നു. റവ.പി. ഫിലിപ്പച്ചൻ നേതൃത്വം നൽകുന്നു. മദ്യാസക്തരെ അതിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഡി അഡിക്ഷൻ പ്രോഗ്രാം ക്രമീകരിക്കുന്നു. കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങൾക്ക് സി.ഇ.എഫ്ന്റെ സഹായം നമുക്ക് ലഭിച്ചിട്ടുണ്ട്. സഭാംഗങ്ങളുടെയും നാട്ടുകാരുടെയും സഹായസഹകരണങ്ങൾ ഈ മിഷൻ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നു.

ഈ പ്രദേശത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളെ അബുദാബി മാർത്തോമാ ചർച്ച് സഹായിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. സഭയിലെ തന്നെ മാതൃകാപരമായ ഈ മിഷൻ കേന്ദ്രത്തിൽ സഭയെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന സാധാരണക്കാരുടെ ഒരു കൂട്ടമുണ്ട്. മാർത്തോമാ ദയറാ അംഗങ്ങളും വിശ്വാസികളായ മറ്റ് സ്നേഹിതരും ദൈവ കൃപയിൽ ഐക്യപ്പെടുമ്പോൾ വചനത്തിന്റെ പുതുമഴയിൽ ഒരു ഗ്രാമം കുളിർകൊണ്ടുണർത്തപ്പെടുന്നു.

## സന്നദ്ധ സുവിശേഷക സംഘം
## അടൂർ ഭദ്രാസനം

ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ആത്മായ പരിശീലന കളരി അടൂർ ധ്യാന കേന്ദ്രത്തിൽ നടന്നു വരുന്നു.

സഭാ ചരിത്രം, കൂദാശകൾ, അടിസ്ഥാന ക്രിസ്തീയ വിശ്വാസങ്ങൾ, ദൈവവചനം, സുവിശേഷവേല എന്നിവ സംബന്ധിച്ച് പ്രഗത്ഭരായ നേതാക്കൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി വരുന്നു. ഈ പരിശീലന കളരിയിൽ ആത്മായ ശുശ്രൂഷകർക്കും താത്പര്യമുള്ള മറ്റു അംഗങ്ങൾക്കും പങ്കെടുക്കാം.

**ഒക്ടോബർ 8, 22** സഭാചരിത്രംറവ. സണ്ണി മാത്യു (സെമിനാരി),

**നവംബർ 12, 26** സുവിശേഷവേല. റവ.അലക്സണ്ടർ തോമസ്, അടൂർ

**ഡിസംബർ 10, 17** അടിസ്ഥാന വിശ്വാസം റവ. ഷിബി വർഗീസ്

**വർഗ്ഗീസ് ജോൺ അതിരുങ്കൽ** (ഭദ്രാസന സെക്രട്ടറി)
ഫോൺ : 9447861487

# ആർത്തബാന്റെ യാത്ര

**ജോസ് കാത്താടം** (ചിത്രീകരണം)

***(നാലാമതൊരു വിദ്വാൻ യേശുകുഞ്ഞിനെ കാണുവാനും കാഴ്ചയർപ്പിക്കുവാനുമായി പോയതായി ഒരു കഥ യുണ്ട്. ആ നാലാമനെ പരിചയപ്പെടുത്തുവാനുള്ള ഒരു ശ്രമമാണ് ഈ ചിത്രീകരണം.***

***നറേറ്ററും ഭൃത്യനും ഒരാളാകുന്നതിൽ തെറ്റില്ല. കഥ പറഞ്ഞുപോകുന്നതുവിരസമാകാതിരിക്കാൻ പ്രധാന ഭാഗങ്ങൾ നിശ്ചലദൃശ്യങ്ങളായോ – ചലിക്കുന്ന നിഴലുകളായോ – അവതരിപ്പിക്കാവുന്നതാണ് – അരങ്ങ് അനന്ത സാദ്ധ്യ തകളുടെ കലവറയാണെന്നത് ഓർക്കണം . ഒരായിരം വാക്കുകൾക്ക് പറഞ്ഞ് ഫലിപ്പിക്കാനാകാത്തത് – ഒരു ദൃശ്യ ത്തിന് കഴിയും. കഥാപാത്രങ്ങളുടെ വേഷപ്പകർച്ച വളരെ ശ്രദ്ധയോടെ വേണം ചെയ്യുവാൻ)***

**ദൃശ്യം – 01**

(രംഗം പ്രകാശമാനമാകുന്നു. നറേറ്റർ പ്രവേശിക്കുന്നു)

നറേറ്റർ : നമസ്ക്കാരം (അരങ്ങിന്റെ ഇടത്തും വലത്തും ചെന്ന്) നമസ്ക്കാരം - നമസ്ക്കാരം നിങ്ങളിപ്പോൾ ഓർക്കുകയാവും - ഇതാരാണാവോ? എന്നെ പരിചയമുണ്ടാവാൻ വഴിയില്ല. അരങ്ങിലെത്താതെ പോകുന്ന കഥയിലെ ഭാഗങ്ങൾ പറയാൻ എന്നെയാണ് ഏൽപിച്ചിരിക്കുന്നത്.

സദസ്സിൽ നിന്നാരോ എന്തോ പറഞ്ഞത് കേട്ടിട്ടെന്നപോലെ)

ഇല്ലേ- ഞാൻ ദീർഘിപ്പിക്കുന്നില്ല- നേരേ ഞാനങ്ങ് കഥയിലേക്ക് കടക്കുകയാണ്. ( ഇതുവരെ പറഞ്ഞുവന്ന ശൈലിയിൽ നിന്ന വ്യത്യസ്തമായി)



രണ്ടായിരത്തിൽപരം വർഷങ്ങൾക്കുമുമ്പ് യേശുകുഞ്ഞിനെ കാണുവാനും കാഴ്കളർപ്പിച്ച് വണങ്ങുവാനും കിഴക്കുനിന്നും മൂന്നു വിദ്വാന്മാർ എത്തിയതായി വി: വേദപുസ്തകത്തിൽ കാണുന്നുണ്ട്. എന്നാൽ മറ്റു ചില രേഖകളിൽ ഇതേ ലക്ഷ്യവുമായി പുറപ്പെട്ട ഒരു നാലാമനെകുറിച്ച് പരാമർശിക്കുന്നുണ്ട്. യേശുവിനെ കണ്ടുവണങ്ങിയ വിദ്വാന്മാരുടെ പേര് നിങ്ങൾക്കറിയാമല്ലോ? അതേ ബർത്തേശർ, മെൽഷിയർ, കാസ്പിയർ- നാലാമത്തെ പേരാണ് ആർത്തബാൻ - കിഴക്കേഭൂഖണ്ഡത്തിലെ ഒരു പ്രസിദ്ധമായ നഗരത്തിൽ വിശിഷ്ടരെ സ്വീകരിക്കുവാനായി ഒരുക്കിയിട്ടുള്ള ഒരു സത്രത്തിൽ - ഈ നാലുപേരും ഒത്തുചേർന്നു- ഒരു സാധാരണ പണ്ഡിതചർച്ചയ്ക്ക് മാത്രമായിരുന്നില്ല- ആകാശപഥത്തിൽ തെളിഞ്ഞുവരുന്ന അത്യപൂർവ്വമായൊരു നക്ഷത്രം - വരും ദിവസങ്ങളിൽ അത് കൂടുതൽ തേജസ്സുള്ളതാകും- ഇത് ഒരു രാജാധിരാജന്റെ അഥവാ ലോകരക്ഷകന്റെ ജനനത്തെ കുറിക്കുന്നതാണ്. ഇത്രയും വിവരങ്ങൾ അവർക്കറിയാം - പക്ഷേ എവിടെയാകും ജനിക്കുക? എല്ലാ സാദ്ധ്യതകളും അവർ പരിശോധിച്ചു. കൃത്യമായൊരുത്തരം കണ്ടെത്താനായില്ല . ദീർഘമായ ചർച്ചയ്ക്കുശേഷം നക്ഷത്രത്തിന്റെ ദിശ നോക്കി യാത്ര ചെയ്യാം - എന്ന ധാരണയിലെത്തി. രാജാധി രാജനെ കാണുവാൻ പോകുകയല്ലേ ? സമ്മാനങ്ങൾ കരുതണം- യാത്ര ചെയ്യുവാനുള്ള തയ്യാറെടുപ്പകൾ കരുതണം-

നാലാം ദിവസം പ്രഭാതത്തിൽ ഇതേ സ്ഥലത്ത് സന്ധിച്ച് ഒരുമിച്ച് യാത്രചെയ്യാം എന്ന ധാരണയോടെ അവനവന്റെ ദേശങ്ങളിലേക്ക് മടങ്ങിപ്പോയി.

ആർത്തബാൻ നാട്ടിലെത്തി - തനിക്കുള്ള തെല്ലാം വിറ്റ് അമൂല്യമായ മൂന്നു രത്നങ്ങൾ വാങ്ങി- ബാക്കി തുക യാത്രാവശ്യങ്ങൾക്കായി കരുതി- മറ്റുവിദ്വാന്മാരെ സന്ധിക്കുവാനായി പുറപ്പെട്ടു. ലോകരക്ഷകനെ കണ്ടു നമിക്കുവാനുള്ള അതീവ ആഗ്രഹത്തോടെ തിടുക്കത്തിലായിരുന്നു യാത്ര. പക്ഷെ യാത്രയ്ക്കിടയിൽ -? (വെളിച്ചം പൊലിയുന്നു)

**ദൃശ്യം – 2**

(വിജനമായ ഒരു സ്ഥലം - മുറിവേറ്റ ഒരു യാത്രക്കാരൻ സഹായത്തിനായി യാചിക്കുന്നു. (അരങ്ങ വെളിച്ചം- ആർത്തബാൻ - മാന്യമായ വേഷം- ഭൃത്യനോടൊപ്പം കടന്നുവരുന്നു. രണ്ടുപേരുടെയും തോളിൽ യാത്രാഭാണ്ഡം ഉണ്ട്- ഭൃത്യന്റെ കയ്യിൽ കത്തിച്ച ഒരു വിളക്കുമുണ്ട്- രംഗം പ്രകാശമാനമാകുന്നു)

യാത്രക്കാരൻ : (മുറിവേറ്റവൻ - കീറിയ വസ്ത്രം) രക്ഷിക്കണെ - പൊന്നെജമാനനെ രക്ഷിക്കണേ..! രക്ഷിക്കണേ..!

(ആർത്തബാൻ അയാളുടെ അടുത്തേക്കു നീങ്ങുന്നു)

ഭൃത്യൻ : (ആർത്തബാനെ തടഞ്ഞുകൊണ്ട്- ശബ്ദം താഴ്ത്തി)

ഇപ്പോൾത്തന്നെ നമ്മൾ വൈകി, ഇനിയും താമസിച്ചാൽ....?

ആർത്തബാൻ : (അതുകാര്യമാക്കാതെ - മുറിവേറ്റ യാത്രക്കാരന്റെ മുന്നിൽ മുട്ടുകുത്തി) ആരാണു നിങ്ങൾ, ദേഹമാസകലം മുറിവേറ്റിരിക്കുന്നുവല്ലോ...?

യാത്രക്കാരൻ : (പരിക്ഷീണനായി) വെള്ളം- നാവുണങ്ങുന്നു- (ആർത്തബാൻ വെള്ളം പകർന്നുകൊടുക്കുന്നു.)

ആർത്തബാൻ : ഇനി പറയൂ എങ്ങിനെയാണ് ഈ നിലയിലായത്.(ഭാണ്ഡത്തിൽ നിന്നും വലിച്ചെടുത്ത തുണി കീറി എണ്ണ പകർന്നു മുറിവ് കെട്ടുന്നു.)

യാത്രക്കാരൻ : (ക്ഷീണിത ശബ്ദത്തിൽ) ഞാൻ യെറിഹോവിലേക്ക് പോകുകയായിരുന്നു. ഇവിടെ എത്തിയപ്പോൾ പതിയിരുന്ന ഒരുപറ്റം കള്ളന്മാർ എന്നെ ആക്രമിച്ചു. എന്റെ കയ്യിലുണ്ടായിരുന്നതെല്ലാം അപഹരിച്ചു- മേൽ വസ്ത്രംപോലും - മരിക്കാനായി എന്നെ ഇവിടെ ഉപേക്ഷിച്ചിട്ട് എന്റെ ഒട്ടകവുമായി അവർ കടന്നുകളഞ്ഞു.



പലരും ഇതുവഴി കടന്നുപോയി ....ആർക്കും എന്നെ സഹായിക്കാൻ മനസ്സായില്ല- അങ്ങേയ്ക്ക് മാത്രമാണ് എന്നോട് ദയ തോന്നിയത് ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ!

ഭൃത്യൻ : (ആർത്തബാനെ വിളിച്ചു മാറ്റി നിർത്തി സ്വരം താഴ്ത്തി) ഇനി - ഇയാൾ ഉടനെ മരിക്കുകയില്ല. നേരം പുലർന്നാൽ കൂടുതൽ ആൾക്കാർ ഈ വഴി വരും - അവർ രക്ഷിച്ചുകൊള്ളും - പക്ഷേ നാം ഇനിയും വൈകിയാൽ?

ആർത്തബാൻ: (കൈകൊണ്ട് ഭൃത്യനെ വിലക്കിയിട്ട് യാത്രക്കാരനോട്)

സ്നേഹിതാ, വളരെ അത്യാവശ്യമായ ഒരു യാത്രയുടെ നടുവിലാണ് ഞാൻ- ഇനിയും വൈകിയാൽ - മറ്റുള്ളവർ എന്നെ കൂടാതെ യാത്ര തിരിക്കും- അവരോടൊപ്പംപോയി ലോകരക്ഷകനായി പിറന്ന രാജാധിരാജനെ കണ്ട കാഴ്കൾ അർപ്പിച്ച് വണങ്ങേണ്ടതുണ്ട്-

യാത്രക്കാരൻ : ഞാനെന്തു പറയേണ്ടു- ഒരാളുടെ സഹായമില്ലാതെ എനിക്ക് രക്ഷപെടാനാവില്ല - പക്ഷേ ഞാൻമൂലം അങ്ങയുടെ ലക്ഷ്യം നിറവേറാതെ പോയാലോ ?

ആർത്തബാൻ : നിങ്ങളെ ഈ നിലയിൽ ഞാനെങ്ങനെ ഉപേക്ഷിക്കും

യാത്രക്കാരൻ : എന്നെ എന്റെ വിധിക്കു വിട്ടേക്കൂ- കടുത്ത ദാഹം ഉണ്ടായിരുന്നു അങ്ങു വെള്ളം തന്നു- മുറിവുകളും കെട്ടി ഇനി ഞാനത്രവേഗം മരിക്കില്ല- നേരം പുലരുന്നതോടെ ആരെങ്കിലുമൊക്കെ ഈ വഴി

വരാതിരിക്കില്ല........ ആർക്കെങ്കിലും കരുണ തോന്നാതിരിക്കില്ല.

ഭൃത്യൻ : അതേ അതേ - അതാണു ശരി

ആർത്തബാൻ : (ഭൃത്യനെ രൂക്ഷമായി നോക്കുന്നു- യാത്രക്കാരനോട്)

സ്നേഹിതാ എനിക്ക് എന്റെ ലക്ഷ്യം വലുതാണ്- അത്ര തന്നെ പ്രധാനമാണ്- അശരണനായ താങ്കളെ സഹായിക്കുക എന്നതും - അടുത്ത ഏതെങ്കിലും സത്രത്തിൽ താങ്കളെ ആക്കിയിട്ട് ശുശ്രൂഷിപ്പാനും ഏർപ്പാടിക്കിയിട്ട് ഞാൻ പൊയ്ക്കൊള്ളാം.

യാത്രക്കാരൻ : അങ്ങയുടെ സഹായം നിരസിക്കാവുന്ന അവസ്ഥയിലല്ല ഞാൻ - ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ!

(ആർത്തബാൻ ഭൃത്യന്റെ സഹായത്തോടെ യാത്രക്കാരനെ താങ്ങിയെഴുന്നേൽപ്പിച്ചു നടത്തുന്നു. ഓരോ ചലനത്തിലും യാത്രക്കാരൻ വേദനകൊണ്ട് കരയുന്നു- വെളിച്ചം പൊലിയുന്നു)

**ദൃശ്യം – 3**

(നറേറ്റർ പ്രവേശിക്കുന്നതോടെ - അരങ്ങ് പ്രകാശവത്താകുന്നു)

നറേറ്റർ : പോകുന്ന വഴിയിൽ - സത്രങ്ങൾ ഇല്ലാതിരുന്നതിനാൽ വഴിമാറി കുറെ ദൂരം സഞ്ചാരിക്കേണ്ടതായി വന്നു. യാത്രക്കാരനെ ഒരു സത്രത്തിലാക്കി വേണ്ട ശുശ്രൂഷകൾക്കു ഏർപ്പാടാക്കി- അതിനായി കയ്യിൽ കരുതിയിരുന്ന പണത്തിലേറെയും നൽകി. വഴിച്ചിലവിന് ഇനിയെന്ത് ചെയ്യും? ധനികരായ കൂട്ടുകാരോടൊപ്പമല്ലേ യാത്ര ? സാരമില്ല..

പറഞ്ഞ സ്ഥലത്ത് കൂട്ടുകാരെ സന്ധിക്കുവാനായി തിടുക്കത്തിൽ യാത്ര ചെയ്തു- ഇപ്പോൾ തന്നെ അര ദിവസം വൈകിയിരിക്കുന്നു - ഇനി ഒരു ദിവസത്തെ യാത്ര ബാക്കിയുണ്ടുതാനും....

വൈകിയാണെങ്കിലും - പട്ടണത്തിലെ സത്രത്തിൽ എത്തി - പക്ഷേ?

മറ്റു മൂന്നു വിദ്വാന്മാരും പരിചാരകരും കൃത്യസമയത്തു തന്നെ പുറപ്പെട്ടു പോയിരുന്നു. അതും കുതിരപ്പുറത്ത്- അവർ ഇപ്പോൾതന്നെ ഏറെ ദൂരം പോയിരിക്കും. ഇനിയെന്തു ചെയ്യും?

വഴിയേതെന്നു നിശ്ചയമില്ല- വഴി എങ്ങിനെയും തേടിപ്പിടിച്ച്പോകാം- യാത്രയ്ക്ക് കുതിരകൾ വേണം- വാങ്ങാൻ പണമെവിടെ? വഴിച്ചിലവിനുപോലും പണമില്ല........പിന്നെങ്ങിനെ...?

**ദൃശ്യം – 4**

(രംഗം തെളിയുമ്പോൾ തളർന്നിരിക്കുന്ന ആർത്തബാൻ- ഭൃത്യൻ അടുത്തേയ്ക്കു വരുന്നു.)

ഭൃത്യൻ : പ്രഭോ - അങ്ങയുടെ ദുഖം എനിക്കറിയാം. ലോക നാഥനു കാഴ്ചവെയ്ക്കുവാൻ- രത്നങ്ങൾ വാങ്ങാനായി അങ്ങയുടെ സർവ്വസ്വവും - വിറ്റുകളഞ്ഞതും എനിക്കറിയാം- പക്ഷേ ഇങ്ങിനെ ഇരുന്നിട്ട് എന്ത് കാര്യം...

ആർത്തബാൻ : ഞാനെന്താണിനി ചെയ്യുക- ഇപ്പോൾത്തന്നെ വൈകി- കുതിരകളെ വാങ്ങുവാനും പണമില്ല.

ഭൃത്യൻ : ഞാനെന്തു പറയാൻ - ആഹാരവും വസ്ത്രവുമെല്ലാം അങ്ങാണുതരുന്നത്- എനിക്ക് അങ്ങയെ സഹായിക്കാൻ കഴിയുന്നില്ലല്ലോ?

ആർത്തബാൻ : (നിരാശയോടെ) രാജാധിരാജനായി പിറക്കുന്ന രക്ഷകന് കാഴ്ചവെയ്ക്കാനായി എന്റെ സർവ്വസ്വവും വിറ്റ് വാങ്ങിയ മൂന്നു രത്നങ്ങളല്ലാതെ- എന്റെ പക്കൽ ഒന്നുമില്ല.

ഭൃത്യൻ : (ആലോചിച്ചിട്ട്) അവിവേകമാണെങ്കിൽ പൊറുക്കണെ! എനിക്കൊരാശയം തോന്നുന്നു- ഞാൻ പറയട്ടെ!

ആർത്തബാൻ : വേഗം പറയൂ

ഭൃത്യൻ : അങ്ങയുടെ പക്കലുള്ള മൂന്നു രത്നങ്ങളിലൊന്നൂ വിറ്റിട്ട് കുതിരകളെ വാങ്ങിയാലോ?

ആർത്തബാൻ : ( രണ്ടു ചെവിയും പൊത്തിയിട്ട്) ആ കാൽക്കൽ വെച്ചു വണങ്ങുവാനുള്ള രത്നം വില്ക്കുകയോ? അതിലും ഭേദം മരിക്കുകയല്ലേ....?

ഭൃത്യൻ : മരിക്കുന്നതുകൊണ്ട് എന്തു പ്രയോജനം - അങ്ങ് തക്ക സമയതത് അവിടെ എത്തുന്നില്ലെങ്കിൽ ഈ രത്നങ്ങൾകൊണ്ട് എന്തു പ്രയോജനം- ഒരു രത്നം നഷ്ടപ്പെടുത്തിയിട്ടെങ്കിലും അവിടെ എത്തുന്നതല്ലേ നല്ലത്- പ്രഭോ- അതേയുള്ളൂ വഴി- അതുമാത്രം

ആർത്തബാൻ : (ആകെ തളർന്നു) ദൈവമേ ഇതെന്തു പരീക്ഷണമാണ്

ഭൃത്യൻ : അങ്ങു വെറുതെ മനസ്സിനെ ഭാരപ്പെടുത്തരുത്- ഇതല്ലാതെ മറ്റൊരു വഴിയുമില്ല- യാത്രയെക്കുറിച്ച് മാത്രം ചിന്തിക്കുക- തയ്യാറാവുക - നമുക്ക് പുറപ്പെടാം.

ആർത്തബാൻ : (ഒരുത്തരത്തിനെന്നവണ്ണം - മുട്ടുകുത്തി - കൈകളുയർത്തി നിശബ്ദമായി പ്രാർത്ഥിക്കുന്നു- ഭൃത്യനും അതിൽ പങ്കുചേരുന്നു. രംഗം ഇരുളുന്നു

*(തുടരും)*

# ക്രിസ്മസ് ചിന്തകൾ

റവ. ഐസക് മാത്യു, ഗുരുകുലം

**ദൂതൻ അവരോട് : ഭയപ്പെടേണ്ട സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. – വി. ലൂക്കോ. 2:10**

എന്നും നിലനിൽക്കുന്ന സ്വർഗ്ഗീയ സന്തോഷത്തിന്റെയും അതിരുകളില്ലാത്ത സ്നേഹത്തിന്റെയും ആഘോഷമാണ് ക്രിസ്മസ്. ദൈവത്തിന്റെ ഏകപുത്രനും സർവ്വ ലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യ ദൈവവും ജനിച്ചവനും ....യല്ലാത്തവനും തത്വത്തിൽ പിതാവിനോട് ഏകത്വമുള്ളവനുമായ ക്രിസ്തു മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായാൽ കന്യക മറിയാമിൽ നിന്നും ജന്മം ധരിച്ച് മനുഷ്യനായിത്തീർന്ന വിശേഷ സംഭവമാണ് ക്രിസ്മസ്. ക്രിസ്മസ് നമുക്കു നൽകുന്ന സന്ദേശമെന്താണ്?

**1. ക്രിസ്മസ്** : **(ഇമ്മാനുവൽ) ദൈവം നമ്മോടുകൂടെ (മത്താ.1:22)**

ദൈവം മനുഷ്യനായി പരിമിതപ്പെട്ട് മനുഷ്യരോടൊത്ത് മനുഷ്യനായി തീർന്നതിന്റെ ആഘോഷമാണ് ക്രിസ്മസ്. 'നിന്റെ ദൈവം എവിടെ' എന്നത് ലോകത്തിന്റെ ചോദ്യമാണ്. ദൈവം ഇതാ നമ്മോടു കൂടെ എന്നത് സ്വർഗ്ഗം നൽകുന്ന ഉത്തരമാണ്. ക്രമരാഹിത്യം സംഭവിച്ച ലോകത്തെ ക്രമപ്പെടുത്തുന്ന ദൈവീക ശുശ്രൂഷ ക്രിസ്മസിൽ സംഭവിക്കുന്നു. വചനത്തിലൂടെ ഉരുവായ ലോകത്തിലേക്ക് വചനം ജഡമായി കടന്നു വരുന്നു. സ്രഷ്ടാവ് സൃഷ്ടിയായി പരിണമിക്കുന്നു എന്നാണർത്ഥം.

**2. ക്രിസ്മസ്** : **അനുസരണത്തിന്റെ ആഘോഷം. (ലൂക്കോ.1:38)**

ദൈവത്തിന്റെ കൽപനയ്ക്ക് വിധേയപ്പെടുന്ന മറിയം അനുസരണത്തിന്റെ ഉത്തമ മാതൃകയാണ്. മറിയത്തിന്റെ അനുസരണം സ്വർഗ്ഗത്തിന്റെ ഇഷ്ടം സഫലമാക്കി. ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്നു വിധേയപ്പെടുന്നവൾ.

പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ സ്വർഗ്ഗത്തിന്റെ സമൃദ്ധി വെടിഞ്ഞ് കഷ്ടതയേൽക്കാനെത്തുന്ന ക്രിസ്തു അനുസരണത്തിന്റെ മറ്റൊരു മാതൃകയാണ്.

**3. ക്രിസ്മസ്** : **പങ്കിടീലിന്റെ ആഘോഷം. (ലൂക്കോ. 2:7)**

ക്രിസ്മസിലെ വേദന രക്ഷകനു ജനിക്കാൻ ഒരു നല്ല ഇടം ഒരു ക്കാൻ മനുഷ്യർക്കായില്ലല്ലോ എന്നാതാണ്. സൃഷ്ടികൾക്കായി തന്റെ ഇടം നഷ്ടപ്പെടുത്തിയവർ നമ്മെ ചോദ്യം ചെയ്യുന്നു. ഒരു പങ്കിടീലിനു നാം തയ്യാറാണോ? ഇവിടെ സ്ഥലം ഇല്ല. പൊയ്ക്കോൾക എന്നു പറയുന്നതല്ല മറിച്ച്, വരിക നമുക്ക് ഒന്നിച്ച് പാർക്കാം എന്നു പറയുന്നിടത്താണ് ക്രിസ്മസ് യാഥാർത്ഥ്യമാകുന്നത്.

പ്രാർത്ഥന : ദൈവമേ നിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് ജീവിക്കാനും അനുസരണത്തിന്റേയും പങ്കിടീലിന്റെയും നല്ല മാതൃക പിന്തുടരാനും ഈ ക്രിസ്മസ് കാലത്ത് ഞങ്ങളെ പഠിപ്പിക്കേണമേ. ആമേൻ.


## സമർപ്പിതരുടെ പരിശീലന കളരി

2011 ഒക്ടോബർ മാസം 5, 6 – തീയതികളിൽ പുനലൂർ മാർത്തോമാ ദയറായ സമൂഹത്തിൽ വച്ച് സുവിശേഷ വേലയ്ക്ക് സമർപ്പിച്ചവർക്കുവേണ്ടി, കൗൺസിലിംഗ്, വേദപുസ്തക പഠനം, ധ്യാനം, മിഷൻ ഫീൽഡ് സന്ദർശനം നടത്തുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മാർത്തോമാ ദയറായ സമൂഹവുമായി ബന്ധപ്പെടുക.

**മാർത്തോമ്മാ ദയറായ സമൂഹം**

**പ്ലാച്ചേരി പി.ഒ, പുനലൂർ**

**ഫോൺ : 0475 – 2222281, 952626010**

## അവർഡ് ലഭിച്ചു.



തുരുത്തിക്കര ഇമ്മാനുവൽ മാർത്തോമാ ഇടവകാംഗമായ ശ്രീ. ജോയി ജോൺ തുരുത്തിക്കര, ഏഷ്യാ-പെസഫിക് എക്സലൻസ് അവാർഡിന് അർഹനായി ജെ & എ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാനും സാമൂഹിക പ്രവർത്തകനും ഭാരതീയ പ്രവാസി കോൺഗ്രസ് പ്രസിഡന്റുമാണ്. ശ്രീ. ജോയി ജോൺ.

**റവ. മാത്യൂസ് മാത്തുണ്ണി** (വികാരി)



കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എ സൈക്കോളജിയിൽ രണ്ടാം റാങ്ക് നേടിയ സിജിൻ കെ. എസ്, തലവൂർ നടുത്തേരി മാർത്തോമാ ഇടവകാംഗവും, കൃപാലയത്തിൽ കെ. കെ. സോമന്റെയും സാറാമ്മ ജോസഫിന്റെയും മകനുമാണ്. തലവൂർ സെന്റർ യുവജന സഖ്യം സെക്രട്ടറിയുമാണ്.

**റവ. തോമസ് . സി. ഉമ്മൻ** (വികാരി)

## തൽ മീദൂസോ

മാർത്തോമാ ദയറായുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ഡോക്യുമെന്ററി സീഡി-'തൽമീദൂസോ' (Discipleship) പുറത്തിറങ്ങി. ദയറാ സമൂഹത്തിന്റെ പ്രസിഡന്റ് അഭിവന്ദ്യ ജോസഫ് മാർ ബർണബാസ് എപ്പിസ്കോപ്പ, നവ എപ്പിസ്കോപ്പ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസിനു നൽകി പ്രകാശനം നിർവ്വഹിച്ചു.

## ദൈവാലയ പുനഃപ്രതിഷ്ഠ

പുനലൂർ സെന്ററിൽ ഉൾപ്പെട്ട പുതുക്കാട് ബഥേൽ മാർത്തോമാ ഇടവകയുടെ പുനരുദ്ധരിച്ച ദൈവാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ 2011 ആഗസ്റ്റ് 14-ാം തീയതി അടൂർ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. **റവ.പി.ഫിലിപ്പ്** (വികാരി)

## എപ്പിസ്കോപ്പൽ സ്വീകരണം

മലങ്കര മാർത്തോമാ സുറിയാനി സഭയിലെ നവാഭിഷിക്തനായ എപ്പിസ്കോപ്പ അഭിവന്ദ്യ ഡോ. തോമസ്മാർ തീത്തോസ് തിരുമേനിക്ക് മാതൃ ഇടവകയായ കണ്ണംകോട് മാർത്തോമാ പള്ളിയിൽ സ്വീകരണം നൽകി. നവ എപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ നടന്ന വിശുദ്ധകുർബ്ബാന ശുശ്രൂഷയിൽ അടൂർ ഭദ്രാസന എപ്പിസ്കോപ്പ അഭിവന്ദ്യ ജോസഫ്മാർ ബർന്നബാസ് തിരുമേനി സന്നിഹിതനായിരുന്നു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ബഹു കേരളാ റവന്യൂ മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അഭിവന്ദ്യ സഖറിയാസ് മാർ അപ്രേം മെത്രാപ്പൊലീത്താ, ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം. പി, ഡോ. പി.ജെ.അലക്സാണ്ടർ ഐ. പി. എസ്, ശ്രീ. ഉമ്മൻ തോമസ്, സഭാ ട്രസ്റ്റി, ഭദ്രാസന സെക്രട്ടറി, സഭാ-സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ എന്നിവർ പങ്കെടുത്തു. **റവ. ഷോജി വർഗ്ഗീസ്** (വികാരി)

## ബാലസമാജം – മണ്ണടി

മണ്ണടി മാർത്തോമ്മാ ബാലസമാജത്തിന്റെ ഒരു മീറ്റിംഗ് ആഗസ്റ്റ് 28-ാം തീയതി ഞായറാഴ്ച വി. കുർബ്ബാനയ്ക്കുശേഷം പത്തനാപുരം ആശാഭവനിലെ കുട്ടികളോടൊപ്പം നടത്തുകയുണ്ടായി. ആശാഭവനിലെ 72 കുട്ടികളും, സ്റ്റാഫും, ഡയറക്ടർ അച്ചനും കുടുംബവും വി. കുർബ്ബാനയിലും ബാലസമാജം പ്രോഗ്രാമിലും പങ്കെടുത്തു. മണ്ണടി ബാലസമാജം അംഗങ്ങൾ സ്നേഹത്തിന്റെ പൂച്ചെണ്ടുകൾ നൽകി ആശാഭവനിലെ കൂട്ടുകാരെയും അച്ചനെയും കുടുംബത്തെയും സ്വീകരിച്ചു. തുടർന്ന് വികാരി റവ. ജോൺസൺ സാമുവേൽ ആശാഭവനിലെ കുട്ടികൾക്ക് ഇടവകയുടെ സ്നേഹോപഹാരം നൽകി. ഇടവകജനങ്ങളും ഈ മീറ്റിംഗിൽ പങ്കെടുത്തു. ഏവർക്കും സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു.

**റിജോ**, ബാലസമാജം സെക്രട്ടറി

## ഭദ്രാസന സംഘടനാ സെക്രട്ടറിമാർ



**ശ്രീ. പി. എൻ. മാത്യു**
എം. റ്റി. ഡി. എസ്



**ശ്രീ. സി. ഡാനിയേൽ**
വികസന സംഘം



**ശ്രീ. വർഗ്ഗീസ് ജോൺ**
സന്നദ്ധം



**ശ്രീ.ഷിബിൻ ശിശുമണി**
യുവജന സഖ്യം



**ശ്രീമതി മേരിക്കുട്ടി ഉമ്മൻ**
സേവികാസംഘം

## മാർത്തോമ്മാ യുവജനസഖ്യം പ്രതിനിധി സമ്മേളനം

മാർത്തോമ്മാ യുവജനസഖ്യം അടൂർ ഭദ്രാസനത്തിന്റെ 30-ാമത് വാർഷിക പ്രതിനിധി സമ്മേളനം 2011 ആഗസ്റ്റ് മാസം 27-ാം തീയതി രാവിലെ 10.30ന് അടൂർ ഈശോമാർ തീമൊഥെയോസ് ധ്യാന കേന്ദ്രത്തിൽ വച്ച് യുവജനസഖ്യം പ്രസിഡന്റ് നി.വ.ദി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനിയുടെ മഹനീയ അധ്യക്ഷതയിൽ കൂടി. സെക്രട്ടറി ജെറിൻ റ്റി. സാം സ്വാഗതം ആശംസിച്ചു തേവലക്കര, പന്തളം സെന്ററുകളുടെ നേതൃത്വത്തിൽ ആരാധന നടത്തപ്പെട്ടു. തുടർന്നു, 2010-11 വർഷത്തെ റിപ്പോർട്ട്, കണക്ക്, 2011-12 വർഷത്തെ ബഡ്ജറ്റ് എന്നിവ യോഗം പാസ്സാക്കി. നേത്രദാനം, ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾ, ലഹരി വിമുക്ത ചികിത്സാ സഹായം, ബൈബിൾ ഫോർ ആൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. **ഷിബിൻ ശിരുമണി**, സെക്രട്ടറി

## അടൂർ ഭദ്രാസന വികസന സംഘം

വികസന സംഘത്തിന്റെ വാർഷിക പൊതുയോഗം 2011 ജൂലൈ 30-ാം തീയതി അടൂർ ധ്യാനകേന്ദ്രത്തിൻ വച്ച് നടത്തപ്പെട്ടു. ഭദ്രാസന എപ്പിസ്കോപ്പ അദ്ധ്യക്ഷനായിരുന്നു. ഒക്ടോബർ 23 മുതൽ 30 വരെ വികസനവാരമായി ആചരിക്കുന്നതിനും സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്നവർക്കായി ആടു വിതരണം നടത്തുന്നതിനും തീരുമാനിച്ചു. 2011-14ലേക്ക് തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു.

**വൈസ് പ്രിഡന്റ്** : റവ.എം.ഇ. ഷാജി, 9447906768
**സെക്രട്ടറി** : സി. ഡാനിയേൽ, 8547482242
**ട്രഷറർ** : കെ. സി. വർഗ്ഗീസ് വൈദ്യൻ, 9544180227

**കമ്മിറ്റി അംഗങ്ങൾ**

1. ചാക്കോമാത്യു (പുതുവൽ പത്തനാപുരം
2. ഡി. കെ. യേശുദാസൻ (കാപ്പിൽ സെന്റ് തോമസ്)
3. അഡ്വ.പി.കെ.സക്കറിയ, കായംകുളം സെന്റർ
4 റ്റി. തങ്കച്ചൻ- തഴവ, തേവലക്കര
5. ജോസഫ് വർഗ്ഗീസ്- തഴവ
6. ആനി മാത്യു, കടമ്പനാട് ഇമ്മാനുവൽ
7. ജെ. പി. ജോർജ്, കായംകുളം ശാലേം
8. സാമുവേൽ. സി. ജോൺ, കണ്ണങ്കോട് സെന്റർ

## അടൂർ ഭദ്രാസന സുവിശേഷ സേവികാസംഘം

അടൂർ ഭദ്രാസന സുവിശേഷ സേവികാസംഘത്തിന്റെ 30-ാമത് വാർഷിക യോഗവും പ്രതിനിധി സമ്മേളനവും 2011 ജൂലൈ മാസം 29-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30 ന് അടൂർ കൺവൻഷൻ നഗറിൽ വച്ച് അഭിവന്ദ്യ റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ നടന്നു. വെരി. റവ. ഡോ. പി.പി. ഏബ്രഹാം, റവ. അലക്സാണ്ടർ തോമസ് ഭദ്രാസന സേവികാസംഘം വൈസ് പ്രസിഡന്റ് റവ. തോമസ് വർഗ്ഗീസ്, റവ. റോയി മാത്യു ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട അച്ചന്മാർ, സേവികാസംഘം പ്രവർത്തകർ എന്നിവർ പങ്കെടുത്തു. ശ്രീമതി നാൻസി മാത്യു വിശിഷ്ടാതിഥിയായിരുന്നു. 2011-2014 വരെയുള്ള സേവികാസംഘം ഭാരവാഹികളെ തെരഞ്ഞെടുത്തു.

**വൈസ് പ്രസിഡന്റുമാർ** : റവ. തോമസ് വർഗ്ഗീസ്
ഫോൺ : 04734-252411
ശ്രീമതി സിസി ജോർജ്ജ്, ഫോൺ : 0479-2332607
**സെക്രട്ടറി** : ശ്രീമതി മേരിക്കുട്ടി ഉമ്മൻ
ഫോൺ : 04734-225704
**ട്രഷറർ** : ശ്രീമതി സുമാ ജോർജ്ജ്
ഫോൺ : 04734- 259383

## മാർത്തോമ്മാ സന്നദ്ധസുവിശേഷക സംഘം അടൂർ ഭദ്രാസനം

അടൂർ ഭദ്രാസന സന്നദ്ധസുവിശേഷക സംഘം വാർഷിക പൊതുയോഗം 2011 ജൂൺ 17 വെള്ളിയാഴ്ച പകൽ 11.30 ന് അടൂർ കൺവൻഷൻ നഗറിൽ നടന്നു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ 2010-11 ലെ റിപ്പോർട്ട്, ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്ക്, ബഡ്ജറ്റ് എന്നിവ ചർച്ച ചെയ്ത് പാസാക്കി, തുടർന്ന് 2011-2014 വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു.

**വൈസ് പ്രസിഡന്റുമാർ** :
റവ. ഡി. ഐപ്പ്, ശൂരനാട് : 9605812447
ശ്രീ. വർഗ്ഗീസ് വൈദ്യൻ, തേവലക്കര : 9544180227
**സെക്രട്ടറി** :ശ്രീ. വർഗ്ഗീസ് ജോൺ, 9447861487
**ട്രസ്റ്റി** : ശ്രീ. എം. ഏബ്രഹാം, : 9747775919



**അയാമിൻ യു**

# പെരിയവരുടെ ലോകം

ഭാരതത്തിന്റെ ഭരണചക്രത്തെ പിടിച്ചു കുലുക്കി ആധുനിക ഗാന്ധിയുടെ സമരോത്സവം സമാപ്തിയായി. അഴിമതിയുടെ മുഖം കീറി ശുഭകാലം തെളിക്കാൻ ലോക്പാൽ ബില്ലുകൾ സമ്മതിക്കപ്പെട്ടു. മാധ്യമങ്ങൾക്ക് സമരമൊരു ചാകരയായി. കുട്ടിയുടുപ്പിട്ട മൾട്ടിനാഷണൽ ബ്രാൻഡഡ് യുവത്വം തെരുവുകളിൽ സ്വാതന്ത്ര്യത്തിനായി ദാഹിച്ചു. ദാരിദ്ര്യമനുഭവിക്കുന്നവർക്കായി ഭജനപാടി ഭാരതത്തെ അവർ ആനന്ദത്തിലാറാടിച്ചു. അങ്ങനെ സ്വാതന്ത്ര്യ സമരത്തിന്റെ പുനരവതാരം ചരിത്രത്തിന്റെ ഭാഗമായി. ആഘോഷ സമരത്തിന്റെ വെടിക്കെട്ടും ദീപക്കാഴ്ചയും കഴിഞ്ഞപ്പോൾ അന്തരീക്ഷം നിറഞ്ഞു നിന്ന പല കുംഭകോണങ്ങളും അഴിമതിക്കഥകളും കോടികളുടെ കണക്കുകളും നിത്യ വിശ്രമംകൊണ്ടു. ഭരണ ചക്രത്തെ പിടിച്ചുകുലുക്കി രക്ഷിച്ചെടുത്ത ആധുനിക ഗാന്ധിക്ക് സ്വസ്ഥി. ആ തിരയിളക്കത്തിൽ ഭാരതം ഹരം കൊണ്ടു നിന്നപ്പോൾ മണിപ്പൂർ ജനതയുടെ ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി 11 വർഷമായി നിരാഹാര സമരം നടത്തുന്ന ഇറം ഷാർമിള ഷാനുവിന്റെ ജീവൻ നിലനിർത്തുവാൻ ദ്രവഭക്ഷണം ട്യൂബിലൂടെ നിർബന്ധിച്ചു നൽകുകയായിരുന്നു. മണിപ്പൂരിലെ സ്ത്രീകളുടെ മാനം കാക്കണമെന്ന ആവശ്യവുമായി സമരം നടത്തിയ സ്ത്രീകൾ അവരുടെ ഉടുവസ്ത്രം കൂടെ പറിച്ചെറിഞ്ഞ് പ്രതിഷേധിച്ചത്, അവർക്ക് നഷ്ടപ്പെടാൻ ഇനിയൊന്നുമില്ലെന്ന് ലോകത്തോടു പറയാനാനാണ്, പക്ഷേ തിളങ്ങുന്ന ഇന്ത്യ വിശ്വസുന്ദരിമാരെ അണിയിച്ചൊരുക്കുന്ന തിരക്കിലും. ദൈവം സ്ഥാപിച്ച കുടുംബങ്ങൾ തോക്കിൻ മുനകളിൽ ചതഞ്ഞും തകർന്നും പോകുമ്പോൾ, ഷർമ്മിളാ, നിന്റെ മുഖത്ത് എന്റെ ക്രിസ്തുവിനെ കാണാനെനിക്കായില്ലല്ലോ!

സ്വാതന്ത്ര്യ സമരങ്ങളും ശുദ്ധീകരണമഹാസമ്മേളനങ്ങൾക്കുമപ്പുറം സഭ! നാമിവിടെ തെരഞ്ഞെടുപ്പ് മഹോത്സവത്തിൽ സഭാ - സംഘ - സംഘടനാ തെരഞ്ഞെടുപ്പുകളുടെ ഘോഷയാത്ര. ഇതാരുടെ വിമോനത്തിനായിരുന്നു. സ്ഥാനാർത്ഥികൾ മാറിമാറിയണിഞ്ഞ വേഷങ്ങളുമായി നെട്ടോട്ടമോടിയത് ആർക്കായാണ് ?ഓണവാരവേലയിലെ സുവിശേഷ ലഘുലേഖകൾ പുരാവസ്തുക്കളായപ്പോൾ പുതുമയുടെ മുഖവും പരദൂഷണത്തിന്റെ എരിവുമായി ലഘുലേഖകൾ പാറിനടന്നത് എന്തിനായിട്ടാണ്? നവീകരണ കാഹളം കേട്ട് ഉണർന്നുവന്ന നമ്മൾ എങ്ങനെ തൊമ്മനും മാമ്മനുമൊക്കെയായി പിരിഞ്ഞു! മാർത്തോമ്യരും മാമ്മോന്യരുമായി പഴിചാരി പിരിഞ്ഞതെന്തിന്? പ്രത്യുപകാരപൂജനടത്തുന്ന വിജയികളും, പരാതിപ്പെട്ടിതേടിയലഞ്ഞ പരാജിതരും സഭയുടെ നന്മക്കായി യത്നിക്കേണ്ടവർ തന്നെയല്ലേ? വിപ്ലവത്തിന്റെയും സമരത്തിന്റെയും തെരഞ്ഞെടുപ്പിന്റെയും മഹോത്സവ പരിസമാപ്തിയിൽ നാം കാണുന്നതെന്താണ്? പതിവുമുഖങ്ങൾ പുതിയ ചിരികളുമായി പലയിടങ്ങളിൽ ചിരിച്ചിരിക്കുന്നു, കരയുന്നത് ക്രിസ്തു മാത്രം.

ഇനി അധികാരപ്പെട്ടവരും അധഃപതിക്കപ്പെട്ടവരും അടിച്ചമർത്തിയവരും അവഹേളിക്കപ്പെട്ടവരും കാവലാളും കാഴ്ചക്കാരും ഇരുന്നവരും മറന്നവരും വലവിരിച്ചവരും വീണവരും ഒരുമിച്ചു പാടുക

"എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ചക്കുമായി".